The manuscript magazine of the forum, 'The Student World' brought to light many artists and writers in the green leaf. Our heartiest congratulations to the editor Miss Rebecca Thomas and all others who rendered their help.

We held competitions in music and elocution. Mr. Somanath, B. was adjusted best and Miss Rebecca Thomas second in music competition, while Mr. Radhakrishnan won the first place in the English and Malayalam elocution competition and Messrs. Johnson David and Venugopal, M. attained the second places respectively.

A study tour was arranged to the factories in the suburbs and spent that evening at Cochin Beach. We had a very nice time and the tour enriched our knowledge in the rapid development of India's industries.

During the Pooja holidays, Forum arranged an excursion to Madras and Mahabalipuram; a place of very great historic importance. The sweet memories of the trip are sure to remain evergreen in the minds of the members of the excursion party.

The Pre-degree Forum can be really proud of 1967—68 as a glorious year of very useful activities. The willing and whole-hearted co-operation of the members has been largely responsible for the magnificent achievements of the Forum. My heartiest thanks to them all. To Mr. E. N. Nambiar, the President of the Forum, who has been the guiding spirit behind our activities, we owe much. We sincerely wish the Pre-degree Forum every success and glory in the years to come.

SAGAR THOMAS
*(Secretary)*

# COLLEGE DAY (Feb. 23, 1968)

## Welcome Speech

BY THE PRINCIPAL

*Your Lordship Justice Isaac, Rev. Sr. Digna, Mr. Mathunny, Rev. Fathers, Ladies and Gentlemen:*

It is with mingled feelings of gratitude and joy that I stand here to welcome you all to the 48th College Day of the Union Christian College. As years roll by and College Days succeed one after another there can be a tendency to take them too much for granted and to regard them as a matter of course. But considering the varied activities of the college—its joys and sorrows, times of turmoil and quiet success, its academic and social achievements and failures—one realises how the College Day every year is an exciting event—a consummation and a spearhead of the varied activities of the different units that constitute the college community. It is therefore a pleasure and a privilege to welcome our friends, well-wishers and old students on such an occasion.

The President of this meeting Justice M. U. Isaac of the High Court of Kerala is one of our distinguished alumni. He was a student of this college from 1930-'32. It was with the freedom that we could take with an old student that we approached him at an admittedly late hour with the request to preside over this function. With the same freedom he told us frankly of some of his difficulties in coming at such short notice. But loyalty to his *alma mater*, friendship and generosity gained the upper hand over formal proprieties and personal inconveniences, and he is with us today. As an eminent Justice of the Supreme Judiciary of our state and more than that, as an outstanding alumnus of our college I welcome Your Lordship to this function.

Rev. Sr. Digna is a great friend of our college. As Principal of one of the best Women's colleges in South India she is well known in all educational circles of our country. Whenever I listen to her in educational conferences or Senate meetings I confess I feel a bit envious of one of the other sex speaking so clearly and forcefully. I am particularly happy that she is with us for this year's College Day, because this year the Silver Jubilee of her joining the Sisterhood and her Principalship is being celebrated. We rejoice with her on all that she has done and meant for generations of students in her College and to the academic world. We welcome you Sr. Digna most cordially to this meeting.

Mr. C. I. Mathunny, Business Manager of the Alwaye Settlement who led the Thanksgiving Service this morning is another distinguished Old Student of our College. The Alwaye Settlement is a daughter institution of this College in that it was started by some of the staff and students of this college. We are happy that Mr. Mathunny is with us this evening and I accord a hearty welcome to him.

I welcome most heartily our many friends and Old Students, the Rector and the Rev. Fathers from the Apostolic Seminary and other institutions, Mrs. Mathunny, our students, staff, their families and all others who have kindly come to grace this occasion with their presence.

Thank you.

# COLLEGE DAY (FEBRUARY 23, 1968)

# Principal's Report

I have great pleasure in presenting you with this report of the general life and work in this college during 1967—'68. The college Day was celebrated last year on February 10, 1967. The Rev. Michael John, an Old Student of the College led the morning worship. The Public meeting was presided over by Mr. V. M. Ittyerah who was one of the founders of this college, and the Speaker was Principal M. P. Manmadhan, another Old student.

## Examination Results and Academic Records

Results of the University Examinations: March—April 1967.

| | No. appeared for the exam. | No. passed I | II | III | Total | Percentage |
|---|---|---|---|---|---|---|
| **1.** *Pre-Degree Course* | | | | | | |
| Group I | 76 | 8 | 25 | 32 | 65 | 85·5% |
| Group II | 67 | 5 | 30 | 28 | 63 | 94% |
| Group III | 49 | 0 | 2 | 27 | 29 | 59·2% |
| **2.** *First year of the (3 year) B. Sc. Special (Part I English) Examination* | 54 | 0 | 12 | 41 | 53 | 98·2% |
| **3.** *Final year of the (3 year) Degree Course :—* | | | | | | |
| B. A. Degree Examination | | | | | | |
| Part IV Economics | 36 | 0 | 3 | 24 | 27 | 75% |
| Part IV Philosophy | 6 | 0 | 1 | 5 | 6 | 100% |
| B. Sc. Degree Examination | | | | | | |
| Part IV Mathematics | 33 | 3 | 2 | 9 | 14 | 42·7% |
| Part IV Physics | 31 | 4 | 12 | 6 | 22 | 70·9% |
| Part IV Chemistry | 36 | 6 | 17 | 10 | 33 | 91·7% |
| **4.** *M. Sc. Degree Examination :—* | | | | | | |
| Mathematics – Previous | 13 | – | – | – | 9 | 69·2% |
| Final | 9 | 3 | 2 | 3 | 8 | 88·8% |
| Physics – Previous | 23 | – | – | – | 23 | 100% |
| Final | 22 | 11 | 10 | 1 | 22 | 100% |
| Botany – Previous | 8 | – | – | – | 8 | 100% |
| Final | 8 | 2 | 6 | 0 | 8 | 100% |
| **5.** *M. A. Degree Examination :—* | | | | | | |
| History | 8 | 0 | 7 | 1 | 8 | 100% |

Of these, the results of M. A. History (Final), M. Sc. Mathematics (Final) M. Sc. Botany (Final) were of the first batch of students.

*Results of the College Annual Examinations :—*

All the students of the Junior classes (Jr. Pre-Degree, class I and M. A. Previous) except 27 students from Jr. Pre-Degree Class and 6 from Class I (Degree course) were promoted to the higher classes.

**Strength of the College**

| | | *Men* | *Women* | *Total* |
|---|---|---|---|---|
| Pre-Degree | (Junior) | 172 | 82 | 254 |
| do. | (Senior) | 184 | 99 | 283 |
| Class I | (all groups) | 132 | 136 | 268 |
| Class II | ( do. ) | 92 | 104 | 196 |
| M. A. History | (Previous) | 5 | 6 | 11 |
| do. | (Final) | 7 | 7 | 14 |
| M. Sc. Mathematics | (Previous) | 5 | 10 | 15 |
| do. | (Final) | 6 | 7 | 13 |
| M Sc. Physics | (Previous) | 9 | 3 | 12 |
| do. | (Final) | 6 | 5 | 11 |
| M. Sc. Botany | (Previous) | 2 | 6 | 8 |
| do. | (Final) | 4 | 4 | 8 |
| Research in Psychology | | | 1 | 1 |
| | TOTAL | 624 | 470 | 1094 |

**Scholarships**

The following scholarships have been received by our students this year :—

*National Scholarship :—*

| | |
|---|---|
| Pre-Degree 1st year | : 3 |
| do 2nd year | : 9 |
| B. A./B. Sc. 1st year | : 2 |

*National Loan Scholarship :—*

| | |
|---|---|
| Pre-Degree 1st year | : 12 |
| do. 2nd year | : 15 |
| B. A./B. Sc. 1st year | : 10 |
| do. 2nd year | : 17 |
| M. A./M. Sc. 1st year | : 7 |
| do. 2nd year | : 1 |

*National Merit Scholarship to Teachers' Children :—*

| | |
|---|---|
| Pre-Degree 2nd year | : 1 |
| B. A./B. Sc. 2nd year | : 1 |

*National Science Talent Scholarship :—*

| | |
|---|---|
| B. Sc. 2nd year | : 2 |

*Sports Scholarship* :—

| | | |
|---|---|---|
| Pre-Degree 2nd year | : 1 | |

*University Merit Scholarship* :—

| | | |
|---|---|---|
| Pre-Degree 1st year | : 3 | |
| do. 2nd year | : 1 | |
| B. A./B. Sc. 1st year | : 5 | |
| do. 2nd year | : 4 | |
| Chechamma Memorial Scholarship | : 5 | |
| Boobilee Scholarship | : 1 | (Senior Pre-Degree) |
| College Co-operative Society Scholarship | : 1 | (Junior Pre-Degree) |
| Rotary Club Scholarship (awarded by the Rotary Club, Alwaye) | : 1 | (Junior Pre-Degree) |

In addition to the above scholarships 65 students have been awarded financial assistance from the students Aid Fund for this year.

## Staff

The strength of the teaching staff at present is 60. There have been some changes in the various departments among the teaching staff early this year. We thank all those friends who loyally served the college and left us at the end of the last academic year.

I must mention the name of Sri. C. P. Andrews who retired at the end of last year after serving the college for 38 long years. Mr. Andrews has served the college on the staff of the Biology department and also for a long period as lecturer in Physical education. By his unstinted love of sports and games he has brought unprecedented prestige to the faculty of Physical Education in the state. We wish Mr. Andrews and his family all the best in the years to come. Some of the friends and students of Mr. Andrews have donated for a stadium comprising a basket ball court and a tennis court in his honour.

Mr. K. Govindankutty Menon who was on study leave has rejoined duty as lecturer in Physics in October 1967. Mr. M. V. Kurien (Economics) Mr. Abraham Philip (Chemistry), Rev. Fr. K. P. George (Physics) are away in the U. S. A. doing work in their respective fields. This year Dr. P. M. Mathai has gone to Toronto as a post-doctoral research scholar. He is granted study leave for 1 year. Dr. Mathai's family also is with him. Mr. K. M. Koshy (Chemistry) is away on study leave at Alberta in Canada.

According to the constitution of the college the Board of visitors appointed Mr. C. T. Benjamin as Principal at the beginning of this academic year in place of Dr. P. M. Mathai who had completed 5 years as Principal.

The college is proud of its fine team of teaching staff. Over and above competence and sincerity in their work they have been able to evince a unity of purpose and an exalted sense of vocation in their profession during the many occasions of upheavals among students and teachers of colleges in Kerala during this year. I am glad to state that the students and the non-teaching staff of the

college by and large have also shown a sense of responsibility and loyalty to their work and the college during this year. Such a development of the right attitudes, we consider, is at least a partial fulfilment of the purpose for which this college was started.

During the last Mid Summer vacation Mr. T. K. Avirah, Lecturer in Physics attended the Summer Institute in Physics at the University centre for Physics, Ernakulam, Dr. C. V. Thampi, Lecturer in Botany attended the Summer Institute at Trivandrum.

## National Cadet Corps

The programmes of National Cadet Corps began early in the year with the enrolement of cadets. Five hundred and three cadets were enrolled in July and regular Training classes began before the end of July.

N. C. C. Day celebrations were held in the College on November 20th, 1967. The Principal hoisted the flag and took salute at the March past by the cadets under our 20 Kerala Bn., Alwaye. Demonstrations in platoon attack and Ambush were the highlights of the day.

## General Life of the College

In spite of some upsettings in the academic life of Kerala, we had on the whole a comparatively quiet academic life. The College Union, The Pre-Degree Forum and the various Associations of the College were all very co-operative in the general life and work of the college.

The Staff and Students have been regularly participating in the religious life of the college. All the students attend one or the other of Scripture, Moral Instruction and Christian Instruction classes which are conducted by members of the staff, christian and non-christian. Regular services and prayers are held in the college Chapel and in the Hostels.

Life in the 2 Women's Hostels and the 5 Men's hostels has been on the whole healthy and sound. The Y. W. C. A hostel and the 3 Day-Scholars' Associations also were functioning well. All the units of the college community celebrated their annual socials during this term.

We sustained a heavy loss at the demise of Mrs. Mariamma Baby, the late lamented wife of Dr. A K. Baby of our college. Mrs. Baby passed away during September 1967 after a brief period of illness. She was an active and a very helpful member of the college community. She was warden of the West Hostel for 2 years. Let me take this occasion to express our heart-felt condolence and sympathies to Dr. Baby.

During the year under review we were privileged to welcome to our midst some outstanding visitors such as Prof. Samuel Mathai, Vice-chancellor of our

University, Mahakavi G. Sankara Kurup, District Collector Mr. Narayana Swami, Hon'ble Minister Panampilly Govinda Menon, His Holiness Swami Chinmayanandaji, Mr. S. Nijalingappa, Chief Minister of Mysore and President of the Indian National Congress and Dr. E. Stanley Jones.

An international team from the United Board of Christian Higher Education visited the College during November 1967 and expressed satisfaction at the working of the college. The team consisted of:—

| | | |
|---|---|---|
| Dr. Merton D. Munn | : | U. S. A. |
| Dr. Hachiro Yuasa | : | Japan |
| Rev. P. T. Chandy | : | India |
| Dr. William P. Fenn | : | U. S. A. (who was for long in China) |

### Grants and Donations

| | | | |
|---|---|---|---|
| U. G. C. Grant for arrears of salary | : | Rs. | 4546=51 |
| Advance teaching grant for 1967—'68 | : | Rs. | 33500=00 |
| U. G. C. grant for Students Aid Fund | : | Rs. | 2500=00 |
| U. G. C. Grant for Post-graduate studies in Humanities (M. A. History) | : | Rs. | 4000=00 |
| Annual Basic grant to Planning Forum | : | Rs. | 800=00 |
| Guest house Fund through Asia Christian College's Assn. | : | Rs. | 1047=21 |
| For Christian Literature for women Interchurch council of Canada | : | Rs. | 2076=30 |
| Helping needy non-teaching staff fund | : | Rs. | 165=00 |
| T. C. Joseph's Prize Fund | : | Rs. | 638=00 |
| From Mr. Pothen Varghese | : | Rs. | 374=29 |
| Golden Jubilee Fund | : | Rs. | 6590=35 |
| C. P. Andrews Stadium Fund | : | Rs. | 4040=69 |

I thank the State Government, The U. G. C., the University and other benefactors for all the help they have given to the college

### Old Students' Association

An attempt is being made to revive the Old Students' Association. The approaching Golden Jubilee of the college (to be celebrated in 1971) has given it greater relevance. We are collecting the addresses of Old students with a view to establishing units of Old students' Association at various centres. Last year's batch of outgoing students made a good beginning for the Old students' Association fund by contributing between Rs. 6000/- and Rs. 7000/-.

We were having only 4 years of undergraduate course so far. This year we have no class III. Next year when that also comes we shall be extremely pressed for rooms. A building is being constructed mainly for housing the B. Sc. Chemistry laboratory. The building is now partial; even that is estimated to cost Rs. 300,000/-

We are hoping to get it finished by the beginning of the next academic year. We hope to get a grant from the U. G. C. at least to meet part of the cost though so far we have not got any funds towards meeting the expenses for the building.

Before concluding this report let me thank the members of the college community, staff–teaching and non-teaching–and students for their splendid co-operation and sincere attempts to make our common life here a blessing and a joy.

Thank you

C. T. BENJAMIN,
Principal.

---


**For Best Results**

**Use**

**Trisodium Phosphate**

**Largely used in**

**Paper Mills, Tanneries, Textile Mills**
**for water softening etc.**

*Manufacturers*

INDIAN RARE EARTHS LIMITED

(A Government of India Undertaking)

**Udyogamandal P. O.**
ALWAYE
**Kerala State**


മലയാള
വിഭാഗം.

# ഉള്ളടക്കം


ഓർമ്മയുടെ ഓളങ്ങളിൽ (കവിത) 1 എൻ. എച്ച്. കുമാർ

ചർച്ചിൽ (ഒരവലോകനം) 2 ജോർജ്ജ് കുരുവിള

മരണത്തിന്റെ നിഴലിൽ (ചെറുകഥ) 4 പൗലോസ്

ജീവിക്കാൻ പഠിക്കൂ 9 അയ്യപ്പൻ ഡി.

ഒരു യാത്രാമൊഴി (കവിത) 10 പി. ബാലകൃഷ്ണൻ

നിഴൽപ്പാടുകൾ (ചെറുകഥ) 11 കെ. കമലാകൃഷ്ണൻ

കലയും ജീവിതവും 15 പി. ടി. ലോനപ്പൻ

ഇടിയാപാട (കവിത) 17 ശിവപള്ളി നാരായണൻ

വസന്തസമാഗമം (ചെറുകഥ) 18 ത്രേസ്യാ ജേക്കബ്

പ്രതീക്ഷ (ഗദ്യകവിത) 22 വത്സല കുമാരി

പെൺകുട്ടി ബി. എ. പാസ്സായിട്ടില്ല (കൊച്ചുകഥ) 23 കെ. ജേക്കബ്

നാലുപേർ (കവിത) 26 ഗിരിജാദേവി

നന്മകൾമാത്രം (ചെറുകഥ) 27 ഏല്യാമ്മ പീറ്റർ

സമയത്തിന്റെ വില (ലേഖനം) 29 അന്നാമ്മ ഫിലിപ്പ്

ഏകാന്ത പഥിക (ചെറുകഥ) 31 ബി. സാവിത്രി

പ്രത്യാഗമനം (കവിത) 36 എൻ. കെ. ലീലാമ്മ

ചെകുത്താൻ പാറ 37 പി. എ. അലക്സാണ്ടർ

പരാജിത (ചെറുകഥ) 40 രവി കാരിക്കോട്ട്

കവിത

# ഓർമ്മയുടെ ഓളങ്ങളിൽ

എൻ. എച്ച്. കമാർ I B. A. Economics & History

കേക



മാദകാമലഗാന-
    മാധുരി ചൊരിഞ്ഞുമത്-
പ്രാണനിലനവദ്യ
    ഭാഗ്യദേവതേ, നീയും

താരകാഞ്ചിത നീല-
    വാനിലെ പ്രഭാസരി-
ത്തോമലേ, പകർന്ന നീ
    ജീവനിൽ മമാത്മാവിൽ

കുങ്കുമം തൊഴും കവിൾ
    മമദർശനത്താലെ
ചെങ്കതിരണിഞ്ഞതി-
    നൊള്ളുന്ന ഹൃത്തിൽ വീണ്ടും

വേർപെടാൻ കാലത്തിൻ്റെ
    നിർദ്ദയവിനോദത്താൽ
കണ്ണുനീരണിഞ്ഞു നീ
    യാത്ര ചോദിക്കും നേരം

മോഹനമദാലസ-
    രാത്രികൾ സങ്കല്പത്തിൽ
ഞാൻ പടുത്തുയർത്തിയ-
    തൊക്കെയും മണ്ണായ്ത്തീർന്നു

ചഞ്ചലാളകവണ്ടിൻ-
    നിരയാപ്പൊൽത്താമര-
ത്താരിനെച്ചുറ്റിപ്പാറി-
    ച്ചാഞ്ചാടിക്കളിക്കവേ,

വിപ്പിട്ടൊരിതളിലെ
    മാധുരി നിർഗ്ഗമിക്കവേ
മാറിലേക്കെത്തുവാൻ
    കൊതിയായെന്നാകിലും

അത്തനാധരത്തിൽ ഞാൻ
    ചുംബനം പകർന്നീലാ,
വരളുന്നതലെൻ കയ്യാൽ-
    ത്തഴുകിത്തന്നില ഞാൻ.

വേണ്ട ഹാ! പരിഭവം,
    കാലത്തിൻവഴിവക്കിൽ
വീണ്ടും നാം പരസ്പര-
    മൊരിക്കൽക്കാണില്ലല്ലീ?

# ചർച്ചിൽ—ഒരവലോകനം

George Kuruvilla, Class I physics (special)

ബർണ്ണാഡ്ഷായെ പലതരം വൃക്ഷങ്ങൾ തിങ്ങിവളരുന്ന ഒരു കാടിനോട് ആരോ ഉപമിച്ചതായി കേട്ടിട്ടുണ്ട്. യഥാർത്ഥത്തിൽ ചർച്ചിൽ ഒരു കാടുതന്നെയായിരുന്നു. അദ്ദേഹം രാജ്യതന്ത്രജ്ഞൻ, വാഗ്മി, ചരിത്രകാരൻ, ജീവചരിത്രകാരൻ, യുദ്ധകാര്യ ലേഖകൻ, നോവലെഴുത്തുകാരൻ, പട്ടാളക്കാരൻ ബ്രാണ്ടികുടിയൻ എന്നു വേണ്ട എല്ലാമായിരുന്നു എന്ന് റോബർട്ട് ലൂയി ടെയിലർ എഴുതി.

ചർച്ചിൽ മരിച്ചിട്ട് 68 ജനുവരിയിൽ മൂന്നു വർഷം തികയുന്നു. പത്തു കാളരാത്രികൾ രോഗക്കിടക്കയിൽ കിടന്ന് അദ്ദേഹം തള്ളിനീക്കി. ആ ദീപം അണയുമെന്ന് തീർച്ചയായിക്കഴിഞ്ഞിരുന്നു. തങ്ങളുടെ മഹാനായ നേതാവിന്റെ മരണം ഏതു സമയവും സംഭവിക്കാം എന്ന ഭയത്തോടെ ജനങ്ങൾ മിഴിച്ചു നോക്കുമ്പോഴാണ് അദ്ദേഹത്തിന്റെ മരണവാർത്ത ടെലിപ്രിന്ററിൽ പ്രത്യക്ഷപ്പെട്ടത്. മരണവാർത്ത അറിഞ്ഞപ്പോൾ ശ്രീ വി. കെ. കൃഷ്ണമേനോൻ പ്രസ്താവിച്ചു "അദ്ദേഹം മഹാനായ ഒരു രാജ്യതന്ത്രജ്ഞനായിരുന്നില്ലെങ്കിൽത്തന്നെ ഒരു സാഹിത്യകാരനെന്ന നിലയിലെങ്കിലും ചരിത്രത്തിൽ എന്നും ജീവിക്കും". ചർച്ചിലിന്റെ മൃതദേഹം ഉന്നത രാഷ്ട്രബഹുമതികളോടെ സംസ്കരിക്കണമെന്ന നിർദ്ദേശം ഉന്നയിച്ചത് രാജ്ഞിതന്നെയായിരുന്നു. അവർ വിലാപയാത്ര നയിക്കുകയും ചെയ്തു. ഈ ബഹുമതി പതിനൊന്നാം നൂററാണ്ടിൽ രണ്ടു ബ്രിട്ടീഷ് പ്രധാന മന്ത്രിമാർക്കു മാത്രമേ ലഭിച്ചിട്ടുള്ളൂ.

കോളനികൾക്ക് സ്വാതന്ത്ര്യം കൊടുക്കുന്നത് ചർച്ചിലിനിഷ്ടമല്ലായിരുന്നു. 'ചക്രവർത്തിയുടെ സാമ്രാജ്യത്തിന്റെ വിസ്തൃതി കുറയ്ക്കുവാൻ അല്ല, ഞാൻ പ്രധാനമന്ത്രിയായത്', എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. തന്മൂലം ഗാന്ധിജി, നെഹ്റു തുടങ്ങിയ നേതാക്കളെ അദ്ദേഹത്തിനു പുച്ഛമായിരുന്നു. ഈ ഒരു തെററുകൊണ്ട് ചർച്ചിലിനെ നാം ബഹുമാനിക്കാതിരിക്കുന്നത് ശരിയല്ല.

മഹായുദ്ധത്തിന്റെ ആരംഭദശയിൽ നേതൃത്വം ചേംബർലെയിനിലായിരുന്നു. യുദ്ധകാല പ്രധാനമന്ത്രിയാകാനുള്ള യോഗ്യത അദ്ദേഹത്തിൽ കോമൺസ് സഭ കണ്ടില്ല. പ്രധാന മന്ത്രിയാകുവാൻ കഴിവുള്ള ഒരുവനെ അവർ കണ്ടെത്തി. അന്ന് ചർച്ചിൽ നേവിയുടെ ചാർജ്ജ് വഹിക്കുകയായിരുന്നു. അദ്ദേഹത്തിന് 65 വയസ്സ് കഴിഞ്ഞിരുന്നു. "I have nothing to offer but blood, toil, tears and sweat" എന്ന വാചകം ഉൾക്കൊള്ളുന്ന അദ്ദേഹത്തിന്റെ സ്ഥാനാരോഹണ പ്രസംഗം പ്രസിദ്ധമാണ്.

ബ്രിട്ടൻ സമരസജ്ജയല്ലായിരുന്നു. ഒക്ഷാമാസ്ത്രം മുട്ടിയ അവൾ യുദ്ധത്തിൽ വിഴുകയായിരുന്നു. ആത്മവിശ്വാസവും പ്രസംഗപാടവവും ചർച്ചിലിന്റെ ഗുണങ്ങളായിരുന്നു. 'വിജയം നമ്മുടേതാണ്' എന്നദ്ദേഹം പറഞ്ഞു. ജനങ്ങളുടെ കെട്ടടങ്ങിക്കൊണ്ടിരുന്ന ആത്മവിശ്വാസം ഉണർന്നെഴുന്നേല്ക്കുകയായിരുന്നു. ഉയർത്തിയ കയ്യുടെ വിരലുകൾ Victory–യെ ലക്ഷ്യമാക്കി V എന്ന ആകൃതിയിൽ പിടിച്ചുകൊണ്ട് ഇരിക്കുന്ന ചർച്ചിലിനെ നാം എന്നും ഓർക്കും. സിഗററും ബ്രാണ്ടിയും അദ്ദേഹം ഏററവും ഇഷ്ടപ്പെട്ടിരുന്നു.

'ചർച്ചിലിന്റെ നാക്കും റൂസ്‌വെൽററിന്റെ പണക്കൊഴുപ്പും' ആണ് യുദ്ധം ജയിപ്പിച്ചത് എന്ന് ആളുകൾ പറയാറുണ്ട്. രണ്ടുപേരും ഉററ മിത്രങ്ങളായിക്കഴിഞ്ഞിരുന്നു. റൂസ്‌വെൽററിന്റെ അപ്രതീക്ഷിതമായ മരണം ചർച്ചിലിന് ഒരാഘാതമായിരുന്നു. ഒന്നു ശരിയാണ്, രണ്ടുപേരുടേയും പരിശ്രമം യുദ്ധം ജയിക്കാൻ വളരെ സഹായിച്ചു. ചർച്ചിൽ 18 മണിക്കൂർ വരെ ഓരോ ദിവസവും നിരന്തരം ജോലി ചെയ്തിരുന്നു. എന്നിട്ടും അദ്ദേഹം ക്ഷീണിച്ചില്ല.

ബ്രിട്ടനും ഫ്രാൻസും ആണ് ആദ്യം സ
ഖ്യമുണ്ടാക്കിയത്. പ്രധാനമന്ത്രി ഫ്രാൻ
സ് സന്ദർശിച്ചപ്പോൾ ഫ്രഞ്ച് പ്രധാനമ
ന്ത്രി റെയിനാൾഡ് ചോദിച്ചു. "ഞങ്ങൾ
ജർമ്മനിയും ആയി സ്വന്തം സന്ധിയുണ്ടാക്കി
യാൽ ബ്രിട്ടൻ എന്തു ചെയ്യും" എന്ന്. ചർ
ച്ചിൽ ഉടൻ മറുപടി പറഞ്ഞു. "പ്രതികാരം
ചെയ്യുവാൻ ബ്രിട്ടൻ മടിക്കയില്ല. എന്തുവ
ന്നാലും ഞങ്ങൾ കീഴടങ്ങുകയില്ല"

'പ്രിൻസ് ഓഫ് വെയിൽസ്' എന്ന യു
ദ്ധക്കപ്പൽ ബ്രിട്ടീഷ് നേവിയുടെ അഭിമാന
ഭാജനമായിരുന്നു. ഒറ്റപ്പെട്ടുപോയ ഈ
കപ്പലിനെ ജപ്പാൻ വിമാനസേന സർവ്വശ
ക്തിയുമുപയോഗിച്ച് ആക്രമിച്ചു. കപ്പൽ
തകർക്കുക സാദ്ധ്യമല്ലായിരുന്നു. ഒരു ജപ്പാൻ
വൈമാനികൻ തന്റെ വിമാനത്തെ കപ്പ
ലിന്റെ പുകക്കുഴലിൽ കുത്തനെ വീഴ്ത്തി
ആത്മബലിയർപ്പിച്ചു. എൻജിനു തീപിടി
ച്ച് കപ്പൽ രണ്ടായിപ്പിളർന്നു. വെള്ളത്തിൽ
നീന്തിത്തുടിച്ചിരുന്ന ആയിരക്കണക്കിനു
നാവികരെ ജപ്പാൻ വിമാനങ്ങൾ വെടി
വെച്ചുകൊന്നു. 'പ്രിൻസ് ഓഫ് വെ
യിൽസ്' ന്റെ പതനം കോമൺസ് സഭ
യിൽ പ്രസ്താവിച്ചപ്പോൾ ചർച്ചിൽ ക
രഞ്ഞു.

കാറ്റ് മാറിവീശുകയായിരുന്നു. ഉടൻ
വിജയം വരിക്കാമെന്ന് ബ്രിട്ടീഷ് ജനത
വിശ്വസിച്ചു. അവർ മടിയന്മാരാകാതിരി
ക്കാൻ ചർച്ചിൽ ഓർമ്മപ്പെടുത്തി 'ഹിറ്റ്
ലർക്ക് ഇനിയും 300 ഡിവിഷൻ പട്ടാളമു
ണ്ടെ'ന്ന്. എല്ലാക്കാര്യത്തിലും ചർച്ചിലി
നു ശ്രദ്ധയുണ്ടായിരുന്നു. അദ്ദേഹം ഓരോ
വകുപ്പുകളും നിയന്ത്രിച്ചിരുന്ന രീതി അറി
യുമ്പോൾ നാം ഞെട്ടിപ്പോകും.

ചർച്ചിൽ അമേരിക്കൻ പ്രസിഡണ്ടി
ന്റെ അതിഥിയായി അമേരിക്കയിൽ താമ
സിക്കുകയായിരുന്നു. ചാരിയിരുന്ന വാ
തിൽ തുറന്ന് പ്രസിഡൻറ് ചർച്ചിലിന്റെ
മുറിയിൽക്കയറി. പൂർണ്ണനഗ്നനായി മുറി
യിൽക്കൂടി നടക്കുന്ന ചർച്ചിലിനെ അദ്ദേ
ഹം കണ്ടു. പ്രസിഡണ്ട് പിറകോട്ടു മാ
റിയപ്പോൾ പ്രധാനമന്ത്രി പറഞ്ഞുപോൽ.
"സാരമില്ല. ഒരു ബ്രിട്ടീഷ് പ്രധാനമന്ത്രി
നഗ്നനായി വന്ന് അമേരിക്കൻ പ്രസിഡ
ന്റിനെ സ്വീകരിക്കുന്നത് ആദ്യമായി
രിക്കും."

ഇൻഡ്യക്ക് സ്വാതന്ത്ര്യം കിട്ടിയ കാലം.
നെഹ്റു ഇൻഡ്യയുടെ പ്രധാനമന്ത്രിയാ
ണ്. ചർച്ചിൽ ലണ്ടനിൽവെച്ച് നെ
ഹ്റുവിനോടു പറഞ്ഞു "ഇതാ ഭയത്തെ
യും വിദ്വേഷത്തെയും അതിജീവിച്ച ഒരു മ
നുഷ്യൻ." മറ്റൊരിക്കൽ ചർച്ചിൽ ഇന്ദി
രാഗാന്ധിയോടു പറഞ്ഞു. "ഒരു കാലത്ത്
നാം ബദ്ധശത്രുക്കളായിരുന്നു. എന്തായാ
ലും ഇന്ന് നാം ഉറ്റ സുഹൃത്തുക്കളാണ്."
ഇന്ദിരാഗാന്ധി "സാർ, ഞാൻ അങ്ങയെ
ഒരിക്കലും ഒരു ശത്രുവായി വിചാരിച്ചിരു
ന്നില്ല." ചർച്ചിൽ. "പക്ഷേ ഞാൻ അങ്ങ
നെ വിചാരിച്ചിരുന്നു എന്ന് മനസ്സിലാ
ക്കണം."

വിൻസ്റ്റൻ ചർച്ചിലിന്റെ കുടുംബജീ
വിതം സന്തുഷ്ടമായിരുന്നു. തന്റെ ഭാര്യ
യുടെ ഇഷ്ടത്തിനെതിരായി ഒരിക്കലും അദ്ദേ
ഹം പ്രവർത്തിച്ചിട്ടില്ലത്രെ. ഒരിക്കൽ ചർ
ച്ചിൽ പറഞ്ഞു "ഒരു സമയം എനിക്ക് പ്ര
ധാനമന്ത്രിയാകുന്നതിനുള്ള സാദ്ധ്യതയില്ലാ
യിരുന്നെങ്കിൽ ഞാൻ രാഷ്ട്രീയത്തിൽ നിന്ന്
എന്നന്നേക്കുമായി വിടവാങ്ങുമായിരുന്നു."

അറുപത്തിനാലു വർഷം സർ വിൻസ്റ്റൻ
കോമൺസ് സഭയിൽ അംഗമായിരുന്നിട്ടു
ണ്ട്. 1964 ജൂലൈ 28-ാം തീയതി സങ്കട
ത്തോടും സംതൃപ്തിയോടുംകൂടി അദ്ദേഹം പാർ
ലിമെന്റിൽ നിന്ന് വിടവാങ്ങി. അദ്ദേ
ഹത്തിന്റെ സേവനങ്ങളെ പ്രകീർത്തിച്ചു
കൊണ്ട് കോമൺസ് സഭ ഇങ്ങനെ ഒരു
പ്രമേയം പാസ്സാക്കി. "വുഡ്"വാർഡിൽ
നിന്നുള്ള ബഹുമാന്യനായ മെമ്പർ സഭ
യിൽ നിന്ന് വിരമിക്കുന്നതിനെ പരി
ഗണിച്ച് പാർലിമെന്റിനും, രാഷ്ട്രത്തി
നും, ലോകത്തിനും അദ്ദേഹം ചെയ്തിട്ടുള്ള
സേവനങ്ങളോട് സഭക്കുള്ള സീമാതീതമാ
യ അഭിനന്ദനവും കൃതജ്ഞതയും രേഖപ്പെ
ടുത്തുവാൻ സഭ ആഗ്രഹിക്കുന്നു. ബ്രിട്ടീഷ്
ജനത ഒറ്റയ്ക്കായിരുന്ന കാലത്ത് അദ്ദേഹം
നൽകിയിട്ടുള്ള പ്രചോദനവും വിജയം വ
രിക്കുന്നതുവരെ നൽകിയിട്ടുള്ള നേതൃത്വവും
എല്ലാറ്റിനും ഉപരിയായി സഭ അനുസ്മരി
ക്കുന്നു."

# മരണത്തിന്റെ നിഴലിൽ

By Poulose, Class II English

ചുവന്ന കമ്പിളി വിരിച്ച പതിമ്മൂന്നാം നമ്പർ ബെഡ്ഡിൽ കിഷോർ തളർന്നു കിടക്കുന്നു. ദുഃഖത്തിന്റെ പ്രതിരൂപംപോലിരിക്കുന്ന അന്നാമ്മച്ചേച്ചി കട്ടിലിന്റെ പടിയിൽ മുഖമമർത്തി തേങ്ങിത്തേങ്ങിക്കരയുകയാണ്. ലില്ലിച്ചേച്ചി താടിക്ക് കയ്യുംകൊടുത്ത് കിഷോറിനോട് ചേർന്നിരിപ്പുണ്ട്.

പത്തു വർഷങ്ങൾ—

വർഷങ്ങൾക്കുശേഷം വീണ്ടും കണ്ടുമുട്ടി.

വീണ്ടും ഈ നിലയിൽ കണ്ടുമുട്ടേണ്ടായിരുന്നു.

പക്ഷേ......എല്ലാം കഴിഞ്ഞു. പകലുറക്കത്തിൽക്കണ്ട ഏതോ ഒരു സ്വപ്നംപോലെ എല്ലാം കഴിഞ്ഞു.

ഞാൻ അന്നാമ്മച്ചേച്ചിയെ ശ്രദ്ധിച്ചു.

ജീവിതത്തിന്റെ വഴിത്താരയിൽ കണ്ടുമുട്ടിയ രാജകുമാരനോടൊത്ത് പ്രതീക്ഷകളുടെ കനികൾ തിന്ന് സ്വയം മറന്നുപോയ ഒരു ശരീരം. പിന്നെയോ? വേദനിക്കുന്ന ആത്മാവ്. ആശുപത്രിയുടെ മുറ്റത്തു വീണു കിടക്കുന്ന വാകയുടെ ചുവന്ന പൂക്കളെ നോക്കി നെടുവീർപ്പിടുകയാണവർ. വാകയുടെ ചുവട്ടിൽ ആരോ വലിച്ചെറിഞ്ഞിട്ടിരിക്കുന്ന എച്ചിലിലയ്ക്കുവേണ്ടി കാക്കകൾ ബഹളം കൂട്ടുകയാണ്. ആർക്കും വേണ്ടാത്ത ഒരു തെണ്ടിച്ചെറുക്കൻ ആ കാഴ്ചകണ്ട് രസിച്ചുനില്ക്കുന്നു.

ജൂഹുവിലെ കാറ്റിന്റെ കുളിർമയിൽ ലയിച്ചിരിക്കുമ്പോൾ, മനുഷ്യപുത്രൻ എറിയുന്ന അപ്പക്കഷണങ്ങൾക്കുവേണ്ടി കൂട്ടമായെത്തുന്ന കടൽക്കാക്കകൾ അന്നാമ്മച്ചേച്ചിക്ക് ഹൃദയാവർജ്ജകമായ ഒരു കാഴ്ചയായിരുന്നിരിക്കാം. കഴിഞ്ഞ കാലങ്ങളിലേക്ക് തിരിഞ്ഞുനോക്കിയിട്ട് ഫലമില്ല. സിഗററ്റിന്റെ കറപിടിച്ച ചുണ്ടുകളിൽനിന്നും അടർന്നുവീണ അർത്ഥമില്ലാത്ത ഇംഗ്ലീഷ് വാക്കുകളെയോർത്ത് കരഞ്ഞിട്ട് പ്രയോജനമില്ല. കല്പടവുകൾ വളരെയേറെ പിന്നിട്ടിരിക്കുന്നു.

ഭൂതകാലത്തിലെവിടെയോവച്ച് കണ്ടുമുട്ടിയ വെളുത്തു മെല്ലിച്ച ഒരു പെൺകിടാവ് പറഞ്ഞ വാക്കുകൾ ഓർത്തുപോകുന്നു.

"പിന്തിരിഞ്ഞു നോക്കരുത്. ഒരു പക്ഷേ കാലടികളിൽ ചതഞ്ഞരഞ്ഞുകിടക്കുന്നത് ഒരു കാലത്ത് ഓമനിച്ച സ്വപ്നങ്ങളായിരിക്കും."

എനിക്കും അതു മാത്രമേ പറയാനുള്ളൂ.

തകർന്ന ശബ്ദങ്ങളേയും നഷ്ടപ്പെട്ട ദിനങ്ങളേയും ഓർത്ത് എന്തിന് നെടുവീർപ്പിടുന്നു?

എന്റെ തത്വശാസ്ത്രം എല്ലാവരും സ്വീകരിക്കണമെന്നില്ല. മനുഷ്യൻ നിസ്സഹായനാണ്. ഇന്നലെയുടേയും അജ്ഞാതമായ നാളെയുടേയും അവ്യക്തമായ നിഴലുകൾ കെട്ടുപിണഞ്ഞുകിടക്കുന്ന 'ഇന്നി'ന്റെ പെരുവഴിയിൽ പകച്ചുനില്ക്കുന്ന പാവം ഒരു ജീവി. അവന്റെ ജീവിതം നിർവ്വചിക്കാൻ പാടില്ലാത്ത ഒരു പ്രക്രിയയാണ്. അതിനിടയിൽ അനേകം അന്നാമ്മച്ചേച്ചിമാർ വഞ്ചിതകളാവുന്നു. പരിഭവിച്ചിട്ട് കാര്യമില്ല. വീണിട്ടു കേഴുകയല്ല, വീഴാതെ നോക്കുകയാണ് വേണ്ടത്.

അനിൽകുമാർ,

നിങ്ങളോർക്കുന്നോ?

മറന്നുപോയിരിക്കും ഇല്ലേ?

നിങ്ങൾ ക്രൂരനാണ്.

സത്രങ്ങളിലെ ഇരുട്ടു നിറഞ്ഞ മുറികളിലെ നിശ്വാസങ്ങൾ നിങ്ങൾ കേൾക്കുന്നില്ലേ?

കുറേ നിമിഷങ്ങൾ—

തന്റേതായ സകലതും നിങ്ങൾക്കു വേണ്ടിയർപ്പിച്ച നിമിഷങ്ങൾ മറക്കാൻ സാധിക്കുമോ?

ഓർമ്മകൾ നിങ്ങളെ വേട്ടയാടുന്നില്ലേ?

ആ നിമിഷങ്ങളുടെ സ്മാരകംകൂടി ഇതാ അണയാൻ പോകുന്നു.

കിഷോറിന്റെ കഥയാണത്—ജീവിതത്തിനും മരണത്തിനും ഇടയ്ക്കുള്ള നേർത്ത അതിർത്തിരേഖയിൽക്കിടന്ന് വീർപ്പുമുട്ടുന്ന കിഷോറിന്റെ കഥ.

ഇന്നാവരെ മരണത്തെ എനിക്ക് ഭയമുണ്ടായിരുന്നില്ല. പക്ഷേ, ഇന്ന് ഞാൻ മരണത്തെ ഭയപ്പെടുന്നു—കിഷോറിന്റെ ബെഡ്ഡിൽ പതിയിരിക്കുന്ന മരണത്തെ. കിഷോറിന്റെ നിഷ്കളങ്കമായ മുഖത്തെ നോക്കാൻ എനിക്കു കെല്പില്ല. ചെമ്പിച്ച മുടിയും പൂച്ചക്കണ്ണുകളുമുള്ള ആ കുട്ടി തകർന്ന ഒരു സ്വപ്നംപോലെ തളർന്നു കിടക്കുന്നു. മയക്കം തെളിഞ്ഞാൽ അവനൊന്നേ ചോദിക്കാനുള്ളൂ.

"ഡാഡിയെവിടെ?"

അന്നാമ്മച്ചേച്ചിയെ ഇഞ്ചിഞ്ചായിക്കൊല്ലുന്ന ചോദ്യം. വയ്യ. ഓർമ്മകളുടെ കെട്ടുകൾ അഴിയുമ്പോൾ തളർന്നുപോകുന്നു.

രണ്ടുദിവസം മുൻപായിരുന്നെങ്കിൽ പതിമൂന്നാം നമ്പർ ബെഡ്ഡിൽ കിടന്നിരുന്ന തോമസ് ചോദിക്കുമായിരുന്നു.

"എന്താ പതിന്നാലേ ഇത്ര ചിന്തിക്കുന്നത്?"

പക്ഷേ ഇനി അയാളുടെ ശബ്ദം ഒരിക്കലും കേൾക്കുകയില്ല.

കാമുകനും സാഹിത്യകാരനുമായിരുന്നു തോമസ്. അയാളെപ്പോഴും എന്തെങ്കിലും പറഞ്ഞുകൊണ്ടിരിക്കുമായിരുന്നു.

അയാൾ സെലീനയെന്നൊരു പെൺകുട്ടിയെ സ്നേഹിച്ചിരുന്നു.

അവൾക്കുവേണ്ടി കൊല്ലാനും മരിക്കാനും അയാൾ തയ്യാറായിരുന്നു.

പക്ഷേ.........

ഒരു ദിവസം അയാൾ പറഞ്ഞതോർക്കുന്നു.

"സെലീനയെന്റെ ഹൃദയത്തിൽ ഏല്പിച്ച മുറിവുകൾ ഒരിക്കലും ഉണങ്ങുകയില്ല. എന്റെ ഹൃദയം മുഴുവൻ വേദനയാണ്. ഒരിക്കൽ ഞാൻ ലോകത്തെ കരയിക്കും—ദുഃഖത്തിന്റെ മാത്രം കഥകൾ പറഞ്ഞ്."

സെലീന ഏല്പിച്ച മുറിവിനെച്ചൊല്ലി അയാളിനി ഒരിക്കലും വേദനിക്കുകയില്ല. അയാളിനി ഒരിക്കലും ലോകത്തെ കരയിക്കുകയില്ല.

അയാൾ പറയാറുണ്ടായിരുന്നു. "എന്റെ ബെഡ്ഡിൽ മരണം ഒളിച്ചിരിപ്പുണ്ട്. കഴിഞ്ഞ ആഴ്ച ഈ ബെഡ്ഡിൽക്കിടന്ന് ഒരാൾ മരിച്ചതാ."

ഇന്നലെ രാവിലെ—അതോർക്കുമ്പോൾ പേടി തോന്നുന്നു. നേരം വെളുത്തു കണ്ണു തുറന്നപ്പോൾ തോമസിന്റെ വാചാലമായ സംസാരം കേട്ടില്ല.

നീലത്തുണികൾകൊണ്ട് മറച്ച പതിമൂന്നാം നമ്പർ ബെഡ്ഡിന് ഒരു നേഴ്സ് കാവൽ നില്ക്കുന്നു.

തോമസ് കിടന്ന് മരിച്ച അതേ ബെഡ്ഡിൽത്തന്നെയാണ് രാവിലെമുതൽ കിഷോർ കിടക്കുന്നത്.

എന്നും പുഞ്ചിരിക്കാറുള്ള, പതിനഞ്ചാം നമ്പർ ബെഡ്ഡിലെ എനിക്ക് പേരറിയാൻ പാടില്ലാത്ത സുഹൃത്ത് ഇന്ന് ധ്യാനത്തിലാണ്. കണ്ണടച്ച് കൈ കൂപ്പിക്കിടക്കുന്നു. തോമസ് മരിച്ചു കിടക്കുന്നതു കണ്ടിട്ടുകൂടി അയാൾ പുഞ്ചിരിച്ചു. അയാൾക്ക് രോഗത്തെപ്പറ്റി ആശങ്കയില്ല. നേഴ്സ്. പറയുന്നതൊന്നും അയാൾ അനുസരിക്കാറില്ല. പക്ഷേ ഉറങ്ങാത്ത രാവുകളുടെ നിശ്ശബ്ദയാമങ്ങളിൽ അയാളുടെ ബെഡ്ഡിൽ നിന്നും തേങ്ങലുകളും ഗദ്ഗദങ്ങളും കേട്ടിട്ടുണ്ട്. അയാളും മരണത്തെ ഭയപ്പെടുന്നുണ്ടായിരിക്കാം.

ലില്ലിച്ചേച്ചി നെറ്റിയിൽ സ്പർശിച്ചപ്പോഴാണ് ചിന്തയിൽ നിന്നുണർന്നത്.

"എങ്കിലും ബാബു ഒരെഴുത്തുപോലും അയച്ചില്ലല്ലോ?"

"ഓ"

"എന്നാണ് ഓപ്പറേഷൻ"

"പതിനഞ്ചാം തീയതി"

"ഇപ്പോൾ വയറുവേദനയുണ്ടോ?"

"ഓ സാരമില്ല"

അവർ വരാന്തയിലേക്ക് നടന്നകന്നു.

പത്തുവർഷങ്ങൾക്കു മുൻപ്—

ഒരു ദിവസം—

തോരാത്ത മഴയുണ്ടായിരുന്ന അന്ന്—

ചുവന്ന കമ്പിളിപ്പുതപ്പിനുള്ളിൽ നിന്നും തല വെളിച്ചുനോക്കിയപ്പോൾ ജനൽപ്പടിയിൽപിടിച്ചു നില്ക്കുന്ന ലില്ലിച്ചേച്ചിയെയാണ് കണ്ടത്. ഉലഞ്ഞു. ഇനി ഈ കിടപ്പിന്റെ കാര്യവും കാരണവും എല്ലാം വിശദമാക്കണം.

"കുട്ടിയിന്ന് ക്ലാസ്സിൽ പോകുന്നില്ലേ?"

"സുഖമില്ല ചേച്ചി"

ഞാനെഴുന്നേററു ചെന്ന് വാതിൽ തുറന്നു.

"പനിക്കുന്നുണ്ടോ? തലവേദനയുണ്ടോ?"

അവർ എന്റെ നെററിയിൽ കൈവച്ചു നോക്കി.

എന്താണ് പറയുക? ഞാൻ വല്ലാതെ കറങ്ങി.

പെട്ടെന്നാണൊരു സൂത്രം എന്റെ മനസ്സിലുദിച്ചത്.

"ഓ, അതൊന്നുമില്ല. ഒരു ചെറിയ വയററുവേദന"

"ങ്ഹാ, കൊച്ച് മിടുക്കനാണല്ലോ. വയററുവേദനയായിട്ട് മരുന്നൊന്നും കഴിക്കാതെ പുതച്ചുമൂടി കിടക്കയാണല്ലേ? ഇതു കൊള്ളാമല്ലോ"

ലില്ലിച്ചേച്ചി വീണ്ടും പറഞ്ഞു.

"എന്നാലെ കൊച്ചിന്റെപേക്കൊരു കാര്യം ചെയ്യ്. ആ 'ഡിസ്പെൻസറി,വരെയൊന്നുപോകു. വേണങ്കിൽ ഞാനും കൂടെ പോരാം."

"എന്റെ കയ്യിൽ അല്പം ചില്ലറ മരുന്നൊക്കെയുണ്ട്. അതു കഴിച്ചപ്പിന്നാണല്പം കുറവുകിട്ടിയത്."

ഞാൻ തട്ടിമുളിച്ചു.

അവർക്കാശ്വാസമായി. എന്റെ സൂത്രം ഫലിച്ചതിൽ എനിക്കും. "എന്നാലും ഞാൻ അന്നക്കുട്ടിയോടൊന്ന് പറയാം. അവളുടെ കയ്യിൽ ചില്ലറ മരുന്നൊക്കെയുണ്ട്""

സാരിത്തലപ്പ് തലയിലേക്ക് വലിച്ചിട്ട് ആ ചാററൽമഴ കൂസാതെ അവർ വേഗം വീട്ടിലേക്ക് നടന്നു. നിറഞ്ഞ കണ്ണുകളോടെ ഞാൻ നോക്കിനിന്നു—എത്രമാത്രം സ്നേഹമുള്ള ഒരു ചേച്ചി!

ഒരഞ്ചുമിനിട്ട് കഴിഞ്ഞെയുള്ളു. അന്നാമ്മച്ചേച്ചി റൂമിലേക്ക് വന്നു.

"വാട്ട്സ് ദി മാററർ വിത്ത് യു ബാബു? ഇപ്പോൾ നൊമ്പരമുണ്ടോ?"

ഞാനൊന്നും മിണ്ടിയില്ല.

"ഇത്രമാത്രം പരിചയമുണ്ടായിരുന്നിട്ടുകൂടി......വൈ യു ആർ. ഇതാ രണ്ട് ടാബ്ലററ്സ് കഴിച്ചോ"

"ചേച്ചി, മരുന്നു കഴിക്കേണ്ട സുഖക്കേടില്ല"

വയററുവേദനയില്ലാതെ അതിനുള്ള മരുന്നു കഴിച്ചാൽ......ഞാനാലോചിച്ചു.

ഞാൻ വല്ലാതെ കുഴഞ്ഞു.

ഇനി പറയാതെ ഒരു രക്ഷയുമില്ല.

ഒടുവിൽ ഞാൻ പറഞ്ഞു.

"എനിക്കു"

"എനിക്കു"?"

"എനിക്ക് വയററുവേദനയില്ല"

"പിന്നെ?"

"ഞാനൊ ലില്ലിച്ചേച്ചി പരിഭവപ്പെടാതിരിക്കാൻ വേണ്ടി ഒരു കള്ളം പറഞ്ഞതാ. കോളജിൽ നിന്ന് നാല്—ദിവസത്തേക്ക് സസ്പെൻഡ് ചെയ്തിരിക്കുകയാ"

"അമ്പടാ വീരാ, അപ്പൊ ആളല്പം 'ഫോർവേഡാ'ണല്ലോ"

ഒരു വല്ലാത്ത ചിരി പാസ്സാക്കിയിട്ട്, കൊച്ചടിവച്ച് അവർ നടന്നകന്നു.

ലില്ലിച്ചേച്ചി ലോഡ്ജിന്റെ തൊട്ടടുത്ത വീട്ടിലാണ് താമസിക്കുന്നത്. ഭർത്താവും രണ്ടോമനക്കുഞ്ഞുങ്ങളും ഉള്ള ഒരു കൊച്ചു കുടുംബം. ആർക്കും പരാതിയും പരിഭവവുമില്ല. ലില്ലിച്ചേച്ചിയുമായി പരിചയപ്പെട്ട അന്നു മുതൽ സ്വന്തം ചേച്ചിയെപ്പോലെയാണ് പെരുമാറുന്നത്—ഞാൻ തെററു ചെയ്താൽ ഉപദേശിക്കുകയും നല്ലതു ചെയ്താൽ സന്തോഷിക്കുകയും ചെയ്യുന്ന നിഷ്ക്കളങ്കയായ ഒരു സ്ത്രീ. അവരുടെ അനുജത്തി അന്നാമ്മ ബോംബെയിൽ ഒരു നേഴ്സാണ്. അവധിയിൽ വന്നിരിക്കുന്നു.

വൈകുന്നേരം കാപ്പികുടി കഴിഞ്ഞ് ഞാൻ ഒരു പെറിമാസൺ നോവലും മറിച്ചുനോക്കിക്കൊണ്ടു കിടക്കുകയായിരുന്നു.

"ഇപ്പോഴെങ്ങനെയുണ്ട്?"

അന്നാമ്മച്ചേച്ചിയുടെ പരിഹാസവാക്കുകൾ.

ഞാനൊരു കൃത്രിമച്ചിരി പാസ്സാക്കി.

"കേട്ടോ ബാബൂ, ആസ്പത്രിയിൽ 'റൗണ്ടി'നു പോകുമ്പോൾ ഓരോ രോഗിയോടും ചോദിക്കുന്ന ചോദ്യമാണത്"

"ഓ അതു പോകട്ടെ, ബോംബെയിലെ ജീവിതമൊക്കെ എങ്ങിനിരിക്കുന്നു?"

"ഒഫ് കോഴ്സ് ജോളി. ഹോസ്പിററലിൽ ഡോക്ടേഴ്സിനെല്ലാം എന്നെ എന്തു കാര്യമാണെന്നോ! വാസ്തവത്തിൽ 'ഓപ്പറേഷൻ തീയേററി'ലും മററും ഒരു നേഴ്സിൻെറ സാമർത്ഥ്യം ഒരു 'ഫാക്ട്' ആണ്. ഡാക്ടർ അനിൽകുമാർ എന്നെ എത്ര പ്രാവശ്യം അഭിനന്ദിച്ചിട്ടുണ്ടെന്നോ!

"അനിൽകുമാർ സീനിയർ ഡോക്ടറാണോ?"

"നോ, നോ, അവിടുത്തെ അസിസ്റ്റൻറ് സർജൻ ആണ്. എന്തൊരു നല്ല മനുഷ്യനാണെന്നോ? മററു ഡോക്ടേഴ്സിനെല്ലാം 'ടപീസ്റ്റും', ഷ്യക്കം, ക്ലബ്ബും മദ്യവും ഒന്നും ഇല്ലാത്ത ലോകത്തെപ്പററി ചിന്തിക്കുകൂടി വയ്യ. സന്ധ്യയായാൽ അവർക്കെല്ലാവർക്കും ഓമർഖയ്യാമിൻെറ തത്വസംഹിതയാണ്– ഒരു കയ്യിൽ മധുവും മറേറ കയ്യിൽ മദിരാക്ഷിയും. എന്നാൽ അനിൽകുമാർ ഇതിൽനിന്നെല്ലാം വ്യത്യസ്തനാണ്. അപ്പൂപ്പം ചില അവസരങ്ങളിലേ അദ്ദേഹം മദ്യപിച്ചു കണ്ടിട്ടുള്ളു. പൂട്ടാപ്പുകൾ ചാടിവീഴുന്ന പരിഷകളുടെ ഇടയിൽ അദ്ദേഹത്തെപ്പോലുള്ളവരെ കാണാൻ വിഷമമാണ്."

എല്ലാ നേഴ്സുമാരും പറയാറുള്ള കാര്യങ്ങളാണവ. എനിക്കതൊക്കെ കേട്ടപ്പോൾ സഹതപിക്കാനും ചിരിക്കാനും തോന്നി. പക്ഷെ ഞാനൊന്ന് പുഞ്ചിരിച്ചതേയുള്ളു.

"കേട്ടോ ബാബൂ, മാനവും മര്യാദയുമുള്ള പെൺകുട്ടികൾ എവിടെപ്പോയാലും തടിതപ്പിനില്ലും. വാസ്തവത്തിൽ ഇന്നലെയും നാളെയുമില്ലാത്ത കുറേ നേഴ്സുമാരാണ് ഡോക്ടേഴ്സിനെയെല്ലാം ചീത്തയാക്കുന്നത്. പക്ഷെ അനിലിൻെറ അടുക്കൽ അവരുടെ 'മേനകാന്ത്ര'മൊന്നും പററുകയില്ല. ഞാനും അനിലും തമ്മിൽ പരിചയപ്പെട്ട സംഭവം വളരെ രസമാ കേട്ടോ"

ഞാൻ മൂളിക്കൊണ്ടിരുന്നു.

"ഒരു ദിവസം ഡ്യൂട്ടി കഴിഞ്ഞ് റൂമിൽവന്ന് ഞാൻ ഡ്രസ്സ് മാറുകയായിരുന്നു. ആരോ മുറിയിലേക്കു കടന്നുവന്നു. ഡോ. അനിൽകുമാർ! വെച്ചുവെച്ചു വരുന്ന അനിൽകുമാർ!! അയാൾ പുഞ്ചിരിച്ചു, മധുരമായ് പുഞ്ചിരിച്ചു"

"ഡാർലിംഗ്......ഷാൽ വൈ ജസ്റ്റ്... ജസ്റ്റ്" എന്നതുവിട്ടുകൊണ്ട് എൻെറ സമീപത്തേക്കടുത്തു. എൻെറ കണ്ണിൽ ഇരുട്ടു കയറി. ഒരു സ്ത്രീയുടെ ചാരിത്ര്യത്തെ ഉന്നംവച്ചുന്ന ശരങ്ങൾ. ഒരു സിംഹത്തെപ്പോലെ ഞാനലറി.

"ഷട്ട്അപ് ബ്ലഡി ഗോ ഔട്ട്"

എൻെറടുത്ത് പാസ്സാകുകയില്ലെന്നറിഞ്ഞപ്പോൾ പാവം തലയും താഴ്ത്തിപ്പോയി. എന്നിട്ടും ഞാൻ വിചാരിച്ചു അനിലിനിങ്ങനെ പററാൻ കാരണമെന്ത്? സാവിത്രിയും സുലോചനയുമൊക്കെ എത്ര ചമഞ്ഞു നടന്നാലും തിരിഞ്ഞുനോക്കാത്ത ആളാണല്ലോ അദ്ദേഹം. പിന്നീടല്ലേ സംഗതി മനസ്സിലായത്. പിറേറദിവസം കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. "യൂ ആർ ബിയോൺസ് മൈ എക്സ്പെക്റേറഷൻസ്. ദാററ് വോസ് ഓൺലി എ ടെസ്ററ്...ജസ്റ്റ് ഓൺലി എ ടെസ്റ്റ്."

"അപ്പോൾ നിങ്ങൾ........." ഞാൻ പറയാൻ ഇടങ്ങിയതേയുള്ളു.

"അടുത്ത മാർച്ചിൽ ഞങ്ങളുടെ വിവാഹം നടക്കും. വിവാഹത്തിനുശേഷം ഞങ്ങൾ രണ്ടുപേരും ജോലി രാജിവയ്ക്കും. സ്വന്തമായി ഒരു ക്ലിനിക്ക് ഉണ്ടാക്കണമെന്നാണ് അദ്ദേഹത്തിൻെറ മോഹം."

"ബെസ്റ്റ് വിഷസ്"!

അന്നാമ്മച്ചേച്ചിയുടെ ചുണ്ടുകളിൽ മന്ദഹാസം പരന്നു.

പത്തു വർഷങ്ങൾക്കു മുൻപാണാക്കഥ കേട്ടതു്. അതിൽപിന്നീട്ട് പത്തു വസന്തങ്ങൾ കടന്നുപോയി. തലമുടി രണ്ടായിപ്പിന്നിയിട്ട് അതിൽ മുല്ലപ്പൂക്കളും ചൂടി ചുണ്ടുകളിൽ മന്ദഹാസവുമായി, ഗേററ്വേ ഓഫ് ഇൻഡ്യയുടെ കല്പടവുകളിൽ അനിലുമൊന്നിച്ചിരുന്നു്, തിരമാലകളുടെ സംഗീതം കേട്ട ഒരു മലയാളി പെൺകൊടിയുടെ കഥ പറഞ്ഞ, അന്നാമ്മച്ചേച്ചി ഇന്നും എന്റെ സ്മരണയിലുണ്ട്.

കടലലകൾ കാഹളം മുഴക്കുന്ന തീരത്തുവച്ച് മോഹങ്ങളുടേയും മോഹഭംഗങ്ങളുടേയും കഥ പറയുന്ന ഓളങ്ങളെ നോക്കി പറയാമായിരുന്നു.

"നമുക്കു് പിരിയാം. നിങ്ങൾക്കു നന്മകൾ"

പറഞ്ഞുകാണുകയില്ല.

പകരമോ?

"ഒരു ദിവസം—അങ്ങയുടെ വിലയേറിയ ഒരു ദിവസം എനിക്കു് തരൂ. ഒരു കുളിർ ഗാനനിശ്വാസത്താൽ എന്നെയൊന്നുറക്കിയിട്ടുപോകൂ"

പിന്നീട്ട്—

സിഗരററിന്റെ മണമുള്ള നിമിഷങ്ങളിൽ ഒഴുകിവന്ന ഗാനത്തിന്റെ ലഹരിയിൽ എല്ലാം മറന്നു് ഡൺലപ്പ്മെത്തയിൽ ജീവിതം നിർവൃതിയടഞ്ഞപ്പോൾ പലതും ചെയ്തു ഒരു പാപത്തിന്റെ കഥയാവർത്തിക്കുകയായിരുന്നു. പക്ഷേ... ഇന്നു് കട്ടിലിന്റെ പടിയിൽ മുഖമമർത്തിക്കരയുന്ന ഈ സ്ത്രീരൂപം ഒരു ചോദ്യചിഹ്നമാണ്.

ജുഹൂബീച്ചിലെ കുറേ സായം സന്ധ്യകളും ഗേററ്വേ ഓഫ് ഇൻഡ്യയിലെ കല്പടവുകളും വിലയ്ക്കു കൊടുത്ത കുറേ രാത്രികളും ഏല്പിച്ച ഉണങ്ങാത്ത മുറിവുകൾ മാത്രമേ ഇന്നവൾക്കു് ബാക്കിയുള്ളു.

ഡോക്ടർ പരിശോധിക്കാൻ വരുന്നതു കണ്ടു് അന്നാമ്മച്ചേച്ചി മുഖം തുടച്ച് എഴുന്നേററിരുന്നു.

പതിനഞ്ചാം നമ്പർ ബെഡ്ഡിലെ സുഹൃത്തു് ഇന്നു് ധ്യാനത്തിലാണ്. എന്നും പുഞ്ചിരിക്കാറുള്ള ആ മനുഷ്യൻ ഇന്നു് ധ്യാനത്തിൽ നിന്നുണർന്നു് ഡോക്ടറെ ഗൗരവമായി ഒന്നു നോക്കി അത്രമാത്രം.

നേഴ്സും ഡോക്ടറും നടന്നകന്നു.

സമയം രാത്രി എത്ര മണി കഴിഞ്ഞിരിക്കണം.

മേൽക്കൂരയിൽ തൂങ്ങിക്കിടക്കുന്ന വൈദ്യുതദീപത്തിനു ചുററും പ്രാണികൾ വട്ടമിട്ടു പറക്കുന്നു.

കിഷോർ മയങ്ങിക്കിടക്കുകയാണ്.

പതിനഞ്ചാം നമ്പർകാരൻ മുകളിലേക്കു തുറിച്ചുനോക്കിക്കിടക്കുന്നു.

എന്റെ കണ്ണുകളിൽ ഉറക്കംവന്നുകയറി.

ആരോ ഉച്ചത്തിൽ ചിരിക്കുന്നതു കേട്ടാണു് രാവിലെ ഉണർന്നതു്.

ഈശ്വരാ!

സ്വപ്നമാണോ?

പതിനഞ്ചാം നമ്പർ ബെഡ്ഡിലെ സുഹൃത്തു് കിടക്കയിൽ നഗ്നനായി എഴുന്നേററുനിന്നു് പൊട്ടിച്ചിരിക്കുന്നു. വാർഡിലുള്ള നേഴ്സും മററു കുറേപ്പേരും പരിഭ്രാന്തരായി പകച്ചുനില്ക്കുന്നു.

ഞാൻ കിഷോറിന്റെ ബെഡ്ഡിലേക്കു നോക്കി.

എന്റെ സപ്തനാഡികളും തകർന്നുപോലെ തോന്നി.

നീലത്തുണികൾകൊണ്ടു് മറച്ച പതിനൊന്നാം നമ്പർ ബെഡ്ഡിനു് ഒരു നേഴ്സ് കാവൽ നില്ക്കുന്നു.

രണ്ടു കൈകൾകൊണ്ടു് ഞാനെന്റെ കണ്ണുകൾ പൊത്തിപ്പിടിച്ചു.

വീണ്ടും പൊട്ടിച്ചിരി!

ഉന്മാദത്തിന്റെ അട്ടഹാസങ്ങൾ!!

ഞാൻ ചെവികൾ രണ്ടും പൊത്തിക്കിടക്കയിൽ കമിഴ്ന്നു കിടന്നു് വേദനയോടെ പ്രാർത്ഥിച്ചു.

"ഈശ്വരാ, ജീവിതവും മരണവും തമ്മിൽ മല്ലടിക്കുന്ന ഈ തൊഴിൽശാലയിൽ നിന്നു് എന്നെയെങ്കിലും രക്ഷിക്കണേ."



*Top*: SENIOR PRE-DEGREE, GROUP II

*Below*: SENIOR PRE-DEGREE, GROUP III





*Top*: SENIOR PRE-DEGREE, GROUP I *Below*: SENIOR PRE-DEGREE, GROUP IB



# "ജീവിക്കാൻ പഠിക്കൂ"

സമ്പാദകൻ—Ayyappan D SR PDC I B



1 "ചെറിയൊരു ദ്വാരം മതി, വലിയൊരു കപ്പലിനെ താഴ്ത്തിക്കളയുവാൻ."

വില്യം ഷേക്സ്പിയർ

2 "ഒരുവൻ അനുഭവിക്കുന്ന ആത്മക്ലേശത്തിന്റെ മാനദണ്ഡമാണ് അവന്റെ ഉൽക്കർഷത്തിന്റെ മാനദണ്ഡം."

മഹാത്മാഗാന്ധി

3 "അനുഭവത്തിൽനിന്നും പഠിക്കാത്തവരാണ് വിഡ്ഢികൾ"

ജവഹർലാൽ നെഹ്റു

4 "മൂന്നു സുഹൃത്തുക്കളെ എപ്പോഴും വിശ്വസിക്കാം. ഇണങ്ങിക്കഴിഞ്ഞ ഭാര്യ, പഴകിക്കഴിഞ്ഞ നായ്, രൊക്കം പണം."

ഫ്രാങ്ക്ളിൻ

5 "ജീവിതം വിജ്ഞാനത്തിനുവേണ്ടി ഉഴിഞ്ഞുവയ്ക്കുന്നവൻ ഒരിക്കലും മരിക്കുന്നില്ല. തൊട്ടിൽ മുതൽ ശ്മശാനംവരെ നിങ്ങൾ വിദ്യയെ തേടിപ്പിടിക്കുക"

മുഹമ്മദ്നബി

6 "ചോദ്യം ചെയ്യപ്പെടാത്ത ജീവിതം അഭികാമ്യമല്ല"

സോക്രട്ടീസ്

7 മനുഷ്യൻ നല്ലവനായി ജീവിക്കുന്നു. എന്നാൽ സമുദായം അവനെ ദുഷിപ്പിക്കുന്നു.

റൂസ്സോ

8 "നിലനില്ക്കുന്നതു് നാം ആഗ്രഹിക്കുന്നില്ല. നാം ആഗ്രഹിക്കുന്നതു് നിലനില്ക്കുന്നില്ല.

രവീന്ദ്രനാഥടാഗോർ

9 "നിന്ദാവചനങ്ങളിൽ നിന്നുണ്ടാകുന്ന ദുഃഖത്തെക്കാൾ അധികം കഷ്ടമായിട്ട് വേറെ ദുഃഖമില്ല."

ഗീത

10 "തെരുവിലെ തോട്ടി, സിംഹാസനസ്ഥനായ രാജാവിനെപ്പോലെതന്നെ മഹത്വവും മാഹാത്മ്യവുമുള്ളവനാണ്."

വിവേകാനന്ദൻ

11 "മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി."

ശ്രീനാരായണ ഗുരു

12 "കോപമുള്ള മനുഷ്യൻ വിഷത്തിന്റെ സങ്കേതമാണ്."

കൺഫ്യൂഷിയസ്

13 "ജീവിതത്തെ സ്നേഹിക്കാനും ആദരിക്കാനും പഠിക്കൂ. ജീവിതവൈഷമ്യങ്ങൾ എന്താണെന്ന് നിങ്ങൾക്കറിയേണ്ടിവരില്ല"

ഗെഥേ

14 "ഭോഷൻ ആദ്യം സംസാരിക്കുന്നു. ചിന്തിക്കാത്തവൻ രണ്ടാമതു്; ബുദ്ധിമാനോ? ഏറ്റവും ഒടുവിലും."

ജോർജ്ജ് ബർണാഡ്ഷാ

15 "രണ്ടു കാര്യങ്ങളടങ്ങിയതാണ് ഉത്തമ ജീവിതം, പഠിക്കൽ, സമ്പാദിക്കൽ"

മോർളി

16 "അടിമയായിരിക്കാനുള്ള വൈമുഖ്യം യജമാനനായിരിക്കാനുമുണ്ട്. എനിക്ക് ഇതാണ് പ്രജാപ്രഭുത്വത്തിന്റെ ശരിയായ തത്വം."

എബ്രഹാം ലിങ്കൺ

# ഒരു യാത്രാമൊഴി

By P. Balakrishnan

വിടതരികെനിക്കെപ്പോഴും കൂട്ടിനായ്
അരികിലെത്തിടുമോമൽക്കിനാക്കളേ

മധുരമാദകതാളലയങ്ങളിൽ
കുളിരിയലും പ്രതീക്ഷാങ്കുരങ്ങളേ

മഹിയിലെന്തിനും നിശ്ശബ്ദസാക്ഷിയായ്
മരുവിനിന്നിടും താരകങ്ങളേ

കപടനിദ്രമന്ദഹാസങ്ങളേ
ഹൃദയഹാരിയാം ഹേമന്ത ചന്ദ്രികേ

അഴലിലാനന്ദനർത്തനമാടുമെൻ
കനകതൂലികേ, മൽക്കലാദേവതേ

അകലെയെപ്പോഴും കനകം പൂത്തിടും
അതുലദിവ്യദിനാന്തദൃശ്യങ്ങളേ

കുയിലുകൾ കൂവും മാനുകളോടിടും
കടലകാന്താരമദ്ധ്യദേശങ്ങളേ

കളകളാരവഗാനലയത്തിനാൽ
പ്രണയസന്നിധി പൂകും പുഴകളേ

അനഘമിച്ചെറുകുന്നിൻമുടിയിലെ
വിമലവിജ്ഞാനമാം കലാപുഷ്പമേ

ഉലകിലുന്നതരാം പരിത്യാഗികൾ
കഥകളോതിടും ക്രൈസ്തവക്ഷേത്രമേ

ഇരവിലെപ്പോഴും ചക്രവാകങ്ങൾ തൻ
വിരഹവേദന പാടും മരങ്ങളേ

പ്രണയമോതിടുമീറൻമിഴികളേ
പുളകമാർന്നതാം നൽകടാക്ഷങ്ങളേ

ഹൃദയവല്ലരി പൂത്തുപുഷ്പിച്ചൊരാ
രജതരാജീവ മംഗല്യസൂനമേ

വിടതരികെനിക്കിന്നിനിയുമീയെൻ
ഹൃദയഹാരിയാം ഹേമന്തചന്ദ്രികേ.

# "നിഴൽപ്പാട്ടുകൾ"

(കെ. കുഞ്ഞിക്കൃഷ്ണൻ Class I. സൈക്കോളജി)

എന്റെ പ്രിയപ്പെട്ട പെൺകുട്ടി! നിന
ക്ക നല്ലതു വരട്ടെ അല്ലെങ്കിൽ നിന്റെ
വിശ്വാസങ്ങളൊക്കെ ശരിയാവട്ടെ. ഇതെ
വിടെനിന്നാണെഴുതുന്നതെന്ന് നീ അറിയ
ണ്ട. കാരണം അതു മോഹഭംഗങ്ങളുടെ ക
ഥയാണ്. തളർന്നുവീണ വിശ്വാസങ്ങളുടെ
ഞരക്കങ്ങളാണ്. ഒരിക്കലും പൂവണിയാ
ത്ത മോഹങ്ങളുടെ കഥയാണ്. ഓരോ
വിന്റെ-ചുട്ടു പഴുത്ത ആത്മാവിന്റെ-ദീന
രോദനങ്ങളാണ്. അതിനെച്ചൊല്ലി മ
റെറാരാത്മാവുകൂടി വേദനിക്കേണ്ട. (അ
ല്ലെങ്കിൽ നീയെന്തിന വേദനിക്കണം?) നി
നക്കെല്ലാം ഒരു പഴയ സ്വപ്നംപോലെയേ
തോന്നുന്നാണാവൂ. (മറവിയുടെ മുഴക്കിൽ
പെട്ട അതു മാഞ്ഞുപോയേക്കാനും മതി.)
ഞാൻ കഥാകൃത്തുക്കളെപ്പോലെ സംസാരി
ക്കുന്നു ഇല്ലേ? വേദനിക്കുന്ന ഹൃദയങ്ങളുടെ
സ്വരം ഒരുപോലെയാണോ എന്നെനിക്ക
റിയില്ല.

എല്ലാം മറക്കാൻ ശ്രമിച്ചതാണ്. ഒ
നൂറുവട്ടം. പക്ഷേ വീണ്ടും വീണ്ടും നിന്റെ
രൂപം മനസ്സിൽ തെളിഞ്ഞുവരുമ്പോൾ-
എല്ലാം മടങ്ങിവരും കൂടുതൽ ശക്തിയോ
ടെ. ഞാൻ തീ തിന്നുകയാണ്. എന്റെ
മനസ്സിന്റെ സ്വസ്ഥത എന്നേ നഷ്ടപ്പെട്ടി
രിക്കുന്നു. ആ-നഷ്ടപ്പെട്ടതൊന്നും തിരിച്ചു
കിട്ടുകയില്ലായിരിക്കാം. അല്ലെങ്കിൽ അതി
നുവേണ്ടി കരയുന്നവനല്ലേ വിഡ്ഢി? പ
ക്ഷേ, കൊഴിഞ്ഞുവീണ പൂക്കളെ ചവിട്ടി
മെതിക്കാനും ഒരു രസമുണ്ടാവും ഇല്ലേ?
എന്തോ എനിക്കങ്ങനെ തോന്നുന്നു. വേദന
യുടെ ഞരക്കങ്ങൾ ആർക്കും മനസ്സിലാക്കാൻ
കഴിയില്ല. (വേദനിക്കുന്ന ആത്മാക്കൾ
ക്കൊഴിച്ച്). അല്ലെങ്കിൽ നീയെന്തിനു
മനസ്സിലാക്കണം? സുഖത്തിന്റെ മടിത്ത
ട്ടിൽ നില്ക്കുന്ന നിനക്ക് വേദനയെപ്പററി പ
റഞ്ഞുതരുന്ന ഞാനല്ലേ വിഡ്ഢി? കറ
പ്പെട്ടതല്ല-കുട്ടീ. കാരണം കറ മുഴുവൻ
എന്റേതാണ്.

ഈ പട്ടണത്തിലെ ബഹളങ്ങൾക്കും നി
ന്റെ ഓർമ്മയെ അതിജീവിക്കാൻ കഴിയു
ന്നില്ല. (അതോ എന്റെ ആത്മാവിനെ
യോ?) ഇവിടെ മനുഷ്യന് തിരക്കാണ്.
വേദനിക്കുന്നവരെ സാന്ത്വനപ്പെടുത്താൻ
ആരുമില്ല. ചവിട്ടിമെതിക്കാനാണ് രസം;
വേദനകൊണ്ട് പുളയുന്നതു കാണുമ്പോൾ
കൈകൊട്ടിച്ചിരിക്കാനും. എല്ലാവർക്കും ധൃ
തിയാണ്. മുമ്പിൽ പോകാനുള്ള ധൃതി.
ആ പോക്കിൽ നഷ്ടപ്പെടുന്നതെന്തൊക്കെ
യെന്ന് ആർക്കും അറിയില്ല. അറിയുകയും
വേണ്ട. പിറകിലേക്ക തിരിഞ്ഞുനോക്ക
ന്നതു ആശ്വാസപ്രദമല്ല അല്ലേ? പ്രത്യേകി
ച്ചു മനസ്സാക്ഷി കൂടെയുണ്ടെങ്കിൽ? ഇവിടെ
സംശയിച്ചു നിൽക്കാൻ ഇടമില്ല. നിന്നാൽ
മെതിക്കപ്പെട്ടേക്കാം. ചിരിച്ചുകൊണ്ട് ച
വിട്ടിമെതിക്കും കാരണം ഇവിടത്തെ കാ
റുകൾക്കും, ബസ്സുകൾക്കുപോലും ജീവനു
ണ്ട്. പരിഹസിക്കാൻ മാത്രം.

അല്ലെങ്കിൽ നീ എന്തിനിതൊക്കെ അറി
യുന്നു? പക്ഷേ നിനക്കൊരു കഥ വായിക്കു
പോലെ വായിച്ചു പോയ്ക്കൂടെ? നീ എ
ല്ലാം മറന്നു കാണും. അല്ലെങ്കിൽ മറക്കാൻ
ശ്രമിച്ചുകാണും. പക്ഷേ എന്നിട്ടും നിന്നെ
ഞാൻ ഓർമ്മിക്കുന്നു കുട്ടീ. ഓർമ്മിക്കുന്നു. കാ
ലം മായ്ക്കാത്ത മുറിവുകളില്ല. അല്ലേ?
പക്ഷേ ഹൃദയത്തിന്റെ അടിത്തട്ടിൽ മൂടി
ക്കെട്ടിനില്ക്കുന്ന വ്രണം കരിയുമോ?

നിന്നെ ഞാൻ വീണ്ടും കണ്ടു. നീ തെ
ട്ടുന്നതു ഞാൻ കാണുന്നു. നഗരത്തിലെ വൃ
ത്തികെട്ട ഒരു തെരുവിൽവെച്ച്. നീ കഥക
ളിലും മററും വായിക്കാറുള്ള ഒരു തെരുവു
ണ്ട് ഈ പട്ടണത്തിൽ. അവിടെവെച്ചാണ്
നിന്നെ വീണ്ടും കണ്ടത്. വളരെ വളരെക്കാ
ലത്തിനുശേഷം. ഒരിക്കലും പുറത്തുവരാൻ
സമ്മതിക്കാതെയിരുന്ന പലതും അന്നെനി
ക്ക് നഷ്ടപ്പെട്ടു. കാരണം നിന്നെ, എന്റെ

എല്ലാമായിരുന്ന നിന്നെ—ഞാൻ വീണ്ടും കണ്ടു. മുടിനിറയെ പുഞ്ചിരിച്ചു നിൽക്കുന്നമുല്ലപ്പൂക്കളുമായി, മായാത്ത പുഞ്ചിരിയുമായി നില്ക്കുന്ന നിന്നെ ഞാനിപ്പുഴത്തളിത്തെ മണ്ണിൽവെച്ചു വീണ്ടും കണ്ടുമുട്ടി. നീ മുഖം ചുളിക്കേണ്ട. കാരണം സത്യത്തിന്റെ മുഖം പലപ്പോഴും വികൃതമാണ്. വിളിച്ചില്ല. സംസാരിച്ചുമില്ല. പക്ഷേ ആ രൂപമാണ് കുട്ടീ, വളരെക്കാലമായി മൂടിവെച്ചിരുന്ന വേദനയെ പുറത്തു കൊണ്ടുവന്നതു്. മടിക്കുത്തിലും റബ്ബർ ട്യൂബുകളിലും കൊണ്ടുവരുന്ന മഞ്ഞ ദ്രാവകത്തിൽ മൂടിവെച്ചിരുന്ന നിന്റെ ഓർമ്മയെ വീണ്ടും പുറത്തുകൊണ്ടുവന്നതു്.

നീ ഞെട്ടുന്നു. നിനക്കറിയില്ല: കഴിഞ്ഞ നാലുവർഷങ്ങൾ എന്നെ മാററിയിരിക്കുന്നു. നീ ഒരു കാലത്തും സ്വപ്നം കാണാത്തവിധത്തിൽ. ഇന്നു ഞാൻ ഭീരുവാണ് കുട്ടീ, ഭീരു. മറവിയുടെ പിറകിൽപ്പോയി ഒളിക്കാൻ ശ്രമിക്കുന്ന ഒരു തനി ഭീരു. അതു പറയാൻ എനിക്കു ലജ്ജയില്ല. കാരണം എനിക്കെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. എന്റേതായ എല്ലാം. (സ്വപ്നങ്ങൾ കൂടി) യെറു കത്തിയെരിയുന്ന ആ ദ്രാവകത്തിനുകൂടി നിന്നെ മായ്ച്ചുകളയാൻ ശക്തിയില്ല. എന്റെ എല്ലാം എല്ലാമായ നീ നഷ്ടപ്പെട്ടപ്പോൾ എനിക്കീ ലോകം നഷ്ടപ്പെട്ടു. പ്രപഞ്ചത്തിൽ എനിക്കായി ഒന്നുമില്ല (ഒരു പിടി ചാമ്പലായ സ്വപ്നങ്ങളൊഴിച്ച്).

നീ ഇതു വായിക്കുമ്പോൾ പൊട്ടിച്ചിരിക്കുകയായിരിക്കും. ഒ്—പറഞ്ഞു ചിരിക്കാൻ കൂട്ടിനാളുണ്ടല്ലോ. നീ ഞെട്ടേണ്ട. നീയറിയിച്ചില്ലെങ്കിലും ഞാനതറിഞ്ഞു. എനിക്കു നിരാശയില്ല. വേദനയില്ല. ഉള്ളതു് വെറും മരവിപ്പാണ്. കാരണം അർഹിക്കാത്തതു ആശിച്ചവർക്കൊക്കെ ഇതുതന്നെയായിരുന്നു ഫലം. അതേപ്പററി ഞാൻ മാത്രമെന്തിനു കേഴണം? നീ പുഞ്ചിരിക്കൂ. അതു മാത്രമാണെനിക്കാവശ്യം. ഓർമ്മകൾ അയവിറക്കുന്നതു് നല്ലതാണ് അല്ലേ? എന്നെ സംബന്ധിച്ചിടത്തോളം ആണെന്ന് തോന്നുന്നു. നിനക്കതു ശാപമായിരിക്കും. ആത്മാവിന്റെ ഉള്ളറകൾ തുറക്കാൻ അധികമാരും ധൈര്യപ്പെടാറില്ല. കാരണം അതു നിറയെ ശപിക്കപ്പെട്ട വിശ്വാസങ്ങളാണ് യുഗങ്ങളോളം മനസ്സിൽ കിടന്നു മരവിച്ചു, അവസാനം മണ്ണടിയേണ്ട ശാപങ്ങളാണ്. അതു പുറത്തുവന്നാൽ പലതും തകരും. സ്വപ്നങ്ങൾ ഈയ്യാംപാററകളെപ്പോലെ കൊഴിഞ്ഞുവീഴും. വീഴ്ചയിൽ മുഖമുള്ള പാട്ടുകൾ വീഴും. ശാശ്വതമായ—ഒരിക്കലും മാഞ്ഞുപോകാത്ത വികൃതമായ പാട്ടുകൾ. പക്ഷേ നിനക്കങ്ങനെ ഒരുകാലത്തും പററാതിരിക്കട്ടെ കുട്ടീ. കാരണം നീ എല്ലാമാണ്—അല്ല ആയിരുന്നു, എന്റെ എല്ലാമായിരുന്നു.

ഓ—ഞാൻ ഒരു പെൺകുട്ടിയെപ്പററി പറഞ്ഞുവല്ലോ. അവളെ ഞാൻ വീണ്ടും കണ്ടു. മദ്യം ചമച്ചുവിട്ട സ്വപ്നലോകത്തിൽ വെച്ച്. അവളെന്നെ മാടിവിളിക്കുന്നു മുല്ലപ്പൂക്കളുടെ തീക്ഷ്ണഗന്ധം കൊണ്ടാണെനിക്കു തിരിച്ചറിയാൻ കഴിഞ്ഞതു്. നിന്റെ അതേ പുഞ്ചിരി. ചായമടിച്ചതാണ് മുഖം അങ്ങനെ പലതും പലതും. അവളെന്നെ മാടിവിളിക്കുകയായിരുന്നു. ആയിരമായിരം ആത്മാക്കൾക്കു കാഴ്ചവെച്ചിട്ടും വശ്യത മായാത്ത പുഞ്ചിരിയുമായി അവൾ മാടിവിളിക്കുന്നു. അതു നീയായിരുന്നോ? അല്ല ഒരിക്കലുമല്ല. കാരണം നീ എന്റെ വിശ്വാസമാണ്. ആ വിശ്വാസം തകർന്നാൽ ഞാൻ തകരും. അതോ ഞാൻ തകർന്നുവോ?

നിനക്കെന്നെപ്പററി കൂടുതലായൊന്നും അറിയില്ല. അറിയുകയും വേണ്ട. കാരണം ചുററും ഒഴുക്കാണ്. ഈ ഒഴുക്കിൽ ഒന്നും ശാശ്വതമല്ല. ചിലർക്കൊക്കെ പിടിച്ചു നിൽക്കാൻ കഴിഞ്ഞെന്നുവരാം. അതിലൊന്നായിരിക്കും നീയും. നിന്റെ സ്ഥാനം ശാശ്വതമായിരിക്കട്ടെ കുട്ടീ. (അല്ലെങ്കിൽ നീയെന്തിനു ഭയപ്പെടണം? താങ്ങാൻ ബലിഷ്ഠമായ രണ്ടു കൈകളുണ്ടല്ലോ നിനക്കു കൂട്ടിനു്). ഇപ്പോൾ എന്റെ ദേഹം വളരെ വളരെ മെലിഞ്ഞതാണ്. കൈകൾ വളരെ ബലഹീനമാണ്. വളരെയേറെ മാറിയിട്ടുണ്ട് ഞാൻ. കാലം ആർക്കുവേണ്ടിയും കാത്തുനിൽക്കുന്നില്ല.

നിന്നെയും നിന്നെക്കാണാൻ ഇടയായ പരിസരത്തെയും ഞാൻ മറക്കാൻ ശ്രമിക്കുകയാണ്. പക്ഷേ "നാം ആഗ്രഹിക്കുന്ന

പലതും നടക്കാറില്ലല്ലോ? ഞാൻ ഈയിടെ ഒരു സ്വപ്നം കണ്ടു. നിന്നെപ്പറ്റിയല്ലാതെ ഒന്നും എനിക്ക് സ്വപ്നം കാണാനില്ലല്ലോ. അനന്തമായ വഴിയിലൂടെ ഞാൻ നടന്നു പോവുകയാണ്. വെള്ളിമേഘങ്ങൾ മാത്രമുണ്ട്. കൂട്ടിന്നായി. അങ്ങു ദൂരെ കടലിന്റെ മുഴക്കം കേൾക്കാം. അതൊഴിച്ചാൽ ലോകം നിശ്ശബ്ദമാണ്. എന്റെ കാലടികൾപോലും ശബ്ദമുണ്ടാക്കുന്നില്ല. പെട്ടെന്ന് എല്ലാം മാറി. ഇരുട്ടാണ് ചുറ്റും. വെള്ളിമേഘങ്ങൾ ചലിക്കുന്ന കറുത്ത ഭീകരരൂപങ്ങളായി മാറി. കറുത്ത പുകപോലുള്ള രൂപങ്ങൾ. അവയെന്നെ മൂടാൻ തുടങ്ങി. കടലിന്റെ മുഴക്കം നേരിയതായി വരികയാണ്. അതാ വെള്ളം കുതിച്ചുകയറിവരുന്നു. ഞാനതിൽ മുങ്ങി. കഴുത്തുവരെ മുങ്ങി. അതോടെ കറുത്ത രൂപങ്ങൾ പിൻവാങ്ങി. അവസാനം മുഖംകൂടി വെള്ളത്തിൽ മുങ്ങി. ഞാൻ ശ്വാസത്തിന്നായി പിടച്ചു. അപ്പോഴായിരുന്നെന്നു തോന്നുന്നു നീ വന്നത്. ഞാൻ കണ്ണു തുറന്നപ്പോൾ കണ്ടത് വെള്ളം താണുപോവുന്നതാണ്. നീ മായാത്ത പുഞ്ചിരിയുമായി ദൂരെ നിൽക്കുന്നു. ഫോക്കസ് തെറ്റിയ ചിത്രംപോലെയുള്ള അവ്യക്തമായ ഒരു രൂപം. വെള്ളിമേഘങ്ങൾ നിന്നെ കണ്ടപ്പോൾ വീണ്ടും വന്നു. നമ്മൾ രണ്ടുപേരുംകൂടി ആടിപ്പാടി ആ മേഘമാലയിൽക്കൂടി സഞ്ചരിക്കാൻ തുടങ്ങി. പെട്ടെന്നായിരുന്നു കാലിടറി നീ അതിൽനിന്നും വീണത്. അഗാധമായ ആ സമുദ്രത്തിന്റെ മാറിലേക്ക്. ഞാൻ നിലവിളിച്ചു. ദിഗന്തം മുഴങ്ങുന്ന തരത്തിൽ നിലവിളിച്ചു. തിരമാലകൾ ശബ്ദമുണ്ടാക്കാതെ ചീറിയടിച്ചു. കറുത്ത ഭയങ്കരരൂപങ്ങൾ എനിക്കു ചുറ്റും വീണ്ടും നൃത്തം വെച്ചു. അപ്പോൾ വീണ്ടും നീ ഉയർന്നുവന്നു. അതേ മായാത്ത പുഞ്ചിരിയുമായി നാം വീണ്ടും ആടിപ്പാടി നടന്നു. അവസാനം, അവസാനം ഞാൻ വ്യക്തമായി ഓർമ്മിക്കുന്നില്ല. ആ മേഘമാലയിൽ നാം അലിഞ്ഞുചേർന്നെന്നാണ് എനിക്കു തോന്നുന്നത്.

നിനക്ക് ചിരിക്കാൻ തോന്നുന്നുണ്ടാവും എന്റെ ഭ്രാന്തു കേട്ടിട്ട്. സ്വപ്നവും ജീവിതവുമായി വല്ല ബന്ധവുമുണ്ടോ എന്നെനിക്കറിയില്ല. പക്ഷേ നിരാശരായി മയങ്ങിക്കിടക്കുന്ന ആത്മാക്കളുടെ ആഗ്രഹങ്ങളെ സാക്ഷാത്കരിക്കാനായിരിക്കും സ്വപ്നങ്ങൾ. സ്വപ്നങ്ങളെങ്കിലും വേദനിക്കുന്നവരോട് സഹതപിക്കുവാനുണ്ടല്ലോ അനുമതി.

എന്റെ തത്വജ്ഞാനം കേട്ട് നീ ചിരിക്കുന്നുണ്ടായിരിക്കും. ലഹരി പിടിപ്പിക്കുന്ന ചിരി. നീയിപ്പോൾ എങ്ങനെയിരിക്കുമെന്ന് ഞാൻ പലപ്പോഴും ആലോചിച്ചുനോക്കാറുണ്ട്. കടൽത്തീരത്തിലും, സിനിമാശാലകളിലും, ബുക്ക്സ്റ്റാളിലും കയറിയിറങ്ങിത്തന്നെയാണോ നീ ദിവസം ചെലവഴിക്കുന്നത്? ആയിരിക്കണം. കാരണം സമുദായം അനുവദിച്ചിട്ടുള്ള കൂട്ടുകാരനുണ്ടല്ലോ കൂടെ. പൊട്ടിച്ചിരിച്ചുകൊണ്ട്, കൈകോർത്തുപിടിച്ച്, നിങ്ങൾ നടന്നുപോകുന്നതു ഞാൻ കാണുന്നു.

നീ പ്രേമത്തെപ്പറ്റി നിന്റെ അദ്ദേഹത്തോട് വല്ലതും ചോദിച്ചിട്ടുണ്ടോ? തർക്കിച്ചിട്ടുണ്ടോ? അയാൾ വല്ലവരേയും 'സ്നേഹിച്ചിട്ടുണ്ടോ'? 'സ്നേഹിച്ചിട്ടുണ്ടോ'—എന്നു മാത്രമേ ചോദിക്കാവൂ. ഒരു പക്ഷേ നിന്നെപ്പോലെതന്നെ ആ മനുഷ്യനും എല്ലാം മറച്ചുവെച്ചു സംസാരിച്ചുകാണും. നിന്നെ വാനോളം എടുത്തുയർത്തിക്കാണും. (എനിക്കസൂയയില്ല കുട്ടി.) അല്ലെങ്കിൽ നിഷ്കളങ്കമായി ഒന്നു പുഞ്ചിരിച്ചു കാണും. (അത്രമാത്രമേയുള്ളോ?)

നാം തമ്മിൽ വല്ലപ്പോഴും പ്രേമത്തെപ്പറ്റി സംസാരിച്ചിരുന്നോ? ഇല്ലെന്നാണ് തോന്നുന്നത്. പക്ഷേ നിന്റെ കണ്ണുകളിൽ എനിക്കതു മാത്രമേ കാണാൻ കഴിഞ്ഞിട്ടുള്ളൂ. അതു ഞാൻ നിന്നോട് പറഞ്ഞിരുന്നപ്പോഴും നീ നാണിച്ചിരുന്നില്ല. കാരണം ഒരു സ്ത്രീയുടേതിനേക്കാൾ ഒരു പുരുഷന്റെ ഹൃദയമായിരുന്നു നിനക്ക്. (അല്ലെങ്കിൽ കൂട്ടുകാരികൾ കാൺകെ എന്നോട് സംസാരിക്കുവാനും പൊട്ടിച്ചിരിക്കുവാനും നിനക്കു കഴിയുമായിരുന്നോ?) വിയറ്റ്നാമിനേക്കുറിച്ചും, കമ്യൂണിസത്തെക്കുറിച്ചുമായിരുന്നു നിനക്കു സംസാരിക്കാൻ കൂടുതലിഷ്ടം. എല്ലാം ഞാനോർമ്മിക്കുന്നു കുട്ടി. അല്ലെങ്കിൽ ഓർമ്മ എന്നെ വേട്ടയാടുകയാണ്. നീ ഒന്നും ഓർമ്മിക്കരുത്. കാരണം ഓർമ്മ അതൊരു നീരാളിയാണ്. രക്തം മുഴുവൻ വലിച്ചുകുടിക്കും.

ഞാനിതെല്ലാം എഴുതുന്നതിന്റെ കാരണം നിനക്കറിയേണ്ടേ? നിന്റെ പ്രിയപ്പെട്ട ആ വരികളിലിരുണ്ടല്ലോ. ഞാനിപ്പോഴും അതു വായിക്കാറുണ്ട്. ഒരു ലക്ഷംപ്രാവശ്യം വിടാതെ. അതാണിതിനെല്ലാം കാരണം. നിന്നെ ഞാനതിൽ വീണ്ടും കണ്ടു. ഒററപ്പെട്ട കൂട്ടുകാരനോടൊപ്പം തന്നെ. ആ, വശ്യമായ പുഞ്ചിരിയുമായി നീ നില്ക്കുന്നു. നീയെന്നെ പരിഹസിക്കുകയായിരുന്നോ? പച്ചപ്പുല്ലിൽ കുത്തി വേദനിപ്പിക്കുവാനും ചിലർക്ക് താത്പര്യം കാണുമായിരിക്കും ഇല്ലേ? വേദനിക്കുവാനും നെടുവീർപ്പിടാനും മാത്രമേ എനിക്കീ ജീവിതത്തിൽ കഴിയുകയുള്ളൂ. ഉറങ്ങിക്കിടന്നിരുന്ന എന്റെ വേദനകൾ മുഴുവൻ ഉരുകി ഒലിക്കുകയായിരുന്നു. ചുട്ടുപഴുത്ത എന്റെ ഹൃദയം നുറുങ്ങുകയായിരുന്നു. വേദനകൊണ്ടല്ല. നിരാശകൊണ്ടുമല്ല. പിന്നെ, എന്നെപ്പറ്റിത്തന്നെ ആലോചിച്ചുകൊണ്ട്.

ഇതാ വർഷങ്ങൾക്കു മുമ്പ് നിന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ചിരുന്ന ആ പുസ്തകം ഞാൻ നിനക്കയക്കുന്നു. വെഡ്ഡിങ്ങ് പ്രസന്റല്ല. കേവലം ഓർമ്മയ്ക്കായി. നീ പുഞ്ചിരിയോടെ എന്റെ ഓട്ടോഗ്രാഫിൽ എഴുതിയിരുന്ന ആ വരികളും ഞാൻ മറന്നിട്ടില്ല. അതിന്റെ കൂടെ നീ ഇതുകൂടെ വായിക്കണം. നിനക്ക് എല്ലാ ആശംസകളും നേരുന്നു കുട്ടി– നേരുന്നു.

"All is not lost, the
unconquerable will
And study of revenge,
immortal hate,
And courage never to submit
or yield,
And what's eke not to be
Over come."

നീ എഴുതിയിരുന്ന വരികളായിരുന്നു ഇത്. നീ ഇതുകൂടെ ഓർമ്മിക്കൂ.

"The mind is its own place,
and in itself
Can make a heaven of hell,
a hell of heaven."

കാരണം ആരാധകരുടെ വേദന ആരറിയാൻ? എന്റെ കുട്ടി നീ സ്വപ്നം കാണുന്നതെല്ലാം നേടുക. കാരണം എനിക്കു നീ നഷ്ടപ്പെട്ടുവല്ലെങ്കിലും, നീ പുഷ്പിച്ചുനില്ക്കുന്നതെനിക്കു കാണണം.


*With the Best Compliments*

# SPORTS CENTRE

**DEALERS IN SPORTS GOODS AND TOYS**

T. B. ROAD

**ERNAKULAM**

PROP : A. R. JOSEPH

# കലയും ജീവിതവും

പി. ടി. ലോനപ്പൻ, സീനിയർ പ്രീഡിഗ്രി I A

യുഗയുഗാന്തരങ്ങളിലൂടെ മുന്നേറിക്കൊണ്ടിരിക്കുന്ന മാനവ സമുദായവും കലയും തമ്മിൽ അഭേദ്യമായ ഒരു ബന്ധം ഉണ്ടെന്ന് നാം നമ്മുടെ അനുഭവങ്ങളിൽ നിന്നും അറിയുന്നു. പൗരാണിക കാലംമുതൽ മനുഷ്യനിൽ കണ്ടുവരുന്ന ഈ പ്രവണത കാലത്തിന്റെ നികവിൽ മനുഷ്യസമുദായത്തിന് മറക്കാനാവാത്ത സാഹിത്യകാരന്മാരെയും സംഗീത വിദ്വാന്മാരെയും നടനകലാ വിദഗ്ദ്ധന്മാരെയും ലോകത്തിന് സംഭാവന ചെയ്തിട്ടുണ്ട്. അജ്ഞാനത്തിന്റെയും അന്ധവിശ്വാസത്തിന്റെയും കരിമ്പാറക്കൂട്ടങ്ങളെ തട്ടിയുടച്ച് വിജ്ഞാനത്തിന്റെയും ഉത്തമ വിശ്വാസത്തിന്റെയും വിത്തു വിതയ്ക്കുന്ന ഉത്തമ കർഷകനാണ് കലാകാരൻ. മനുഷ്യജീവിതത്തിന്റെ വിവിധ രൂപരേഖകളെ പ്രേക്ഷകരെ അത്ഭുതത്തിന്റെയും ചിന്തയുടെയും മായാമണ്ഡലങ്ങളിലേക്ക് പ്രയാണം ചെയ്യിക്കത്തക്ക രീതിയിൽ അവൻ ആവിഷ്കരിക്കുന്നു. ജീവിത വഴിത്താരകളിൽ പതംപതത്ത അനുഭവങ്ങളുമായി ഏറ്റുമുട്ടി ക്ലേശങ്ങളുടെ ഭാണ്ഡവും ഏറി കഷ്ടാനുഭവത്തിന്റെ കാൽവഴിയേറുന്ന നിരാശരും നിരാലംബരും ആയ ആയിരങ്ങൾക്ക് കലാദേവത ആനന്ദവും ആഹ്ളാദവും നിർലോഭം പകരുന്നു. കലോപാസനത്താൽ ജീവിതലക്ഷ്യമില്ലാത്തവരുടെ ശൂന്യഹൃദയത്തിൽ ജീവിതലക്ഷ്യവും മാഹാത്മ്യവും അങ്കുരിക്കുന്നു. ഹൃദയത്തിന്റെ ഉൾത്തട്ടുകളിൽ സഹാനുഭൂതിയുടെയും സാഹോദര്യത്തിന്റെയും പൊൻമണിദീപം കൊളുത്തപ്പെടുന്നു.

കല മനുഷ്യഹൃദയത്തിന്റെ മാലിന്യങ്ങളെ ഇരത്തി വിശുദ്ധിയുടെ മാറ്റു വർദ്ധിപ്പിക്കുന്ന ഒരു വിശിഷ്ടദാനമാണ്. ആത്മാവിഷ്കരണങ്ങളാൽ അനാദിനാ ജീവിത യാഥാർത്ഥ്യങ്ങളെ മനുഷ്യഹൃദയത്തിലേക്ക് പകരുന്ന കലാവേദികൾ ഉദ്ദേശ്യശുദ്ധിയും കാരനിയന്ത്രണവും ഉള്ളതായിരിക്കണം. കാരണം, കാന്തം കാരിരുമ്പിനെയെന്നവണ്ണം കല മനുഷ്യഹൃദയത്തെ ആകർഷിക്കയും വശപ്പെടുത്തുകയും ചെയ്യുന്നു. ആസ്വാദനത്തിനുള്ള കലയിൽ ആസ്വാദകനും കലാകാരനും അവശ്യമായ ചില കടമകളും അവകാശങ്ങളുമുണ്ട്...

കല അതിനുവേണ്ടി മാത്രമുള്ളതല്ല, ഹൃദയത്തിനും ജീവിതത്തിനും വേണ്ടിയുള്ളതാണ്. മധുവും മണവും സൃഷ്ടിക്കുന്ന മായികപ്രപഞ്ചത്തിലെ വെറുമൊരു വഴിയാത്രക്കാരനല്ല കലാകാരൻ. അനന്യസാധാരണങ്ങളായ ചില കഴിവുകളാൽ അലങ്കരിക്കപ്പെട്ടവനായ കലാകാരനിൽ കടമയുടെയും അവകാശങ്ങളുടെയും ചില ഘടകങ്ങളുണ്ട്. മനുഷ്യപുത്രർക്കുപകരിക്കുന്ന രീതിയിൽ മാത്രം സ്വന്തം ആദർശത്തിൽനിന്നും ആശയങ്ങളിൽനിന്നും മാത്രം അങ്കുരിക്കുന്ന കലാസൂനങ്ങളെ സമുദായത്തിന് സമർപ്പിക്കാവൂ. എരികനലിൽ പ്രവേശിക്കുന്ന പൂമ്പാറ്റകളെപ്പോലെ സ്വാതന്ത്ര്യത്താൽ കലാനാശത്തിനിടവരാതിരിക്കുവാൻ ഒരു കലാകാരൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പ്രകൃതി സമ്മാനിച്ച കലാവൈദഗ്ദ്ധ്യം പ്രാപഞ്ചികാനുഗ്രഹങ്ങൾക്കും സമുദായോദ്ധാരണത്തിനും വേണ്ടി മാത്രം സമ്മാനിക്കുമ്പോഴെ അവന്റെ കടമയുടെ കവാടങ്ങൾ അടയ്ക്കപ്പെടുന്നുള്ളൂ. മാനവഹൃദയത്തെ സ്പർശിച്ച് മഥനം ചെയ്ത് ബലഹീനതകളെ നിഗ്രഹം ചെയ്ത് വിശുദ്ധീകരിക്കുന്ന ഒരു പ്രേഷിതപ്രയത്നം തന്നെയാണ് ഉത്തമ കലാകാരൻ ചെയ്യുന്നത്. അവധാനപൂർവ്വമുള്ള അവന്റെ തൂലികാചലനങ്ങൾ ആദർശങ്ങളാൽ ആനയിക്കപ്പെടുന്നവയാണ്.

ദുഃഖിക്കുന്ന മനുഷ്യലക്ഷങ്ങളുടെ സങ്കല്പങ്ങളിൽനിന്നുയരുന്ന മായാമരീചികയാകരുത് കല. മാനവസമുദായത്തിന്റെ ശോകമൂകഗാനമല്ല അവന്റെ സങ്കല്പ വീണക്കമ്പികളിൽ മീട്ടപ്പെടേണ്ടത്. കലാകാരന്റെ സ്വപ്നരഥത്തിന്റെ ഓരോ ധ്വനിയും അവൻ വസിക്കുന്ന ലോകത്തിന്റെ ഓരോ

ബിന്ദുവിലും പ്രതിധ്വനിക്കണം. മനുഷ്യമസ്തിഷ്കങ്ങളിൽ ദേശീയ ബോധമങ്കുരിപ്പിക്കുവാൻ കലക്ക് മറ്റെല്ലാ ശക്തികളെക്കാൾ ഉപരിശക്തിയും സ്ഥാനവുമുണ്ട്. ചരിത്രത്തിന്റെ താളുകളെ സാക്ഷി നിർത്തിക്കൊണ്ട് സത്യം ഇന്നും ഉടരുകയാണ്. ഫ്രാൻസിലെ ജനകോടികളിൽ ജീവിതത്തിന്റെ പ്രബുദ്ധ സിദ്ധാന്തങ്ങളുളവാക്കി വിപ്ളവാത്മകവും വിസ്മയാവഹവും ആയ ഒരന്തരീക്ഷം "റൂസോ"യുടെ തൂലിക ചലനങ്ങളാൽ സൃഷ്ടിക്കപ്പെട്ടുവെങ്കിൽ, റഷ്യൻ ചക്രവാളങ്ങൾക്കുള്ളിൽ ചില നവീന തത്വസംഹിതകൾ പടുത്തുയർത്തുവാൻ 'കാറൽ മാർക്സിനു' കഴിഞ്ഞുവെങ്കിൽ അനുഗൃഹീതനായ ഏതൊരു കലാകാരനും ആസ്വാദകരിൽ ചില അനർഘ ചലനങ്ങളുളവാക്കാൻ സാധിക്കുമെന്ന് മനസ്സിലാക്കാം.

കലാകാരന്റെ കഴിവുകളെ പ്രദർശിപ്പിക്കാനനുവദിച്ച് അവനെ പ്രോത്സാഹിപ്പിക്കുക സമുദായധർമ്മമാണ്. വിടരാൻ കൊതിക്കുന്ന-തിളങ്ങാൻ വെമ്പൽ കൊള്ളുന്ന അവന്റെ കലാമുകുളങ്ങളെ നിർദ്ദയം കുപ്പയിലേക്ക് തള്ളിക്കളയരുത്. ഇന്ന് ഒരു കലാകാരനെ അദ്ദേഹം അർഹിക്കുന്ന രീതിയിൽ ആദരിക്കുന്നില്ലെന്ന് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. കലാകാരനെയും കലയെയും അപവാദ ശരങ്ങളാലും വിമർശനങ്ങളാലും തരംതാഴ്ത്തി കാട്ടുന്ന ഒരു പ്രവണത പൊതുവെ കണ്ടുവരുന്നുണ്ട്.

വിദ്യാലയങ്ങളിലും മറ്റു സ്ഥാപനങ്ങളിലും കലാസംഘടനകൾ രൂപീകരിച്ച് കാലത്തിനൊത്ത രീതിയിൽ സംസ്കാരത്തിനനുസരിച്ച രീതിയിൽ ആചാരങ്ങളെയോ ധാർമ്മിക രീതിയെയോ വ്രണപ്പെടുത്താതെ കലയെ അഭിവൃദ്ധിപ്പെടുത്തണം. സഹകരണ മനോഭാവത്തോടെ പ്രോത്സാഹന ദാനങ്ങളിലൂടെ കല നിത്യജീവിതത്തിന്റെ ഒര വിഭാജ്യഘടകമാക്കിത്തീർക്കുവാൻ വളരുന്ന യുവതലമുറ മുന്നോട്ടു വരട്ടെ.

---

6/-

*With the best compliments of:*

# COCHIN BAKERY

ERNAKULAM – 1.

PHONE 368.

# ക്ലിയോപാട്ര

SIVOLLY NARAYANAN (Old student)

കാലത്തിൻ വിരൽത്തുമ്പാൽ
സപ്തസിന്ദൂരം പൂശി
കാവ്യദേവതയെന്നിൽ
ചിന്തകൾ പകർന്നപ്പോൾ
കവിതം ഇളനീമാ
കവിളിൽ കലാമൂല്യം
കതിരിട്ടെത്തും നാണ-
ച്ചുഴിയിൽ പൂന്തേനുമായ്.
പശ്ചിമ ഘട്ടങ്ങളെ-
ച്ചിന്നിട്ടു നീ വന്നെത്തി
സുസ്മിതം പൂവിട്ടാത
പൂർണ്ണചന്ദ്രനെപ്പോലെ
കാലത്തിന്നേണിപ്പടി
ചവിട്ടിക്കടന്നു നാം
കാല്പനികത്വത്തിന്റെ
സാന്ദ്രവും പിന്നിട്ടല്ലോ!
ഏതിലുമനശ്വര-
യായി നീ നില്പൂ, കാലം
പങ്കിടാൻ മടിക്കുന്ന
വിശ്വൈക കലാശില്പം
വിവിധത്വത്തിൻ വർണ്ണ
ച്ചിറകാൽ ദേഹം മൂടി
വിരിയും സ്വൈരത്തോടെ
മന്നിൽ നീയെന്നും നില്പൂ.
ഷേക്സ്പിയർ മഹാകവി
ഭാവങ്ങളാലെ തീർത്തു
ഭാവനാലോലേ നിന്നെ,
ലോകത്തിൻ ക്യാൻവാസിന്മേൽ
വിടരും വികാരത്താൽ
വിശ്രുത നേതാക്കന്മാർ
വിശ്വമോഹിനി നിന്റെ
ചുററിനും വട്ടം ചേർന്നു
വിതന്നല്ലാനായ് വന്നു-
പലതും കാൽക്കൽ വീണു
വിനമ്ര ശിരസ്സോടെ,
സർവ്വവും മറന്നു നീ
മനസ്സിൽ സംതൃപ്തിത-
ന്നായിരം കലികകൾ
മകരം കണിവയ്ക്കും
മാമ്പൂവുപോലെ പൂത്തു
ആന്റണി പ്രേമത്തിന്റെ
പൂന്തനാം പൂച്ചെണ്ടുമായ്
ആയിരംവട്ടം നിന്റെ-
യാത്മപൂജയെ ചെയ്തു
ന്യായപീഠങ്ങൾ നിന്റെ
മുന്നിലായ് തല താഴ്ത്തി
നീതിപാലകർ നിന്നെ
നിത്യവുമാരാധിച്ചു.
'നയിലി'ൽ തടത്തിലെ
സുന്ദരിയാകും 'സപ്ത
നായിക'യായിട്ടു നീ [illegible]
മുദിതയായപ്പോഴും
കൺകളിൽക്കിനാവുമായ്
തെല്ലഹങ്കാരത്തോടെ
കൺമണി നിലകൊണ്ടു
നീമയാത്ത സ്വപ്നംപോലെ !
ദ്രയാ ലഭിമാനത്താൽ
ഇട്ടെത്താതമുഖം,
വിനകൾ ചെയ്യാൻ വെമ്പും
ബുദ്ധിയും സാമർത്ഥ്യവും
സത്യവും കട്ടിക്കളി
മാറാത്ത പ്രകൃതവും
സംശയം ജനിപ്പിക്കും
ചിരിയും ഭാവങ്ങളും
രാജകീയത്വം ഇളളി-
ത്തുളളും വദനവും
ഭാഗലോലിതേ നിന്റെ
യുത്തുംഗസ്വഭാവങ്ങൾ
ആരാധ്യമനിഷേധ്യ
യായി നീ വാഴ്‌വൂ കലാ
വേദിയിലധിരാധി
കാരത്തിൻ ചെങ്കോലുമായ്
കാവ്യലോകത്തിൽ വാഴും
പിൻ മുറക്കാർ വന്നെത്തി
നവ്യമാം തേജസ്സുൾക്കൊ-
ണ്ടെന്നെന്നും വാഴ്ത്തും നിന്നെ,

# വസന്ത സമാഗമം

By Thresia Jacob Class I Psychology

ഞാൻ രോഗശയ്യയിൽ എഴുന്നേററിരുന്നു. കുറച്ചുകഴിഞ്ഞു് വീണ്ടും കിടന്നു. തിരിഞ്ഞും മറിഞ്ഞും കിടന്നു. യാതൊരു സുഖവും കിട്ടുന്നില്ല. കണ്ണു് ഇറുകെ അടച്ചു. പിന്നിട്ട ജീവിതത്തിലെ വസന്തകാലങ്ങൾ എന്നെ മാടിവിളിക്കുകയാണു്...... ഇല്ല ഇനിയൊരിക്കലും എൻെറ ജീവിതത്തിൽ വസന്തമുണ്ടാകുകയില്ല... പൊട്ടിക്കരയണമെന്നു തോന്നി. വേണ്ട, അല്ലെങ്കിൽത്തന്നെ മനോരോഗമാണെന്നാണു് ഡോക്ടർമാർ പറയുന്നതു്. അല്ല...എനിക്കു മനോരോഗമല്ല. സഹിക്കവയ്യാത്ത തലവേദന . അല്ല വയററിൽ വേദന...ഇതൊന്നുമല്ല. തല ചുററൽ......



ദൈവമേ ഇതെല്ലാം ഒന്നു വേഗം മാറിയിരുന്നെങ്കിൽ! എന്തിനു്...മാറിയാൽ തന്നെയെന്തിനു്...എൻെറ ഇടതുകൈ നഷ്ടപ്പെട്ട അന്നുമുതൽ എൻെറ ജീവിതത്തിലെ വസന്തം അവസാനിച്ചു......പിന്നെ ഈ ജീവിതമാകുന്ന മണലാരണ്യത്തിൻെറ ഉടമസ്ഥൻ വെറും...വെറും...എന്താണതിനു പേരു പറയുക...അയ്യോ!...എന്തൊരു തലവേദന...ആവൂ... എന്തൊരു വയററിൽ വേദന.. ...ഡോക്ടർ ഒന്നു വേഗം വന്നിരുന്നെങ്കിൽ! ഡോക്ടറിൽനിന്നു മാത്രമാണു് അല്പം സമാധാനം കിട്ടുന്നതു്. അവരുടെ സ്നേഹസമ്പൂർണമായ പരിലാളനയിൽ എൻെറ മനോവ്യഥ അല്പമെങ്കിലും ചോർന്നുപോകുന്നുണ്ടു്.

ഞാൻ ജനലിലൂടെ പുറത്തേയ്ക്കു നോക്കി. കാർമേഘങ്ങൾ ചന്ദ്രികാ കാമുകനു് ആകാശത്തിൽ മെത്ത വിരിക്കുകയാണു്. അങ്ങിങ്ങായി താരകൾ കണ്ണു ചിമ്മുന്നുണ്ടു്. വൃക്ഷലതാദികളോടു് കിന്നാരം പറഞ്ഞുകൊണ്ടു് മന്ദമാരുതൻ ഈ മുറിയിലൂടെയും പോകുന്നുണ്ടെന്നു് ഉയർന്നു താഴുന്ന ജനൽ വിരികൾ വ്യക്തമാക്കി. എങ്ങും പ്രശാന്തമായ അന്തരീക്ഷം.

...അന്നു് രണ്ടു കയ്യോടുംകൂടി സുമുഖനായ, സുന്ദരനായി എല്ലാവരുടെയും ആരാധനാപാത്രമായി കഴിഞ്ഞിരുന്നപ്പോൾ മരണത്തെക്കുറിച്ചു് ചിന്തിച്ചിട്ടുപോലുമില്ല. എന്നാൽ മരണം ഇന്നെൻെറ കാമുകിയാണു്. വൈരക്കല്ലുകളും മുത്തുകളും പതിച്ച അവളുടെ സ്വർണ്ണച്ചിറകിൻ കീഴിലിരുന്നാൻ... സുഗന്ധദ്രവ്യങ്ങളുടെ ശ്വാസം മുട്ടിപ്പിക്കുന്ന സുഗന്ധവുമായി എത്രപ്രാവശ്യം കണ്ണഞ്ചിക്കണ്ണഞ്ചി അവൾ എന്നെ വന്നു് വിളിച്ചിട്ടുണ്ടു്. പക്ഷെ...ഈ കാമുകൻ ഈ മുറിയിൽ ഒരു ബലഹീനനായിത്തീർന്നിരിക്കുകയാണു്.

"ലാലൂ..."

ഞാൻ പെട്ടെന്നു് ഞെട്ടിത്തിരിഞ്ഞു നോക്കിയപ്പോൾ ഡോക്ടർ പുഞ്ചിരിച്ചുകൊണ്ടു് നിൽക്കുകയാണു്.

"ലാലു എന്തോ ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നല്ലേ? ഞാൻ വന്നതൊന്നും അറിഞ്ഞില്ലല്ലോ..." ഞാൻ ഒന്നും മിണ്ടാതെ

നഷ്ടപ്പെട്ട കയ്യുടെ ശിഷ്ടഭാഗത്തിലേയ്ക്കു നോക്കിക്കൊണ്ടിരുന്നു. ഡോക്ടർ ഇഴകിവീണ സാരി ശരിപ്പെടുത്തി കസേര വലിച്ചിട്ട് ഇരുന്നു. ശോഷിച്ച ആ കാലുകളിൽ അധികനേരം ശരീരത്തെ താങ്ങി നിറുത്തുവാൻ അവർക്ക് കഴിയില്ലായിരിക്കും. "എന്താ ലാലു, ഇന്നൊന്നും മിണ്ടാത്തതു"?" ഡോക്ടർ ചോദിക്കുകയാണ്", "ജനലിൽക്കൂടെ ഇങ്ങനെ നോക്കിനിന്ന് ആലോചിക്കുന്നതു് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ടല്ലോ. ഇനിയും ഇങ്ങനെ തുടർന്നാൽ ഞാൻ ജനൽ അടയ്ക്കും."

"ഡോക്ടർ! അങ്ങു് അതു് ചെയ്യുന്നതിനു് മുമ്പ്... എനിക്ക് എന്തെങ്കിലും തരൂ." കോപവും വിഷാദവും കലർന്ന സ്വരത്തിൽ ഞാൻ പറഞ്ഞു.

"എന്താ പാലു് കൊണ്ടുവരട്ടെ—"

ഡോക്ടർ പറഞ്ഞുതീരുന്നതിനു മുൻപ് ഞാൻ ആ മുഖത്തേയ്ക്കു നോക്കി. വികൃതമായ ആ മുഖത്തു നിന്നും ഊറിവീണ സ്നേഹത്തിന്റെയും സഹതാപത്തിന്റെയും ആ പുഞ്ചിരി വേർതിരിച്ചെടുക്കുവാൻ എനിക്ക് പ്രയാസമുണ്ടായിരുന്നില്ല. വേഗം മരിക്കുവാൻ പററിയ എന്തെങ്കിലും വിഷമാണ് വേണ്ടതെന്നു പറയുവാൻ ആഗ്രഹിച്ചെങ്കിലും ആ മുഖത്തു നോക്കി അതു പറയുവാനുള്ള ധൈര്യം എനിക്കു വന്നില്ല.

"ലാലു—"

"ഉം—" ഞാൻ മൂളി

"ഉറക്കം വരുന്നുണ്ടോ?—"

"ഇല്ല"

"ഒരു പാട്ടു പാടാമോ? സ്കൂളിലെ വലിയ പാട്ടുകാരനാണെന്നു ഡാഡി പറഞ്ഞല്ലോ..."

അറിയാൻ പാടില്ലെന്നു പറഞ്ഞു് ഒഴിയണമെന്നു തോന്നി. പക്ഷെ ഒരു പാട്ടു പാടുവാൻ ഉള്ളിൽ ആഗ്രഹമുണ്ടായിരുന്നു. ഞാൻ "ജ്ഞാനസുന്ദരി"യിലെ ഒരു പാട്ടു പാടി.

പനിനീർ പൂവിനൊരിതൾ കൊഴി-
ഞ്ഞാലും കാററി കരഞ്ഞിടുമോ...
നിൻ തളിർ മെയ്യിനു് കൈ പോയാലും
ചന്തം കുറഞ്ഞിടുമോ... ചന്തം കുറ
ഞ്ഞിടുമോ

എന്ന വരികൾ പാടിയപ്പോൾ ഞാൻ വളരെ കുഴഞ്ഞുപോയി.

എന്റെ പാട്ടു കഴിഞ്ഞപ്പോൾ ഡോക്ടർ ഒന്നു നിശ്വസിച്ചു...പുഞ്ചിരി തൂകിക്കൊണ്ടിരുന്ന ആ മുഖം പെട്ടെന്നു് മ്ലാനമായതു് ഞാൻ കണ്ടു. ഡോക്ടർ എന്തോ ചിന്തിച്ചുകൊണ്ടിരുന്നു. പെട്ടെന്നു് ചിന്തയിൽനിന്നും ഞെട്ടിയുണർന്നു.

"വെരിഗുഡ്". ഇത്രയും നല്ല പാട്ടു് ഇതുവരെയും കേട്ടിട്ടില്ല."

"ഡോക്ടർ ഒരു പാട്ടു പാടാമോ..." ഞാൻ ചോദിച്ചു.

"എനിക്കു പാടാൻ അറിഞ്ഞുകൂടാ. ഇത്രയും വികൃതയായ എന്നിൽനിന്നും ഹൃദയം കവരുന്ന ഇതുപോലുള്ള പാട്ടുകൾ എങ്ങനെയാണു് വരുക........"

ഞാൻ ആ മുഖത്തേയ്ക്കു് സൂക്ഷിച്ചുനോക്കി. അതെ തികച്ചും വികൃതമായിരുന്നു ആ മുഖം. കൃത്രിമമായ യാതൊരു അണിഞ്ഞൊ[illegible] ആ മുഖത്തിനു ചേരുകയില്ല. ക[illegible]ളിച്ചു് അഴിച്ചിട്ടിരിക്കുന്ന മുടി പുറകോട്ടു നീക്കിക്കൊണ്ടു് അവർ തുടർന്നു.

"ഞാനൊരു കഥ പറയാം... ലാലുവിനു് ഡോക്ടറാകുവാൻ ഇഷ്ടമാണോ?..."

"ഡോക്ടറാകുവാൻ ആർക്കാണു് ഇഷ്ടമില്ലാത്തതു്... പക്ഷേ..."

"പക്ഷേ..." ഡോക്ടർ വീണ്ടും ആരാഞ്ഞു.

"എനിക്കിനി സാദ്ധ്യമല്ല ഡോക്ടർ...... എന്റെ ജീവിതത്തിൽ... ഇനിയും... വസന്തം കടന്നുവരികയില്ല..."

"മതി...മതി...ഇനി കഥ കേട്ടുകഴിഞ്ഞതിനുശേഷം പറഞ്ഞാൽ മതി. വികലാംഗയായ ഒരു സാധു പെൺകുട്ടിയുടെ കഥയാണു് ഞാൻ പറയുവാൻ പോകുന്നതു്...."

ഞാൻ ഉത്സാഹത്തോടെ കഥ കേൾക്കുവാൻ ഒരുങ്ങി.

"രണ്ടു വയസ്സു പ്രായമായപ്പോൾ അവളുടെ അപ്പൻ മരിച്ചു. പിന്നീട് അമ്മയും അവളും അവരുടെ അമ്മാവൻെറ വീട്ടിലാണ് കഴിഞ്ഞത്......."

"ഡോക്ടർ അവളുടെ പേരെന്തായിരുന്നു?"

"പേരോ?...പേര് കഥ പറഞ്ഞുകഴിഞ്ഞിട്ട് പറയാം...? ഡോക്ടർ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. "ജനിച്ചപ്പോൾ തന്നെ അവളുടെ ഒരു കാൽ തളർന്നതായിരുന്നു. തളർന്ന കാൽ വികൃതയായ—മററുള്ളവരിൽ വെറുപ്പ് ഉളവാക്കുന്ന മുഖം. കോന്ത്രപ്പല്ലുകൾ, കറുത്ത നിറം ഇതായിരുന്നു അവളുടെ ശരീരപ്രകൃതി. അമ്മയൊഴികെ മററുള്ളവർക്കെല്ലാം അവളൊരു അവഹേളനപാത്രമായിരുന്നു. "ദൈവമേ! ഇങ്ങനെയുമുണ്ടോ ഒരു കോലം!!! പലരും അവളെ നോക്കി പരിഹസിക്കാറുണ്ട്........."

ഡോക്ടർ പൂർവ്വകാലത്തിലെ കയ്പേറിയ സ്മരണകളാൽ വീർപ്പുമുട്ടുന്നതു് ഞാൻ കണ്ടു.

"അവളുടെ മനോഹരമായ പേര് കേൾക്കുമ്പോൾ അവളെ നോക്കി ആളുകൾ ഒന്നുകൂടി പുച്ഛിക്കും...അവളുടെ മധുരമായ സ്വരം കേൾക്കുമ്പോൾ ഏതോ അപ്സര കന്യകകളുടെ ആഗമനമാണോയെന്ന് സംശയിച്ച് തിരിഞ്ഞുനോക്കുന്നവർ മുഖം കോട്ടാറുണ്ട്. ക്ലാസ്സിൽ എല്ലാ വിഷയത്തിലും അവളായിരിക്കും ഫസ്റ്റ്. പക്ഷെ അതിൽ ആർക്കും അസൂയയില്ല. അതു് പഠിച്ചിട്ട് എന്താണു കാര്യമെന്ന് അവർ ചോദിക്കും. അവളെ 'കോളജ് ബ്യൂട്ടി'യെന്ന് പേരിട്ട് ആക്ഷേപിക്കുവാൻകൂടി അവർ തയ്യാറായി. വികൃതമായ ആ ശരീരത്തിനുള്ളിലും നുള്ളിയാൽ നോവുന്ന വികാരങ്ങളെ തരംതിരിച്ചെടുക്കുവാൻ ശക്തിയുള്ള ഒരു ഹൃദയമുണ്ടെന്നുള്ളതു് അവർ വിസ്മരിച്ചു..."

"അമ്മയുടെ പരിലാളനയിൽ...വാത്സല്യപൂർവ്വമായ ഒരു ചുംബനത്തിൽ അല്ലെങ്കിൽ ഒരു തലോടലിൽ അവളുടെ സകല ദുഃഖങ്ങളും കഴുകിപ്പോകുമായിരുന്നു." അമ്മയെന്തു പറഞ്ഞാലും അവൾ അനുസരിക്കും. അമ്മയെ സന്തോഷിപ്പിക്കുവാൻ വേണ്ടി ആ തളർന്ന കാലു ചവിട്ടി അവൾ നൃത്തം വച്ചിട്ടുണ്ട്. പാട്ടു പാടിയിട്ടുണ്ട്. തന്നത്താൻ നാടകമഭിനയിച്ചിട്ടുണ്ട്. ആ കഷ്ടമല്ലാത്ത ആ പരിപാടികൾ കണ്ടുകഴിയുമ്പോൾ അവളുടെ അമ്മ അഭിമാനത്തോടെ പറയും 'എൻെറ മകൾ ഒരു നർത്തകിയോ സിനിമാനടിയോ ആകു'മെന്ന്. ചെറുപ്പത്തിൽ അതെല്ലാം അവൾ വിശ്വസിച്ചു.

അമ്മയുടെ ചൂടേററ് കിടക്കുമ്പോൾ അവൾ പതുക്കെ ചോദിക്കും 'അമ്മേ എന്നാ ഞാൻ നർത്തകിയാകുക' 'ആകും......മോളെ ആകും......' തുടർന്ന് കണ്ണുനീരോടെ അമ്മ പറയും 'എൻെറ മോള് നല്ലവണ്ണം പഠിച്ച് ഒരു ഡോക്ടറായി അമ്മയുടെ കണ്ണുനീരു തുടയ്ക്കണം... എൻെറ മോൾക്കു മാത്രമെ അതിനു കഴിയുകയുള്ളൂ. അവൾ അതെല്ലാം സശ്രദ്ധം കേൾക്കും. അമ്മയുടെ ആഗ്രഹം നിവർത്തിക്കുവാൻ എത്ര പ്രയാസങ്ങളെയും നേരിടണമെന്നവൾ തീരുമാനമെടുക്കും.—"

"അയ്യോ! ഞാൻ കഥ വളരെ ദീർഘിപ്പിച്ചു കൊണ്ടുപോകുന്നല്ലോ. ഇനി ഞാൻ വേഗത്തിൽ പറഞ്ഞുതീർക്കാം. ലാല്യവിനു് ഉറങ്ങേണ്ട സമയം കഴിഞ്ഞല്ലോ?"

"സാരമില്ല ഡോക്ടർ......ആ കഥയൊന്നു വേഗം പറയൂ. അവളിലൂടെ ഞാനൊന്നു ജീവിക്കട്ടെ...വേഗം പറയൂ?" ഞാൻ വികാരഭരിതനായി കഴിഞ്ഞിരുന്നു. മഴയെ കാത്തിരിക്കുന്ന വേഴാമ്പലിനെപ്പോലെ ഞാൻ ആർത്തിയോടെ ആ മുഖത്തേക്കു നോക്കി. ആ മുഖം ചാരിതാർത്ഥ്യഭരിതമായി.

"ദീനം പിടിപെട്ട് ഒരു ദിവസം അവളുടെ അമ്മ മരിച്ചു......"

"അയ്യോ!!" അവളുടെ ആ താങ്ങാനാവാത്ത ദുഃഖവർദ്ധനവിൽ ഞാൻ ആകാംക്ഷാഭരിതനായി.

"അമ്മയെ കൂടാതുള്ള ജീവിതം ഓർക്കുവാൻകൂടി അവൾക്കു കഴിഞ്ഞില്ല. അന്നു വൈകുന്നേരം ആരുമറിയാതെ അടുത്തുള്ള ഒരു പുഴവക്കിലേയ്ക്കു് അവൾ നടന്നു. തൻ്റെ ജീവിതം എന്നന്നേക്കുമായി അവസാനിപ്പിക്കുക. അവൾ അമ്മയെയോർത്തു.

മ്മയോടൊത്തു കഴിഞ്ഞ ദിവസങ്ങളിലെ സ്മരണകൾ അവളുടെ മുന്നിൽ ചുരുളുകൾ നിവർത്തി. അമ്മയുടെ വാക്കുകൾ അവൾക്ക് ഓർമ്മവന്നു. 'ഒരു ഡോക്ടറായി അമ്മയുടെ കണ്ണുനീരു തുടയ്ക്കണം" താൻ അമ്മയെ വഞ്ചിക്കുകയല്ലേയെന്നവൾക്കു തോന്നി അമ്മയോട് ആയിരം തവണ അവൾ മാപ്പിരന്നു.

അവളുടെ കണ്ണുകളിൽക്കൂടി കണ്ണുനീർ ഒഴുകി. 'ഇല്ല അമ്മെ...മരിക്കല്ലമില്ല.... അമ്മയുടെ മകൾ അമ്മയുടെ ആഗ്രഹം നിവർത്തിക്കും' ഉറച്ച തീരുമാനത്തോടെ അവൾ മടങ്ങിപ്പോന്നു..........."

"ഇന്നവൾ നല്ലൊരു ഡോക്ടറാണ്". നാട്ടുകാരുടെ പ്രത്യേകിച്ച് രോഗികളുടെ ആരാധനാപാത്രമാണവൾ. ഓരോ രോഗികളും സുഖം പ്രാപിച്ചു പോകുമ്പോൾ അവൾ സന്തോഷംകൊണ്ട് സ്വർഗ്ഗത്തോളമുയരാറുണ്ട്". ഈ ലോകത്തിൽ സന്തോഷമനുഭവിക്കുന്നവർ ഉണ്ടെങ്കിൽ അതിൽ ഒരാൾ അവളാണെന്നു അവൾക്കു ബോദ്ധ്യമായിരിക്കുന്നു.......ഇനി അവളുടെ പേരു പറയാം. മൈന......"

"അപ്പോൾ ഇതു തികച്ചും ഡോക്ടറുടെ തന്നെ കഥയല്ലെ?" ഞാൻ വികാര പരവശനായിചോദിച്ചു. സ്വർഗ്ഗത്തിലെ സുന്ദരസന്ദേശവുമായി വന്നിരിക്കുന്ന ഒരു മാലാഖയാണോ അവൾ എന്നു ഞാൻ സംശയിച്ചു...

"അപ്പോൾ ഞാൻ അതുമ്മ് വിരൂപയാണെന്ന് ലാലുവിനും തോന്നുന്നുണ്ടോ?..."

ഞാൻ വിഷമിക്കുന്നതു കണ്ട് ഡോക്ടർ വിഷയം മാറ്റി.

"ആകട്ടെ. എന്തെങ്കിലും തരുമെന്ന് പറഞ്ഞതു് തരട്ടെ."

"എന്തു്" ഞാൻ അത്ഭുതത്തോടെ ചോദിച്ചു.

"മരിക്കുവാൻ എന്തെങ്കിലുമായിരുന്നില്ലെ ചോദിച്ചതു്" ആ മുഖത്തു് ഗൗരവം പടർന്നുപിടിച്ചിരുന്നു. ആ കഥ പറഞ്ഞ കൊച്ചുകുട്ടിയുടെ രൂപം തന്നെ മാറിയിരിക്കുന്നു.

ഞാൻ മയനാ....വിഷം....മരണം....അയ്യോ !! എനിക്കു പേടി തോന്നി...ഇല്ല... മരിക്കല്ലമില്ല...

"ഡോക്ടർ. ഇനിയും എന്നെ പരീക്ഷിക്കാതെ...ഈ മുറിയിൽനിന്നും എന്നെയൊന്നു പുറത്തുവിടൂ. എന്റെ നല്ലൊരു ഭാവിയെ എന്തിനു നിങ്ങൾ തടഞ്ഞുവച്ചിരിക്കുന്നു? ഇനിയും വയററില്ല വേദനയെന്നും തലവേദനയെന്നും പറഞ്ഞു് എന്നെ.. ഒരു നാം കെടുപ്പിക്കല്ലെ ഡോക്ടർ. നിങ്ങൾ ജനനം കടിപ്പിക്കല്ലെ എന്തു വേണമെങ്കിലും അടച്ചോളുകല്ല എന്റെ ഹൃദയത്തിന്റെ വാതിൽ പക്ഷെ എന്റെ നിങ്ങൾ അടച്ചല്ലെ. ഒരു വിളക്കം എന്റെ പുസ്തകങ്ങളും തരൂ.. ഞാനിരുന്നു പഠിക്കട്ടെ. അതാ വസന്തം സമാഗതമാകുന്നു.... ഞാനവളെ സ്വീകരിക്കട്ടെ............"

ഗദ്യകവിത

# പ്രതീക്ഷ

വത്സലകുമാരി റ്റി. പി. Class II Eco

പ്രിയപ്പെട്ടവളെ നീ വരില്ലെ......
ഇലഞ്ഞിപ്പൂക്കളുതിരുന്ന ഈ ആതിര
നിലാവിൽ,
താരകൾ വിടരുന്ന വൈശാഖനാളിൽ,
താരാപഥത്തിലെ താമരച്ചോലയിൽ
നീരാടാൻ വരും ദേവകന്യകയെപ്പോലെ...
പ്രിയപ്പെട്ടവളെ, നീ വരില്ലേ.........?
അപ്സര കന്യകമാർ നൃത്തം ചവിട്ടുന്ന
രാവുകളിൽ,
ദേവദാരു പൂത്തുനില്ക്കുന്ന മലർവാടിയിൽ,
ദേവതേ ! നിനക്കുവേണ്ടി—
യുഗങ്ങളായ് കാത്തിരിക്കുന്നു........
നീ വരില്ലേ?
ആകാശഗംഗയിൽ ആറുനൂറു
തിരമാലകളുയർന്നപ്പോൾ
വിരഹംകൊണ്ടു താളംതെററിയ ശശിലേഖ
മറയുകയായിരുന്നു....
പൂനിലാവിൽ ആറാടി—
സാഗരങ്ങൾ കുടിമയങ്ങുന്ന ഈ
രാത്രിയിൽ....
ഞാൻ മാത്രം
ശൂന്യത മുററിനില്ക്കുന്ന ഈ തടിനീ
തടത്തിൽ
ഒരു വേഴാമ്പലിനെപ്പോലെ കാത്തുനിന്നു...
ആയിരമായിരം അഭിലാഷങ്ങളുടെ
ദാഹനീരിനായ്...
ഓമനേ !
വാസന്ത സന്ധ്യകളും
ചൈത്രരജനികളും
മൂകമായി കടന്നുപോകയാണ്....
നിശ്ശബ്ദരാത്രികളിൽ
നിശയുടെ നിശ്ശബ്ദതയിൽ,
ഞാനിതാ നിന്നെയും കാത്തിരിക്കുന്നു....
എന്തേ! നീ വരാത്തു.........?
ചന്ദ്രികാ ചർച്ചിതമായ രാവുകളിൽ
മന്ദാനിലൻ മലരുകളെ മുകരുമ്പോൾ
രാപ്പാടികളുടെ രാഗാലാപത്താൽ
രാവിനു രംഗമൊരുക്കുമ്പോൾ....
ചുണ്ടിൽ മായാത്ത മന്ദഹാസവും
മിഴിയിണകളിൽ സ്വപ്ന കാവ്യവുമായ്
സ്നേഹത്തിൻെറ മണിമേടയിലേയ്ക്കു്
ഓമനേ !
നീ വരില്ലേ............?
എൻെറ ദേവതേ !
ഉൾക്കണ്ഠനിറഞ്ഞ ഈ നിമിഷങ്ങളുടെ
ചൂടിൽ
ഞാൻ നീറിക്കരിയുകയാണ്.........
നനനനുത്ത ഓർമ്മകളോടെ; അവ്യക്തമായ
അനുഭൂതികളോടെ...
നിന്നെ വരവേല്ക്കാൻ
ഇവിടെ........
വർണ്ണപുഷ്പങ്ങളില്ല
വെള്ളിത്താലവുമില്ല......
ഒരു തകർന്ന അംബരവും,
ഒരിററു കണ്ണുനീരും,
മാത്രം..................
മോഹം വളർത്തിയ വേദനാപൂരിതമായ
ശൂന്യത മാത്രം !
പ്രിയപ്പെട്ടവളെ !
ഈ തപോവനത്തിൽ,
ദുസ്സഹമായ നൈരാശ്യത്തോടെ
അദമ്യമായ ദുഃഖത്തോടെ
വിരഹത്തിൻെറ അടിത്തട്ടിൽ
നിൻെറ സമാഗമത്തിനുവേണ്ടി
ഞാൻ തപസ്സിരിക്കുന്നു.........
പ്രിയപ്പെട്ടവളെ, നീ വരില്ലേ......?

# പെൺകുട്ടി ബി. എ. പാസ്സായിട്ടില്ല!

കെ. ജേക്കബ്

കൊലത്തുപറമ്പിൽ മാത്തു വാദ്ധ്യാർ ഒരു അറിയപ്പെട്ട മനുഷ്യനാണു്. അയാൾ ഒരു മിഡിൽസ്കൂൾ വാദ്ധ്യാരായിരുന്നു. ഇപ്പോൾ വാദ്ധ്യാർ വേലയിൽനിന്നും വിരമിച്ചു് ഒരു വൈദ്യനായിത്തീർന്നിരിക്കയാണു്. ആ സ്ഥലത്തുള്ള ആസ്പത്രിയിൽ കുറേക്കാലം മുമ്പു ഒരു അപ്പോത്തിക്കരി ഉദ്യോഗത്തിൽ ഇരുന്നിരുന്നു. അയാളോടു് അടുത്തുകൂടി കുറെ കുറിപ്പടികൾ മാത്തു വാദ്ധ്യാർ വാങ്ങിച്ചതാണു്. വയറുകടി, തലവേദന, ഛർദ്ദി പലമാതിരി ജ്വരങ്ങൾ. ഇവയ്ക്കൊക്കെ നല്ല മരുന്നുകൾ അദ്ദേഹം കുറിച്ചുകൊടുത്തിട്ടുണ്ടു്. മാത്തുവാദ്ധ്യാർ കുറെ ബുദ്ധിമുട്ടി ആ കുറിപ്പടികൾ പകർത്താനും പഠിച്ചു. കുറെ ഇംഗ്ലീഷു് വൈദ്യപുസ്തകങ്ങളും ഒക്കെ വായിച്ചിട്ടുണ്ടു്. ആശുപത്രിയിലെ ഡോക്ടറേക്കാൾ നൈപുണ്യം മാത്തു വാദ്ധ്യാർക്കാണെന്നാണു് ആളുകൾ പറയുന്നതു്. ഒരു സ്റ്റെതോസ്കോപ്പും സമ്പാദിച്ചു. അതു വെച്ചു രോഗികളുടെ നെഞ്ചു്, വയറു്, ഇതൊക്കെ പരിശോധിക്കാറും ഉണ്ടു്. മാത്തു വാദ്ധ്യാർ എന്ന പേർ ഇപ്പോൾ കുറേശ്ശെ പോയിവരികയാണു്. മാത്തു അപ്പോത്തിക്കരി എന്നാണു് ചിലരൊക്കെ—അദ്ദേഹത്തെ വിളിക്കാറുള്ളതു്. അതു അദ്ദേഹത്തിനു കുറെ ഇഷ്ടമുള്ള പേരുമാണു്.

ആ സ്ഥലത്തു മാത്തുവാദ്ധ്യാരെ അറിയാത്തവരില്ല. അദ്ദേഹം പലരെയും ചികിത്സിച്ചിട്ടുണ്ടു്. ആശുപത്രി കുറെ അധികം അകലെയായിരുന്നതിനാൽ പലരും അദ്ദേഹത്തിൻറ അടുക്കലാണു പോകാറുള്ളതു്. അത്യാവശ്യത്തിനു ഓടിച്ചെന്നാൽ മരുന്നു കിട്ടും—രോഗികൾ കൊടുക്കുന്നതു വാങ്ങിക്കയേ ഉള്ളൂ—പണത്തിനു കണക്കു പറയാറില്ല.

ഇപ്പോൾ അദ്ദേഹത്തിൻറ ഒരു മകൻ ബി. എ. പാസ്സായി അടുത്തു ഒരു സ്കൂളിൽ വാദ്ധ്യാരായിട്ടും ഉണ്ടു്. വൈദ്യവൃത്തിയിൽ മാത്തു വാദ്ധ്യാർക്കു് ഒരു നൂററൻപതു് രൂപായോളം കിട്ടുന്നതു കൂടാതെ മകനു ഒരു അറുപതു് രൂപാ വേറെയും വരവുണ്ടു്.

ഒരു ദിവസം ഉച്ചതിരിഞ്ഞു മാത്തുവാദ്ധ്യാർ ഒരു പരിചയക്കാരൻറ വീട്ടിൽ പോയി. പുറത്തോട്ടത്തിൽ കുഞ്ചെറിയാച്ചൻറ മകൻറ കല്യാണം രണ്ടുദിവസം കഴിഞ്ഞിട്ടു നടക്കാൻ പോകയാണു്. കല്യാണം അന്വേഷിക്കാൻ അത്രടം ഒന്നു പോകേണ്ട ചുമതലയുണ്ടു്. വഴിക്കുവെച്ചു സ്വന്തമകൻ ജോണിയുടെ കാര്യം മാത്തുവാദ്ധ്യാർ ഓർത്തു. അവനും കല്യാണങ്ങൾ വരുന്നുണ്ടു്. എന്നാൽ ഒന്നും ആയിട്ടില്ല. അവനു ബി. എ. ക്കാരിയെത്തന്നെ വേണമെന്നു നിർബ്ബന്ധമാണു്. കല്യാണം കഴിക്കുവാൻ പോകുന്ന കൊച്ചൻ ജോണിയുടെ കൂടെ പഠിച്ചതാണു്. ജോണിയുടെ മർക്കടമുഷ്ടിയല്ലേ അവനു കല്യാണം ഒന്നും നടക്കാത്തതിനു കാരണം—എന്നൊക്കെ ഓർത്തു വാദ്ധ്യാർ ഖേദിച്ചു. എന്തായാലും ഇനിയും ജോണിയുടെ കാര്യം അമാന്തിക്കുന്നതു ഭംഗിയല്ല എന്നു ഉള്ളിൽ അദ്ദേഹം നിശ്ചയിച്ചു.

കുഞ്ചെറിയാച്ചൻറ വീട്ടിൽ വിവാഹത്തിൻറ തിരക്കുകൾ ഒക്കെ ആയിരിക്കയാണു്. പല സ്ഥലങ്ങളിൽ നിന്നും പലർ വന്നിട്ടുണ്ടു്. അവരോടൊക്കെ സംഭാഷിക്കുന്നതിലും, അവരെയൊക്കെ സല്ക്കരിക്കുന്നതിലും കുഞ്ചെറിയാച്ചൻ വ്യാപൃതനായിരിക്കയാണു്. വാദ്ധ്യാരെ കണ്ടു 'കാപ്പികുടിച്ചിട്ടേ പോകാവൂ' എന്നു ഒരു വാക്കു പറഞ്ഞശേഷം അദ്ദേഹം വേറൊരാളോടു കുശലപ്രശ്നം ചെയ്യാൻ പോയി. മാത്തു വാദ്ധ്യാർ അടുത്ത മുറിയിൽ ഒരു കസേരയിൽ ഇരുന്നു. ആ മുറിയിൽ വേറെ ആരെയും കണ്ടില്ല. അപ്പോൾ അദ്ദേഹത്തിനു കാപ്പി കൊടുക്കുന്നതിനു ഒരു പെൺകുട്ടി അവിടെ വന്നു. കണ്ടാൽ ഒരു ഇരുപതു് ഇരുപത്തൊന്നു് വയസ്സു പ്രായം തോന്നും.

നല്ല സൌന്ദര്യം ഉണ്ട്. അവൾ കാപ്പി എടുക്കുന്നതിനു പോയപ്പോൾ അവിടെ നിന്നു ഒരു വേലക്കാരനോട് 'ഈ കുട്ടി ഏതാ' എന്നു വാദ്ധ്യാർ ചോദിച്ചു 'അതു ഇവിടുത്തെ യജമാനന്റെ ഒരു ചിററപ്പന്റെ മകന്റെ മകളാ. ഇന്നലെ വന്നതാ മറിയാമ്മ എന്നാ പേരു" എന്നവൻ പറഞ്ഞു.

അവൾ കാപ്പിയും പലഹാരങ്ങളുമായി വന്നപ്പോൾ 'കുഞ്ഞിന്റെ പേർ മറിയാമ്മ എന്നല്ലേ' എന്നു മാത്തു വാദ്ധ്യാർ ചോദിച്ചു. അവളോടു ഒരു സംഭാഷണത്തിൽ ഏർപ്പെടണമെന്നു നിശ്ചയിച്ചാണ് അദ്ദേഹം ഇങ്ങനെ ചോദിച്ചതു്. ചോദ്യത്തിനു 'അതെ' എന്നവൾ മറുപടി പറഞ്ഞു. 'ഞാൻ മുൻപൊരിക്കൽ ഇവിടെ കണ്ടെന്നു തോന്നുന്നു'—എന്നു വാദ്ധ്യാർ പറഞ്ഞു.

'ഞാൻ മുൻപൊരിക്കൽ ഇവിടെ വന്നിട്ടുണ്ട്. കുറെ അധികം നാൾ മുൻപായിരുന്നു' എന്നവൾ ഉത്തരം പറഞ്ഞു.

മാ—ശരി. അന്നായിരിക്കും ഞാൻ കണ്ടതു്. ഇപ്പോൾ പഠിക്കുകയാണോ?

മ—അല്ല—പഠിക്കുന്നില്ല.

മാ—ബി. എ. പാസ്സായോ.

മ—ഇല്ല.

'ഇവൾ നല്ല സൗന്ദര്യവതിയാണ്. ഇവൾ മതിയായിരുന്നു ജോണിക്കു എങ്കിലും ബി. എ. പാസ്സായിട്ടില്ലല്ലോ—എന്നു മാത്തു വാദ്ധ്യാർ ഓർത്തു.

മാ—ഇന്റർമീഡിയററ് കഴിഞ്ഞതാണോ?

മ—അതെ.

മാ—ഇനിയും ബി. എ. ക്കു പഠിക്കുന്നില്ലേ?

മ—ഇല്ല.

മാ—അതു പോരാ. ബി. എ. ജയിക്കണം.

മറിയാമ്മ ഇതിനൊന്നും ഉത്തരം പറഞ്ഞില്ല.

മാ—കുഞ്ഞെന്നെ അറിയുമോ.

മ—ഇല്ല.

മാ—മാത്തു അപ്പോത്തിക്കരി എന്നു പറയും. ഞാനാണ് കുഞ്ഞേറിയാച്ചന്റെ ഭാര്യയെ കുറച്ചുനാൾ മുൻപൊന്നു ചികിത്സിച്ചതു്.

മ—എന്തായിരുന്നോ ദീനം?

മാ—ദീനമോ... അതു......നിങ്ങളോടൊക്കെ എങ്ങനാ പറേന്നതു്? അപ്പോത്തിക്കരിമാരോട് Laymen (വൈദ്യന്മാരല്ലാത്തവർ) രോഗം എന്തെന്നു ചോദിക്കരുതെന്നാ പ്രമാണം.

മ—അയ്യോ ഞാൻ ഓർക്കാതെ ചോദിച്ചു പോയതാണ്. ക്ഷമിക്കണം.

മാ—ഓ കുഞ്ഞു വിഷമിക്കേണ്ട. ഗർഭാശയം സംബന്ധിച്ച ഒരു രോഗമായിരുന്നു. ഒരു ചെറിയ മരുന്നുകൊണ്ട് അതു ഭേദമാക്കുന്നതിനു എനിക്കു സാധിച്ചു.

മ—അവിടുത്തേക്കു ഇവിടെയൊക്കെ ധാരാളം ചികിത്സയുണ്ടോ?

മാ—ഉണ്ടെന്നോ? കൊള്ളാം. ആശുപത്രിയിൽ ചെല്ലുന്നതിൽ അധികം രോഗികൾ അവിടെ വരുന്നുണ്ട്. ഇന്നലെ ഒരു വലിയ കേസ്സിനു ഞാൻ പോയി. ഒരു സ്ത്രീക്കു പ്രസവം കഴിഞ്ഞു തലയ്ക്കു നല്ല സുഖമില്ലായ്ക. 'പ്യൂർപ്പെറൽമാനിയ' എന്നു പറയും. കുഞ്ഞു കേട്ടിട്ടുണ്ടോ?

മ—കേട്ടിട്ടുണ്ട്.

മാ—അതു മഹാ വിഷമം പിടിച്ച ഒരു രോഗമാ. ഞാനൊരു പുതിയ മരുന്നു നോക്കുക അതിനു.

മ—ധാരാളം വരവും ഇങ്ങനെ ഉണ്ടായിരിക്കുമല്ലോ.

മാ—വരവോ...വലിയ വരവുണ്ടെന്നു പറയാൻ പാടില്ല. ഒട്ടും ഇല്ലായ്മയും ഇല്ല. ഒരു പത്തിരുനൂറു രൂപാ മാസം വരുന്നുണ്ടെന്നു പറയാം.

## CAPTAINS OF TEAMS 1967—'68

*Sitting (1st row L. to R.)* B. Somananth (Cricket), T. L. Kuriakose (Foot-Ball), N. M. Kunjibrahim (Basket ball)

*Sitting (2nd row)* George Mammen (Tennis), Ninan Zacharia (Hockey)

## CAPTAINS OF WOMEN'S TEAMS (1967—'68)

Miss. Molly Chacko (Hockey), Miss. Pameela Mathew (Basket Ball), Miss. Krishna Ranganath (Tennis), Miss. Anila Chacko (Badminton), Miss. Roshni John (Volley Ball), Miss. Susan Varghese (Athletics)

CAPTAINS OF TEAMS 1967—68



CAPTAINS OF WOMEN'S TEAMS 1967—68





WOMEN TENNIS TEAM

University Champions – Both Singles and Doubles

*Sitting (L. to R.)*—C. G. Varghese (Lecturer in Physical Education), Prof. C. T. Benjamin (Principal), Anna Thomas (Lecturer in Physical Edn.)

*Standing*—Meena Renganath, Krishna Renganath



UNIVERSITY HOCKEY PLAYERS

Alice Koshy, Mariamma M. C., Suguna Varghese

ഇത്രയും പറഞ്ഞു കഴിഞ്ഞപ്പോൾ കുഞ്ഞേറിയാച്ചൻ അതിലേ വന്നു. 'എന്താ മറിയാമ്മയോടു സംഭാഷണം' എന്നു മാത്തു വാദ്ധ്യാരോടു ചോദിച്ചു.

മാ—ഓ. ഒന്നുമല്ല. കുഞ്ഞേറിയാച്ചന്റെ ഒരു ചിറ്റപ്പന്റെ മകാച്ചുമോളല്ലേ. ഒരിക്കൽ ഞാൻ കണ്ടിട്ടുണ്ട്.

കു—ശരിയാ അവളുടെ അപ്പനും ഒക്കെക്കൂടെ കുറെ വർഷങ്ങൾക്കു മുൻപെ ഇവിടെ വന്നതാണ്. അന്നു കണ്ടതായിരിക്കും.

മാ—ഏലിയാമ്മയെ ഞാൻ ചികിത്സിച്ച കാര്യം അവളോടു പറഞ്ഞു. അവൾ ദീനം എന്തായിരുന്നെന്നു ചോദിച്ചു. Laymen എന്തിനാ അറിയുന്നതെന്നു ഞാനും ചോദിച്ചു.

കു—അതുകൊള്ളാം. മാത്തച്ചൻ അങ്ങനെ ചോദിച്ചോ. അവളു മദ്രാസിൽ എം. ബി. ബി. എസ്സും കഴിഞ്ഞു എം. ഡി. യും ജയിച്ചവളാ. കണ്ടാൽ കൊച്ചാണേലും, സ്ത്രീകളുടെ രോഗങ്ങൾക്കു സ്പെഷ്യലിസ്റ്റാ അവള്. മദ്രാസ് മെഡിക്കൽ കോളജിൽ പഠിപ്പിക്കയാ ഇപ്പോൾ. ഏതായാലും ഇതൊരു ചെറിയ ഫലിതംതന്നെ!

കുഞ്ഞേറിയാച്ചൻ ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ അടുത്ത മുറിക്കകത്തുനിന്നും മണിനാദംപോലെ ഒരു ചിരി കേട്ടു. എന്നു മാത്തു വാദ്ധ്യാർക്കു സംശയം തോന്നി. ഏതായാലും അദ്ദേഹം പിന്നെ അവിടെ അധികനേരം നിൽക്കാൻ പോയില്ല.

---


SESHASAYEES

FOR

WIRE ROPES

for all jobs:

Mining, Ropeways, Shipping, Lifts & Hoists and General Engineering Purposes

Reg. Office & Works.

**SESHASAYEE WIRE ROPES LIMITED,**
**EDATHALA P. O, VIA ALWAYE.**

Agents for Kerala State.

**ACHUTHANPILLAI & COMPANY,**
MEENAKSHI MANDIRAM,
*M. G. Road, ERNAKULAM.*

*കവിത*

# നാലുപേർ!

By ഗിരിജാദേവിജി സീനിയർ പ്രീഡിഗ്രി, ഗ്രൂപ്പ് II



ആരാണീ "നാലുപേർ!" ആരും ഭയന്നിട്ടും
ധീര,രെല്ലാവർക്കും വേണ്ടപ്പെട്ടോർ?

ഓർമ്മയായന്നുമുതല്ലൂ ഞാൻ കേൾക്കുമീ–
"നാലുപേർ," പക്ഷെ ഞാൻ കണ്ടിട്ടില്ല.

ഇന്നലെയമ്മിണിക്കുട്ടിക്കു കല്യാണം
ഭംഗിയിൽ തന്നെ കഴിച്ചുകൂട്ടി.

പെണ്ണു കാണാൻ വരൻ വന്ന ദിവസത്തെ–
സ്സദ്യയും ഗംഭീരമായിരുന്നു.

എല്ലാച്ചടങ്ങും പൊടിപ്പനാക്കിടേണ–
മല്ലെങ്കിൽ "നാലുപേരെ"ന്തുചൊല്ലും?

"നാലുപേർ" നന്നായ് പ്രശംസിച്ചുവെങ്കിലേ
മാതുലൻ സംതൃപ്തനാകയുള്ളൂ.

മൂവായിരത്തിനു പുഞ്ചനിലംപോന്നു
തീറായി "നാലുപേർ" കണ്ടിടാതെ.

വില്ക്കാം കിടപ്പാടമെങ്കിലും "നാലുപേർ"
കൊണ്ടാട്ടമെങ്കിൽ കൃതാർത്ഥരാകും.

"നാലുപേർ" കേട്ടാൽ നിരക്കണമേതൊരു
കാര്യവും ചെയ്യുമ്പോളോർമ്മവേണം.

അച്ഛന്റെ തത്വമാണെപ്പോഴും കാതിൽ വ–
ന്നുച്ചത്തിലായ് വന്നലച്ചിടുന്നു.
പാടത്തിന്നക്കരെ കേളപ്പനന്റെ
മാടമാണെന്നും വഴക്കു കേൾക്കാം.
കേളുവെക്കാണുമ്പോളമ്മാമനീവിധം
സാരോപദേശങ്ങൾ ചെയ്തിരുന്നു.
"നാലുപേർ" കൈകൊട്ടിപ്പൊട്ടിച്ചിരിക്കുവാൻ
നീയിടം നൽകരുതൊന്നുകൊണ്ടും"
നല്ലതും ചീത്തയും ചൊല്ലുവാൻ ലൈസൻസു–
നൽകിയതാരിവർ "നാലുപേർക്ക്?"
ആരോടുമെന്തും പറയാൻ മടിക്കാത്ത
നാട്ടുകാർ പേടിക്കും "നാലുപേരെ"
എല്ലാമൊരുവിധം ഭംഗിയായ് ചിട്ടയായ്
ചെയ്യുവാൻ പ്രേരണ നൽകുവോരേ,
നാട്ടിലും വീട്ടിലും സന്തോഷമേകുവാ–
നാത്മാർത്ഥമായ് ശ്രമം ചെയ്യുവോരേ,
"നാലുപേർ" നിങ്ങൾക്കെൻ വന്ദ്യനമസ്കാര–
മാദരാൽ നൽകുന്നു സ്വീകരിക്കൂ.

ചെറുകഥ

# നൊമ്പരം മാത്രം

എബ്രഹാം പീററർ, വാഴൂർ (പൂർവ്വവിദ്യാർത്ഥി)

ഹൃദയം നിറയെ വേദന. മനസ്സുനിറയെ നീറുന്ന ചിന്തകൾ. രണ്ടു മൂന്നു മിനിററുകൾ കൂടി മാത്രം. അങ്ങകലെയുള്ള ഒരു മരക്കൊമ്പിൽ ദൃഷ്ടികളുറപ്പിച്ച് നിശ്ചലനായിരുന്നു. രണ്ട് ഓമൽപ്പക്ഷികളിരുന്നു കിന്നാരം പറയുന്നു. ഭാര്യാഭർത്താക്കന്മാരായിരിക്കാം. അല്ലെങ്കിൽ കാമുകീകാമുകന്മാരായിരിക്കാം. അവ ഒരുമിച്ച് പറന്നകന്നു. ചിറകുരുമ്മി രണ്ടുംകൂടി പറന്നുപോയ കാഴ്ച ഹൃദയത്തിൽ കുത്തി നോവിക്കുന്നു. ഒരു വിസിൽ. നീണ്ട ഒരു ചൂളംവിളി. ട്രെയിൻ ചലിച്ചുതുടങ്ങിയിരിക്കുന്നു. സ്നേഹിതരെയും ബന്ധുക്കളെയും മററും യാത്രയയക്കുവാൻ വന്നിരുന്നവർ കയ്യുയർത്തി വീശുന്നു. തനിക്കു മാത്രം ആശംസകൾ നേരാൻ ആരും വന്നിരുന്നില്ല. വളർന്ന നാടിനോടും പരിചയിച്ച ആളുകളോടും യാത്ര പറയുകയാണ്. ഇനിയും ഇവിടേയ്ക്കു മടങ്ങിവരണമോ? എന്തിനുവേണ്ടി വരണം? ഇല്ല. ഇനിയും മടങ്ങിവരില്ല. കഴിഞ്ഞതെല്ലാം സ്വപ്നങ്ങളായിത്തീരട്ടെ. ഫലിത സമ്പൂർണ്ണമായിരുന്ന കോളേജു ജീവിതവും മധുരം പകർന്നുതന്ന അനുഭവങ്ങളും എന്നെന്നേക്കുമായി അവസാനിച്ചിരിക്കുന്നു. അവസാനിക്കട്ടെ. എല്ലാം സഹിക്കുവാൻ തക്ക കരുത്ത് ഇന്നുണ്ട്. പിച്ചപ്പാടങ്ങളും തെങ്ങിൻതോപ്പുകളും പിന്നിട്ടിട്ട് ഓടി അകലുകയാണ്. ഒരു സിഗരററെടുത്തു കത്തിച്ചു. പുകച്ചുരുളുകളെ അലക്ഷ്യമായി മുകളിലേയ്ക്ക് ഊതിക്കൊണ്ടിരുന്നു. ഓർമ്മകൾ ഉരുണ്ടുകൂടുകയാണ്. ഇതൊന്നും ഇനിയും ഓർത്ത് മനസ്സു പുണ്ണാക്കരുതെന്ന് ആറുവട്ടം ആശിച്ചിട്ടുണ്ട്. പക്ഷേ സാധിക്കുന്നില്ല.

ഒരു ശോകഗാനം! ശോകരസത്തിൽ മാത്രം സംതൃപ്തി നേടാൻ കഴിഞ്ഞിരുന്ന എന്റെ ഹൃദയം ആ ഗാനത്തിൽ അലിഞ്ഞു ചേർന്നതിൽ അത്ഭുതപ്പെടാനില്ല. കൊച്ചു സുന്ദരിയായ ഒരു വാനമ്പാടി! ശ്രോതാക്കളിൽ പലരും അവളെ പുകഴ്ത്തുന്നതു കേട്ടപ്പോൾ എന്തിനോ വേണ്ടിയോ രോമാഞ്ചമണിഞ്ഞുപോയി. നീന! ആ പേരു കേൾക്കുമ്പോൾ എവിടെ നിന്നോ ഒരു സ്വർഗ്ഗീയാനന്ദം ഓടിയെത്തുമായിരുന്നു. നീനയെ കണ്ട് സംസാരിച്ചിരുന്നെങ്കിൽ...... ആറുവട്ടം ആശിച്ചിട്ടുണ്ട്. നീനയുടെ പാവനരൂപം ഹൃദയത്തിന്റെ ശ്രീകോവിലിൽ പ്രതിഷ്ഠിക്കപ്പെട്ടുകഴിഞ്ഞിരുന്നു. എത്ര പ്രാവശ്യം പല സ്റ്റേജുകളിൽ നിന്നും അവൾ പാടുന്നതു കേട്ടിരിക്കുന്നു. സ്നേഹവീണയുടെ കമ്പികൾ മുറുക്കി അവളോടുകൂടി ചേർന്നിരുന്ന് പാടുന്നതിന് എത്ര പ്രാവശ്യം ആഗ്രഹിച്ചു. സഫലീകരിക്കാത്ത ഒരാഗ്രഹമായി അതവശേഷിച്ചു. അർഹിക്കാത്ത ആഗ്രഹമായിരുന്നിരിക്കാം. അത്? അർഹിക്കാത്തതും ആഗ്രഹിച്ചുകൂടെന്നുണ്ടോ?

അത് ഒരിക്കലും പ്രതീക്ഷിച്ചിരുന്നതല്ല. വനജയും നീനയും കൂടി വന്ന് അടുത്ത സീററിൽ തന്നെയിരുന്നു. കിട്ടിയ അവസരം ശരിക്കും മുതലെടുക്കുന്നതിനായി അവർക്കു വേണ്ടിയും എന്തൊക്കെയോ ഓർഡർ ചെയ്തു. നീനയുടെ മുഖത്തേക്കൊന്നു നോക്കി. അവളുടെ കൺകോണുകൾ എന്റെ മുഖത്തു തന്നെ പതിച്ചു. എന്തോ ഒരനുഭൂതി! നീനയോടിതുവരെയും സംസാരിച്ചിട്ടില്ല. ആദ്യമായി എന്തു സംസാരിക്കണം? ആകപ്പാടെ ഒരു വെപ്രാളം. ഞങ്ങളുടെ ഭാവപ്പകർച്ച കണ്ടിട്ടാകാം വനജ പരിചയപ്പെടുത്തിത്തുടങ്ങിയത്.

"ഇതെന്റെ കൂട്ടുകാരി, നീന."

"കണ്ടിട്ടുണ്ട്. അടുത്തു പരിചയമില്ല." ഞാനങ്ങനെയാണ് മറുപടി നൽകിയത്.

"വില്ലു എന്റെ നെയ്ബർ ആണ്." എന്നെ വനജ പരിചയപ്പെടുത്തിക്കൊടുത്തു.

"നീന നന്നായി പാടും അല്ലേ?" നീനയോടുള്ള ആദ്യത്തെ ചോദ്യം.

"പാടാറുണ്ടു്". പക്ഷേ നന്നായിരിക്കുമോ എന്നറിയില്ല". ആ മറുപടിയിൽ ഏറെ ഒളിച്ചിരിക്കുന്നതായി തോന്നിയതിനാൽ വീണ്ടും ചോദിച്ചു.

"അതെന്താ?"

"പാട്ടു നല്ലതാണോ എന്നു തീരുമാനിക്കേണ്ടതു് പാട്ടുകാരിയല്ല, കേൾവിക്കാരാണ്"."

അതു സമ്മതിച്ചുകൊടുക്കാതെ നിവൃത്തിയില്ല. തുടർന്നുള്ള സംസാരത്തിൽ നിന്നും നീന ഒരു ഫലിതക്കാരിയാണെന്നുകൂടി മനസ്സിലായി. കളിയാക്കിയാൽ നന്നായി തിരിച്ചടിക്കുവാൻ നീന മിടുക്കിയാണെന്നു കണ്ടതോടെ എന്തെല്ലാം പറഞ്ഞു കളിയാക്കി. ഹോ! രസകരമായ നിമിഷങ്ങൾ. റസ്റ്റോറൻറിൽ ഇരുന്നുള്ള ഈ സംസാരവും ചിരിയും പലരും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ശ്രദ്ധിക്കട്ടെ. പുരുഷനു സ്ത്രീകളോടു സംസാരിച്ചുകൂടെ?

നീനയോടു് പരിചയത്തിലുമുപരിയായ എന്തോ ഒരടുപ്പം തോന്നി. അവൾ അതറിഞ്ഞിട്ടില്ലായിരുന്നിരിക്കാം. അറിയിക്കണമെന്നു് ആഗ്രഹിച്ചിട്ടുണ്ടു്. പക്ഷേ ബലഹീനത അതിനനുവദിച്ചില്ല. സ്ത്രീയുടെ മുമ്പിൽ ഒരു പുരുഷൻ ബലഹീനനാകുകയോ? എന്നിലെ പുരുഷത്വം തലയുയർത്തി. എങ്കിലും ഉയർന്ന തല താഴുകയായിരുന്നു സാധാരണയായി. മനസ്സിനുള്ളിലെ ആഗ്രഹങ്ങൾ നീനയോടിതുവരെയും പറഞ്ഞിട്ടില്ല. എല്ലാവരോടും നീന സംസാരിക്കുന്നു; ചിരിക്കുന്നു; രസിക്കുന്നു. തന്നോടും ഇങ്ങനൊക്കെ ചെയ്യുന്നു. മററുള്ളവരോടുള്ളതിൽ കൂടുതലായി യാതൊരു പ്രത്യേകതയും നീന തന്നിൽ കല്പിക്കുന്നില്ലായിരുന്നോ? എത്ര ദിവസം അതേപ്പററി ചിന്തിച്ചിരുന്നു; എത്ര ദിനരാത്രങ്ങൾ ആ ചിന്താഭാരത്തിൽ കഴിഞ്ഞുകൂടിയിട്ടുണ്ടു്?

നീന! അവൾ എനിക്കു വേണ്ടി പിറന്ന മാലാഖയാണെന്നു് ചിലപ്പോൾ തോന്നുമായിരുന്നു. ജീവിതത്തിൽ ഉണർവ്വും ഉന്മേഷവും പകർന്നു തരുവാൻ പറന്നെത്തിയ വാനമ്പാടിയാണവൾ. ഹൃദയം തുറന്നിതുവരെയും അവളോടു സംസാരിച്ചിട്ടില്ല. ഒരിക്കൽ എല്ലാം പറയണം എന്നു നിശ്ചയിച്ചു കഴിഞ്ഞുകൂടി. ദിവസങ്ങൾ......ആഴ്ചകൾ...മാസങ്ങൾ...കടന്നുപോയി. സ്റ്റഡി ലീവിനുള്ള സമയവുമായി.

നാളെ മുതൽ സ്റ്റഡി ലീവാകയാൽ നീനയെ കാണുന്നതിനായി വെയിററിംഗ് ഷെഡ്ഡിൻെറ മുൻപിലേക്കു നടന്നു. ചിരിച്ചുകൊണ്ടു് അവൾ ഓടിയെത്തി. പതിവിലേറെ സന്തോഷവതിയാണിന്നവൾ. എന്തായിരിക്കും കാരണം? കയ്യിൽ അടുക്കിവച്ചിരുന്ന കവറുകളിൽ നിന്നും ഒരെണ്ണം എടുത്തു നീട്ടി. അതിനു പുറത്തു് സ്വർണ്ണലിപികൾ. "വെഡ്ഡിംഗ്"" ഒരു മാസം മുൻപു് നീന പറഞ്ഞതു് പെട്ടെന്നോർത്തു. നീനയുടെ സഹോദരൻ ബാബുവിൻെറ കല്യാണം അടുത്ത മാസത്തിൽ നടക്കുമെന്നു്. കല്യാണക്കുറി തന്നതിനുള്ള നന്ദി രേഖപ്പെടുത്തിയിട്ടു് കവർ തുറക്കാൻ ശ്രമിച്ചപ്പോഴേയ്ക്കും "തീർച്ചയായും വരണേ. വരാതിരിക്കരുതു്..." എന്നു പറഞ്ഞിട്ടു് അവൾ നടന്നു നീങ്ങി. കവർ തുറന്നു വായിച്ചു. "ബാബു വിത്തു് ലീന." അതിനടിയിലായി മററു രണ്ടു പേരുകൾ കൂടി. ഹൃദയം തളർന്നുപോയി. കയ്യിലിരുന്ന കടലാസ്സു വിറച്ചുതുടങ്ങി. ഭൂലോകം മുഴുവൻ കറങ്ങുന്നതായി തോന്നി, "നീന വിത്തു് വിനോദ്" പരീക്ഷ കഴിയുന്ന ആഴ്ചയിൽത്തന്നെ നീന ഒരു ഭാര്യയാകുന്നു. കൂടുതലൊന്നും പിന്നീടു ചിന്തിച്ചില്ല. ചിന്തിച്ചിട്ടു ഫലമില്ലല്ലോ? അർഹിക്കാത്തതു് ആഗ്രഹിച്ചു. എത്താത്ത കൊമ്പിൽ പിടിക്കാൻ ശ്രമിച്ചു. നിരാശയുടെ അഗാധഗർത്തത്തിലേക്കു വീഴാതെ രക്ഷയില്ല. വീഴട്ടെ. സഹിക്കാം.

"മേ ഹെവൻസ് ചോയിസസ്റ്റ് ബ്ളസിംഗ്സ് ബി ഷവേർഡ് ഓൺ ദ യംഗ് കപ്പിൾ."

അങ്ങനെയൊരു ടെലഗ്രാം ചെയ്തതല്ലാതെ നീനയുടെ കഴുത്തിൽ വരണമാല്യം ചാർത്തുന്നതു കാണുവാൻ പോയില്ല. മനഃപൂർവ്വം പോകാതിരുന്നതാണു്. നീനയോടു് യാതൊന്നും താൻ ആവശ്യപ്പെട്ടില്ല. അവൾ ഒന്നും വാഗ്ദാനം ചെയ്തില്ല. സഹോദരതുല്യം ആയിരുന്നിരിക്കും അവൾ തന്നെ സ്നേഹിച്ചതു്. താൻ അതിലുമുപരിയായി

ലേഖനം

# സമയത്തിന്റെ വില

Annamma Philip   Class I Psychology

"ആമകുംഭാംബുസമാനമായുസ്സുടൻ,
പോവതേതും ധരിക്കുന്നതില്ലാരുമേ"
എന്ന് ഭാഷാഗുരുവായ തുഞ്ചത്താചാര്യനും,

"എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും,
മണ്ടി മണ്ടിക്കരേറുന്നു മോഹവും"

എന്നിങ്ങനെ ഭക്തകവിലോത്തംസമായ പൂന്താനവും സമയത്തിന്റെ വിലയെപ്പറ്റി നമ്മെ അതിപ്രാചീനകാലം മുതല്ക്കുതന്നെ ഉദ്ബോധിപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ട്. ജീവിതകാലം ഏറ്റവും ചുരുക്കം, ചെയ്യുവാനുള്ളതു് അതിവിസ്തൃതവും. ഒരുവന്റെ ആയുഷ്കാലം മുഴുവൻ യത്നിച്ചാലും, സമ്പാദിക്കുവാൻ സാധിക്കാത്തത്ര വിജ്ഞാനം ഏതൊരു മനുഷ്യന്റെ മുൻപിലും സമുദ്രം പോലെ വിസ്തൃതമായിക്കിടക്കുന്നു. ഓരോ നിമിഷവും കാലമാകുന്ന ചങ്ങലയുടെ ഓരോ കണ്ണികളാണ്. ഈ കണ്ണികളെ യഥോചിതം വിനിയോഗിക്കുന്നവരാണ് സമയത്തിന്റെ യഥാർത്ഥമായ വില അറിയുന്നവർ. തങ്ങളുടെ ആയുഷ്കാലത്തെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തി എന്ന് സമാധാനിക്കുവാൻ സമയത്തിന്റെ വിലയറിയുന്നവർക്ക് മാത്രമേ സാധിക്കുകയുള്ളൂ. ആയുസ്സിന്റെ കഴിഞ്ഞുപോയ നിമിഷങ്ങളെ തിരികെ എടുക്കുക മനുഷ്യശക്തിക്കതീതമായ കാര്യമാണ്.

സമയത്തിന്റെ വിലയെപ്പറ്റി ചിന്തിക്കാത്തവർക്ക് നിസ്സാര കാര്യങ്ങളിൽപ്പോലും പരാജയം സംഭവിക്കുന്നു. പരീക്ഷാവിജയം, സമരവിജയം, ജീവിത വിജയം, എന്നിവയുടെ എല്ലാം അടിസ്ഥാനം സമയത്തിന്റെ അനർഘതയെക്കുറിച്ചുള്ള ജ്ഞാനമാണ്. പ്രായേണ സമസ്തജനങ്ങളും സമയത്തെ ദുരുപയോഗപ്പെടുത്തി, അവസാനം പശ്ചാത്തപിക്കുന്നു. കൃത്യനിഷ്ഠയിൽ നിന്നുള്ള പിൻതിരിയൽ, സമയത്തിന്റെ നിലയെയും വിലയെയും കുറിച്ചുള്ള ബോധം നമ്മിൽനിന്നും അകറ്റിക്കളയുന്നു.

ലോകത്തിൽ നാളിതുവരെ ഉണ്ടായിട്ടുള്ള മഹാന്മാരുടെ ജീവചരിത്രങ്ങൾ പരിശോധിച്ചാൽ അവരുടെ വിജയത്തിന്റെ അടിസ്ഥാനം സമയത്തിന്റെ വിലയറിഞ്ഞു പ്രവർത്തിച്ചു എന്നുള്ളതാണ് എന്നു മനസ്സിലാക്കുവാൻ കഴിയും. ഒരു സാധാരണ പട്ടാളക്കാരന്റെ മകനായി ജനിച്ച നെപ്പോളിയൻ ലോകത്തെ മുഴുവൻ കിടിലംകൊള്ളിക്കത്തക്കവണ്ണം ശക്തി ആർജ്ജിച്ചു് സമയത്തെ, അതിന്റെ വില മനസ്സിലാക്കി, വിനിയോഗിച്ചതുകൊണ്ടാണ് എന്നു കാണാം. കുതിരപ്പുറത്തു് സവാരി ചെയ്യുമ്പോൾ 15 മിനിററു നേരംമാത്രം ഉറങ്ങി, ബാക്കിസമയം മുഴുവൻ ഇതര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ആ മഹാൻ സമയത്തിന്റെ വില എത്രമാത്രം മനസ്സിലാക്കിയിരുന്നുവെന്ന് നമുക്ക് ഊഹിക്കാൻ സാധിക്കും. എന്തിനേറെ, കേരള വ്യാസനെന്ന അപരനാമത്താൽ വിശ്രുതനായ കുഞ്ഞിക്കുട്ടൻ തമ്പുരാൻ 1,20,000 ശ്ലോകങ്ങളടങ്ങിയ മഹാഭാരതം തർജ്ജിമ തന്റെ 3 വർഷത്തെ നിരന്തര പരിശ്രമത്തിന്റെ ഫലമായി ഭാഷയ്ക്കു സമ്മാനിച്ചു എന്നറിയുമ്പോൾ അദ്ദേഹം സമയത്തിനു കൊടുത്തിരുന്ന വിലയെപ്പറ്റി നമുക്ക് ഏതാണ്ട് അനുമാനിക്കുവാൻ കഴിയും. ഇങ്ങനെ ജീവിതത്തിൽ വിജയവും, വിശ്രുതിയും നേ

---

സ്നേഹിച്ചതിൽ അവൾ തെറ്റുകാരിയാണോ? നീനേ! നിന്നിലെ ആ നല്ല യുവതിയുടെ മുൻപിൽ, ആ നല്ല സഹോദരിയുടെ മുൻപിൽ ഞാൻ തല വണങ്ങുന്നു. നിന്റെ കുടുംബജീവിതത്തിൽ ഐശ്വര്യത്തിന്റെയും ആനന്ദത്തിന്റെയും ആയിരമായിരം കുസുമങ്ങൾ വിരിയട്ടെ. നിനക്ക് നന്മകൾ മാത്രം വരട്ടെ.

ഒരു സിഗററുകൂടി എടുത്തു കത്തിച്ചു. നീണ്ട ചൂളം വിളിയോടെ ട്രെയിൻ മുൻപോട്ടു നീങ്ങിക്കൊണ്ടിരുന്നു...

ടിയിട്ടുള്ളവരെല്ലാം സമയത്തിന്റെ നിലയും വിലയും നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ളവരാണ് എന്നു് നാം കരുതണം

വിദ്യാർത്ഥി ജീവിതം സമയത്തിന്റെ വിലയേയും, നിലയേയും പറ്റി അറിവാനും, ഗ്രഹിക്കാനും, തദ്വാരാ ജീവിതത്തെ പുരോഗമിപ്പിക്കുവാനും പറ്റിയ ഒരു അമൂല്യാവസരമാണ്. ലോകത്തിൽ ഇന്നേവരെ ഉണ്ടായിട്ടുള്ള അത്ഭുതകരങ്ങളായ കണ്ടുപിടുത്തങ്ങളുടെ കർത്താക്കൾ—ശാസ്ത്രജ്ഞന്മാർ—അവരുടെ ജീവിതത്തിന്റെ ഒരോ നിമിഷങ്ങളെയും എത്രമാത്രം അമൂല്യമായി കരുതിയിരിക്കണം. പല ശാസ്ത്രജ്ഞന്മാരും തങ്ങളുടെ സ്വന്തം ആവശ്യങ്ങളെക്കൂടി ത്യജിച്ചു്—വിസ്മരിച്ചു്—അതിനാവശ്യമായ സമയം കൂടി ചെലവാക്കാതെ ഉദ്ദേശസിദ്ധിക്കായി രാപ്പകൽ പരിശ്രമിച്ചതായും നമുക്കറിയാൻ കഴിയുന്നുണ്ടു്. മാനവസമുദായം ആകമാനം, പ്രത്യേകിച്ചു വിദ്യാർത്ഥികൾ, പ്രസ്തുത മഹാന്മാരുടെ ജീവചരിത്രം പഠിച്ചു് അവരെപ്പോലെ സമയം ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുവാൻ പരിശീലിക്കേണ്ടതാകുന്നു.

*With the best compliments of:*

# APSARA

BAKERS AND STATIONERS

AROMA BUILDINGS,

**ALWAYE**

# ഏകാന്തപഥിക

(ബി. സാവിത്രി)

ക്ലാസ്സുമുറിയിലെ അന്തരീക്ഷം വിട്ടുകഴിഞ്ഞാൽ അവളുടെ ലോകം മിക്കവാറും മൂകമായിരുന്നു. ഈ ശാന്തത അവളൊരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. പഠിക്കുന്ന കാലത്തു് വാചാലമായി സംസാരിക്കുവാൻ തനിക്കുള്ള സാമർത്ഥ്യത്തെപ്പററി ഓർത്തു് അസൂയപ്പെട്ടിരുന്ന കൂട്ടുകാരികൾ ഇടയ്ക്കിടയ്ക്കു് അവളുടെ സ്മരണകളിൽ ഉയരാറുണ്ടു്. അപ്പോഴൊക്കെ അവളോർക്കും.

താൻ എന്തേ ഇന്നിങ്ങനെ ആകാൻ?

ഇക്കൊല്ലം, കൂടെ പ്രവർത്തിക്കുന്നവരിൽ സമപ്രായക്കാർതന്നെ അഞ്ചാറു പേരുണ്ടു്. എങ്കിലും അവരിലൊരാളോടുപോലും അടുക്കാൻ ഈ ആറുമാസമായിട്ടും കഴിഞ്ഞിട്ടില്ല. ആത്മാർത്ഥതയില്ലാത്ത പുഞ്ചിരിയും പൊള്ളയായ സ്നേഹപ്രകടനങ്ങളും കാണുമ്പോൾ അവൾക്കരിശം കയറും. ആ അവസരത്തിൽ വിഷാദം മഥിക്കുന്ന ഹൃദയത്തോടെങ്കിലും, വീറോടെ അവൾ ചിന്തിക്കും.

എന്തിനെ ഇവരെന്നെ നോക്കി ഈ പല്ലിളിച്ചുകാട്ടുന്നതു്? അർത്ഥമില്ലാത്ത കുശലപ്രശ്നങ്ങൾ കൈമാറാൻ വരുന്ന ഇവരുടെ ഒരൊററ വാക്കിലെങ്കിലും ആത്മാർത്ഥത കണികാണാൻ കിട്ടുമോ? എന്നിട്ടും ഇവരൊക്കെത്തന്നെയാണല്ലോ കഴിഞ്ഞ കൊല്ലം മിസ്സ് മോളി ഫ്രാൻസിസിന്റെ കുററങ്ങളുമായി എത്തിയിട്ടുള്ളതു്.

കേട്ടുപഠിക്കുന്ന അന്തരീക്ഷത്തിൽനിന്നു് പറഞ്ഞുപഠിപ്പിക്കുന്ന ലോകത്തിലേക്കു് കടന്നപ്പോഴുണ്ടായ ആശ്വാസവും ആലസ്യവും അവളെ സംബന്ധിച്ചിടത്തോളം ഒരേപോലെ അമ്പരപ്പിക്കുന്നതായിരുന്നു. ഇഷ്ടപ്പെട്ട പാതയായിരുന്നിട്ടുകൂടി കാലിടറിയേക്കുമോ എന്നു് ശങ്കിച്ചുനിന്നപ്പോൾ പ്രിയപ്പെട്ട ഒരു സുഹൃത്തായിരുന്നു അവൾക്കാവശ്യം. ഒരു വിനാഴികയിലെ പരിചയത്തിലൂടെ, ഒരു വ്യക്തിയുടെ സ്വഭാവത്തിന്റെ സൂക്ഷ്മാംശം ഗ്രഹിക്കാൻ തനിക്കു സാധിക്കും എന്ന ചങ്കുറപ്പും അവൾക്കുണ്ടായിരുന്നു. അങ്ങനെയാണു് അവൾ സഹപ്രവർത്തകർ വെറുത്തിരുന്ന മിസ്സ് മോളി ഫ്രാൻസിസിനെ സഖിയായി തെരഞ്ഞെടുത്തതു്.

മിസ്സ് മോളിക്കു് വെറുക്കപ്പെടേണ്ട ഒരു പൂർവ്വകാല ചരിത്രം ഉണ്ടു് എന്ന വസ്തുത അവളെ ഞെട്ടിച്ചില്ല. പകരം കൺമുൻപിൽ കണ്ട ഒരു സംഗതി അവരെ അവളുടെ ദൃഷ്ടിയിൽ കൂടുതൽ അഭിനന്ദനീയയാക്കിത്തീർക്കയും ചെയ്തു. മിസ്സ് മോളി ഫ്രാൻസിസിനെ അവരുടെ വിദ്യാർത്ഥികളേവരും അങ്ങേയററം ഇഷ്ടപ്പെടുകയും ബഹുമാനിക്കുകയും ചെയ്യുന്നു!

അവരുമായി അടുക്കുവാൻ അവൾക്കു് കുറച്ചു പാടുപെടേണ്ടിവന്നു. വിദ്യാർത്ഥികളിൽ നിന്നു വിട്ടാൽ തന്നിലേക്കുതന്നെ ചുരുങ്ങിപ്പോകാൻ അവർ വ്യഗ്രത കാണിക്കുന്നു എന്നു് അവൾ മനസ്സിലാക്കി. അതോടെ, അവരുടെ ഹൃദയത്തിലെ ലോലലോലമായ തന്ത്രികൾ കണ്ടുപിടിച്ചു് അതിൽമുട്ടി തനിക്കു കേൾക്കാൻവേണ്ടി മാത്രം ഒരു മൃദുലശബ്ദം പുറപ്പെടുവിക്കണമെന്നു് അവൾ നിശ്ചയിച്ചു. അവളുടെ ആത്മാർത്ഥത അവളെ വിജയിപ്പിക്കുകയും ചെയ്തു.

"എന്റെ സൂസി, ഇക്കൊല്ലം കൂടി കഴിഞ്ഞാൽ ഞാൻ നിത്യനരകത്തിലേക്കു് പോവുകയായി എന്നു തോന്നുന്നു. വയ്യാതാവുന്നതുവരെ ജോലിയെടുക്കാൻ ഈ കലാശാല അനുവദിച്ചെങ്കിൽ! കഷ്ടം! അറുപതു വയസ്സായിപ്പോയല്ലോ"

കഴിഞ്ഞ കൊല്ലം അവസാനിക്കാറായപ്പോൾ മിസ്സ് മോളി അവളോടു് പറഞ്ഞതാണാവാക്കുകൾ. ഒരിക്കലും മറക്കാൻ കഴിയാത്തവണ്ണം അന്നത്തെ ആ വാക്കുകൾ അവളുടെ ഹൃദയത്തിൽ മുദ്രിതങ്ങളായിട്ടുണ്ടു്. മിസ്സ് മോളി ഫ്രാൻസിസു തന്നെ

വിട്ടുപോകയാണെന്ന യാഥാർത്ഥ്യം, മിസ്സ് മോളിയുമായി അടുത്തതുകൊണ്ടു മാത്രം വേറെ സുഹൃത്തുക്കളെ തേടാൻ സമയമില്ലാതെപോയ അവൾക്കു് അസ്വാസ്ഥ്യജനകമായിരുന്നു. മിസ്സ് മോളിയുടെ സുഹൃത്തായതുകൊണ്ടുതന്നെ, അവളെയും ഒരു പ്രത്യേക പ്രകൃതിയായി സഹപ്രവർത്തകർ കണക്കിലെടുത്തു കഴിഞ്ഞിരുന്നു. എങ്കിലും, അവ്യക്തമായ ഒരു സന്തോഷം അന്നു് അവളനുഭവിച്ചിരുന്നു.

മിസ്സ് മോളിയുടെ സുഹൃത്തെന്ന നിലയിൽ താനുമായി പരിചയപ്പെട്ട വിദ്യാർത്ഥികൾ ഒന്നടങ്കം തന്റെ മാത്രം ആരാധകരായിത്തീരുമല്ലോ, അടുത്ത വർഷം. ഇത്രയധികം കുട്ടികളുടെ സ്നേഹാദരങ്ങൾ തന്നിലേയ്ക്കു മാത്രം കേന്ദ്രീകരിക്കപ്പെടുക! ഹായ്! എന്തൊരു രസമായിരിക്കും!

അവിടെ, അവിടെയാണവളുടെ കണക്കുകൂട്ടലുകൾ തെററിപ്പോയതു്. ഏറെ വാത്സല്യത്തോടെ അവളിക്കൊല്ലം തന്റെ പ്രിയപ്പെട്ട വിദ്യാർത്ഥികളെ നോക്കി. ഒരാളൊഴിച്ചു് ബാക്കിയെല്ലാം അവൾക്കു് അതേ നാണയത്തിൽത്തന്നെ തിരിച്ചുകിട്ടുകയും ചെയ്തു. പക്ഷേ, ആ ഒരാളുടേതായിരുന്നു അവൾക്കാവശ്യം. അതില്ല എന്നു കണ്ടപ്പോൾ അവളുടെ വാത്സല്യത്തിന്റെ ഉറവിടം വററിത്തുടങ്ങി. അതോടെ, മററു കുട്ടികളും അവളിൽനിന്നകലുകയും ചെയ്തു. ദുഃഖത്തിന്റെ വിജനതീരങ്ങളിലെ ഏകാന്ത പഥികയായിത്തീർന്നു അവൾ. കഴിഞ്ഞുപോയ സ്വപ്നങ്ങൾ താലോലിച്ചുകൊണ്ടു് ഓർമ്മകളുടെ മേഘപടലങ്ങളിലേയ്ക്കു് നോക്കിയിരിക്കുക പതിവായപ്പോൾ അവൾക്കൊരു സത്യം വ്യക്തമായി.

തനിക്കു് സുരേന്ദ്രനെ മാത്രമായിരുന്നു ഇഷ്ടം. മിസ്സ് മോളി ഫ്രാൻസിസിലൂടെ താൻ ഇഴുകിച്ചേർന്ന അനേകമനേകം വിദ്യാർത്ഥികളിൽ ഓരോരുത്തരിലും താൻ സുരേന്ദ്രനെ മാത്രമാണു് കണ്ടിരുന്നതു്. അതല്ലായിരുന്നെങ്കിൽ സുരേന്ദ്രന്റെ സ്വഭാവം മാത്രം മാറിപ്പോയപ്പോൾ തനിക്കു് മററുള്ള കുട്ടികളിൽ താത്പര്യം കുറയേണ്ടിയിരുന്നില്ലല്ലോ.

ഈ സത്യം അവളിൽ നെടുവീർപ്പുകളുയർത്തി. ഉറക്കംവരാതെ കിടക്കുന്ന പല രാത്രികളിലും, ഇതോർത്തു് അവളുടെ കണ്ണുകൾ ഈറനണിഞ്ഞിട്ടുണ്ടു്. അപ്പോഴൊക്കെ അവളോർക്കും, തന്റെ കരം പിടിക്കാനെത്തിയേക്കാവുന്ന അജ്ഞാതനായ യുവാവിനോടു് തന്റെ ജീവിതത്തിലെ ഒരു വലിയ സംഭവമായി പറയേണ്ടതു് ഇതാണു് എന്നു്. ഈ ദുഃഖത്തിന്റെ തീവ്രത മനസ്സിലാക്കാൻവേണ്ടും കെല്പുള്ള വിശാലഹൃദയനായിരിക്കണേ അദ്ദേഹം എന്നവൾ ഈശ്വരനോടു് പ്രാർത്ഥിക്കയും ചെയ്യും. അബോധതയുടെ അഗാധതയിലേയ്ക്കു് താഴാൻ ആഗ്രഹിച്ചുകൊണ്ടു് കണ്ണുകളിറുകെ അടച്ചുകിടന്നാലും അവൾ അറിയാതെ നെടുവീർപ്പിട്ടുപോകും.

എന്റെ പ്രിയപ്പെട്ട കുട്ടീ, നീയെന്നിൽ നിന്നകന്നുപോയല്ലോ.

ആദ്യമായി ജോലിയിൽ പ്രവേശിച്ച അന്നുതന്നെ അവൾ സുരേന്ദ്രനെ ശ്രദ്ധിച്ചതാണു്. എല്ലാമുണ്ടെങ്കിലും അസംതൃപ്തി മാത്രം തേർവാഴ്ച നടത്തുന്ന മുഖങ്ങളായിരുന്നു, അവളുടെ വീട്ടിലേതു്. അച്ഛനമ്മമാരുടെ അഭാവം അവളെ നന്നേ അലട്ടിയിരുന്നു. അപസ്വരങ്ങളുയർത്തുന്ന പെരുമാററങ്ങൾക്കു് അന്നു രാവിലെ കൂടി ദൃക്സാക്ഷിയായി നിന്നതിന്റെ വേദന മായാത്ത മുഖത്തോടെ, പുതിയ ജീവിതത്തിന്റെ വിജയാപജയങ്ങളെക്കുറിച്ചു് നിശ്ചയമില്ലാതെ അങ്കലാപ്പോടുകൂടി, അലക്ഷ്യമായി അനന്തതയിലേയ്ക്കു് നോക്കിയിരിക്കുകയായിരുന്നു അവൾ. ബസ്സിൽ മിക്കവാറും കോളജിലേയ്ക്കുള്ള കുട്ടികൾ തന്നെയായിരുന്നു. അവൾക്കഭിമുഖമായൊരു സീററിലാണു് സുരേന്ദ്രൻ ഇരുന്നിരുന്നതു്. നിമിഷങ്ങൾകൊണ്ടു് അവനവളുടെ ശ്രദ്ധയെ ആകർഷിച്ചു. ബസ്സ് കോളജിലെത്തിയപ്പോഴേയ്ക്കു് അവന്റെ ഉല്ലാസകരമായ പ്രകൃതി അവളുടെ ഹൃദയത്തെയും ഉന്മേഷപൂർണ്ണമാക്കിത്തീർത്തിരുന്നു. അവൻ കൂട്ടുകാരോടു് പറഞ്ഞു ചിരിച്ച ഓരോ കാര്യവും അവളുടെ മസ്തിഷ്കത്തിൽ നിറഞ്ഞുനിന്നു.

പിന്നീട്, മിസ്സ്. മോളിഫ്രാൻസിസ് ആണ് അവനെ അവൾക്ക് പരിചയപ്പെടുത്തിക്കൊടുത്തത്.

ആ പരിചയം. ഒരു കൊല്ലംകൊണ്ട് വളരെയേറെ വളർന്നു. എന്തിനെക്കുറിച്ചും വാദപ്രതിവാദം നടത്താൻ വളരെ വാസനയായിരുന്നു സുരേന്ദ്രന്. ഒരിക്കലുമവൻ വിഡ്ഢിത്തങ്ങൾ എഴുന്നെള്ളിച്ചിരുന്നില്ല. യുക്തിയുക്തമായി ഓരോ കാര്യങ്ങൾ അവതരിപ്പിക്കുമ്പോഴും മിസ്സ്. മോളി അവനെക്കുറിച്ച് പറഞ്ഞിട്ടുള്ളത് അവളോർക്കും.

"സുരേന്ദ്രൻ ഈ കോളേജിലെ ഏറ്റവും മികച്ച കുട്ടിയാണ്. നോക്കിക്കൊള്ളൂ, സൂസി, അവൻ വലിയൊരാളാകും"

പറഞ്ഞുനിറുത്തിയപ്പോൾ അവരുടെ കൺകോണുകളിൽ നനവൂറുന്നത് അവൾ ശ്രദ്ധിച്ചതാണ്. പെട്ടെന്നവർ ലൈബ്രറിയിലേക്ക് പോകുകയും ചെയ്തു.

അവൾക്കറിയാം ആ ദുഃഖത്തിന്റെ കാരണം. പലപ്പോഴായി മിസ്സ് മോളിഫ്രാൻസിസിൽനിന്ന് അവളെല്ലാം മനസ്സിലാക്കിയിട്ടുണ്ട്.

മിസ്സ് മോളി. എം. എസ്സ്. സിക്ക് പഠിച്ചുകൊണ്ടിരുന്നപ്പോൾ ഒരാളുമായി പ്രേമത്തിലായി. ഇക്കാര്യമറിഞ്ഞ വീട്ടുകാർ അയാളെക്കൊണ്ട് അവളെ കല്യാണം കഴിപ്പിക്കാമെന്ന് വിചാരിച്ചു. പക്ഷേ, അന്വേഷിച്ചതിൽനിന്ന് അയാൾ വെറുമൊരു വിടനാണെന്ന് മനസ്സിലാക്കിയ വീട്ടുകാർ അവളെ കർശനമായി താക്കീതു ചെയ്തു.

പരീക്ഷ എഴുതിക്കഴിഞ്ഞ മിസ്സ്. മോളി വീട്ടിലേക്കല്ല, പോയത്. ഹോസ്റ്റലിൽ നിന്ന് കമിതാവിനോടൊപ്പം നേരെ ഒരു ഹോട്ടലിലേക്ക്. രാത്രിയവർ ഒന്നിച്ചു താമസിച്ചു. പിന്നീടയാൾ എങ്ങോട്ടോ പോയി. ദുഃഖാകുലയായി വീട്ടിലെത്തിയ മകളെ അച്ഛനമ്മയുമുപേക്ഷിച്ചില്ല പക്ഷേ, രഹസ്യം മണത്തറിഞ്ഞ നാട്ടുകാർ വെറുത്തു.

കോളേജുദ്യോഗം മിസ്സ്. മോളിക്കൊരനുഗ്രഹമായിരുന്നു. ഗവണ്മെന്റ് കോളേജിൽ നിന്ന് റിട്ടയർ ചെയ്തിട്ടും അവരെ ഇവിടെക്കൊണ്ടെത്തിച്ചത് അവരുടെ ഏകാന്തതയായിരുന്നു. ഇന്നുമവരാ കാമുകനെ മറന്നിട്ടില്ല. സുരേന്ദ്രന് അവളുടെ പ്രിയതമനുമായി രൂപസാദൃശ്യമുണ്ടത്രേ.

ഇതൊക്കെ കേട്ടിരുന്ന അവൾ അത്ഭുതപ്പെട്ടുപോയി. അവൾക്ക് ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല.

"ക്ഷമിക്കണേ അപ്പോൾ സുരേന്ദ്രനോട് ദേഷ്യം വരാനല്ലേ ന്യായം?"

"സൂസിക്കതു മനസ്സിലായിട്ടില്ല, കുട്ടീ. ഒരാളെന്നെ വഞ്ചിച്ചു. അയാളോട് എനിക്കൊന്നും ചെയ്യാൻ കഴിവില്ല. പക്ഷേ, ഒരിക്കലാ മനുഷ്യനെന്നെ സ്നേഹിച്ചിട്ടുണ്ട്. അതഭിനയമായിരുന്നോ എന്തോ, അതു പോകട്ടെ. ആ സ്നേഹത്തിന്റെ രൂപം എന്റെ മനസ്സിൽ മായാതെ കിടക്കുന്നു."

വിളറിയ ഒരു ചിരിയിൽ വേദന അടക്കിക്കൊണ്ട് അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം അവർ തുടർന്നു.

"സൂസി എന്റെ അഭിലാഷങ്ങളുടെ പൂർത്തീകരണമാണ് സുരേന്ദ്രൻ എന്നെനിക്ക് തോന്നിപ്പോകുന്നു. അദ്ദേഹത്തിന്റെ ഛായ ഉള്ളതുകൊണ്ടുമാത്രം, അവനെ ഒരമ്മയെപ്പോലെ നോക്കാൻ... . ......"

പൂർത്തിയാക്കാൻ അവർക്ക് കഴിഞ്ഞില്ല. മേശമേൽ തലചായ്ച്ചിരുന്ന് ഒരു കൊച്ചുകുട്ടിയെപ്പോലെ അവർ തേങ്ങി.

പിന്നീട് സ്വസ്ഥത ലഭിച്ചപ്പോൾ അവർ പറഞ്ഞു.

"ഇതൊന്നും ആരോടും സൂചിപ്പിക്കുക പോലും അരുത്. സുരേന്ദ്രന്റെ ദൃഷ്ടിയിൽ നമ്മൾ അദ്ധ്യാപികമാർ മാത്രം കേട്ടോ."

മിസ്സ്. മോളിഫ്രാൻസിസ് എപ്പോഴും അവൾക്ക് കൊടുത്തിരുന്ന ഉപദേശമായിരുന്നു അത്.

"വിദ്യാർത്ഥികൾ നോക്കുമ്പോൾ നമ്മൾ അദ്ധ്യാപികമാർ മാത്രം. ആരോടെങ്കിലും

നമുക്ക് പ്രത്യേക സ്നേഹമുണ്ടെന്ന് അവരാരും അറിയാൻ പാടില്ല. കഴിയുന്നതും ഒരാളോടും പ്രത്യേകത വച്ചു പുലർത്താതിരിക്കാനും നോക്കൂ."

പക്ഷേ, അതു പറയുമ്പോൾപോലും മിസ്സ്. മോളിയുടേയും അവളുടേയും ഉള്ളിൽ സുരേന്ദ്രൻ നിറഞ്ഞു നില്ക്കുകയായിരുന്നു എന്ന് രണ്ടുപേർക്കും അറിയാം.

എന്നിട്ട്, ആ സുരേന്ദ്രനാണിപ്പോൾ അവളെക്കണ്ടാൽ പരിചയഭാവംപോലും നടിക്കാൻ മടിക്കുന്നത്.

ഇക്കൊല്ലം, കോളജ് തുറന്നയന്ന് എത്ര ഉത്സാഹത്തോടുകൂടിയാണ് അവൾ ഓടിയെത്തിയത്! മിസ്സ്. മോളിയുടെ അഭാവത്തെക്കുറിച്ചുള്ള ഓർമ്മ നൽകിയിരുന്ന വേദന അവളുടെ ഹൃദയത്തിലൊരു കോണിലേയ്ക്ക് ഒതുങ്ങിനിന്നിരുന്നു. അകം നിറയെ തന്റെ കുട്ടികളുടെ ഉത്സാഹമുള്ള മുഖങ്ങളായിരുന്നു, അവൾ കണ്ടിരുന്നത്. പ്രത്യേകിച്ചും, അവളെക്കാണുമ്പോൾ ഏറെ വികസിക്കുന്ന സുരേന്ദ്രന്റെ മുഖം.

"എന്താ റ്റീച്ചർ, വെക്കേഷൻ സുഖമായിരുന്നില്ലേ?" എന്ന അവന്റെ ചോദ്യം പോലും അവൾ ഭാവനയിൽ ദർശിച്ചു.

പക്ഷേ, ആദ്യത്തെ ദിവസം അവൾ സുരേന്ദ്രനെ കണ്ടതേ ഇല്ല. ക്ലാസ്സിൽവച്ച് കാണാനും സാധിക്കില്ല. അവന്റെ വിഷയമല്ലായിരുന്നു അവളുടേത്. അവന്റെ ക്ലാസ്സിലെ രജിസ്റ്റർ എടുത്ത് അവൻ വന്നിട്ടുണ്ടോ എന്ന് അവൾ പരിശോധിച്ചു. അന്നു വൈകുന്നേരംവരെ അവൾ വെറുതെ കാത്തിരുന്നു.

പിറേറന്ന്, നേരിയ വിഷാദത്തോടെയാണ് അവൾ കോളജിലേക്ക് തിരിച്ചത്. പടി കയറുമ്പോൾത്തന്നെ സുരേന്ദ്രൻ നില്ക്കുന്നത് അവൾ കണ്ടു. അവന്റെ ചിരിയിൽ ലേശം ആത്മാർത്ഥതയില്ലായ്മ പതിയിരിപ്പുണ്ടോ എന്നവൾ സംശയിച്ചു. അവനിങ്ങോട്ട് ചോദിക്കുമെന്ന് അവൾ പ്രതീക്ഷിച്ചിരുന്ന ചോദ്യം കേൾക്കാതിരുന്നപ്പോൾ, ഇടിക്കുന്ന ഹൃദയത്തോടെ അവൾ തന്നെയാ ചോദ്യം ചോദിച്ചു.

"എന്താ സുരേന്ദ്രൻ, വെക്കേഷൻ സുഖമായിരുന്നില്ലേ?" അവൻ ചിരിച്ചതേയുള്ളു.

പിന്നീടവൾ അതേക്കുറിച്ച് വളരെയേറെ ആലോചിച്ചു. സുരേന്ദ്രന്റെ ഈ മൗനം അസാധാരണമായിരുന്നു. ഒടുവിലവൾ സമാധാനിച്ചു, നീണ്ട മൂന്നുമാസം പരസ്പരം കാണാതിരുന്നതിനാലാകാം ഈ മൂകത എന്ന്. ഒപ്പം ഒരുൾപ്പുളകത്തോടെ, ഒരാഴ്ച മുൻപ് അവിചാരിതമായി തന്റെ പ്രിയപ്പെട്ട ഒരദ്ധ്യാപകനെ കണ്ടപ്പോൾ കണ്ണുകൾ നിറഞ്ഞുപോവുകയും, മിനിററുകളോളം ഒന്നും സംസാരിക്കാൻ സാധിക്കാതിരിക്കയും ചെയ്ത അവസ്ഥാവിശേഷത്തെക്കുറിച്ചും അവളോർത്തു. ഈ മാനസികാവസ്ഥതന്നെയായിരുന്നിരിക്കില്ലേ സുരേന്ദ്രനിലും വർത്തിച്ചിരുന്നത് എന്ന ചിന്ത അവൾക്ക് ആശ്വാസദായകമായിരുന്നു.

എന്നാൽ, അതവളുടെ വ്യാമോഹം മാത്രമായിരുന്നു. കഴിഞ്ഞ കൊല്ലം സുരേന്ദ്രൻ അവളിൽ ചൊരിഞ്ഞിരുന്ന കലവറയില്ലാത്ത സ്നേഹാദരങ്ങളാണ് അവളെ ഈ വ്യാമോഹത്തിലെത്തിച്ചത്. ഈ ചിന്ത തന്നിൽ കടന്നുകൂടിയ ഉടനെതന്നെ അവൾ അത് കടലാസിലേയ്ക്കു പകർത്തി മിസ്സ്. മോളിഫ്രാൻസിസിന് അയയ്ക്കുകകൂടി ചെയ്തിരുന്നു. പക്ഷേ, അവരുടെ മറുപടി വരുന്നതിനു മുൻപുതന്നെ, സുരേന്ദ്രൻ തന്നിൽനിന്നകലുകയാണ് എന്ന സത്യം അവൾക്കു ബോദ്ധ്യമായി. മിസ്സ് മോളിയുടെ മറുപടിയിൽ 'സുരേന്ദ്രനെ പ്രത്യേകം അന്വേഷിച്ചതായി കാണുമ്പോൾ പറയണം' എന്ന വാചകം വെറുതെ വീണ്ടും വീണ്ടും വായിച്ചുകൊണ്ടിരിക്കാനേ അവൾക്കു കഴിഞ്ഞുള്ളു. ഒന്നു കണ്ടിട്ടുവേണ്ടേ, മിണ്ടാൻ?

പിന്നീട്, ദിവസങ്ങൾക്കുശേഷം മിസ്സ്. മോളിഫ്രാൻസിസ് അവളെയും അവരുടെ പ്രിയപ്പെട്ട കുട്ടികളെയും കാണാനെത്തി. അവളെ അത്ഭുതപ്പെടുത്തണമെന്ന് കരുതിക്കൊണ്ടുതന്നെ, മുൻകൂട്ടി അറിയിക്കാതെയാണ് അവരെത്തിയത്. വിഷാദകലുഷിതമായിരുന്നു അവളുടെ മുഖം. ചിരിയെപ്പററി അവൾ മറന്നുതുടങ്ങിയിരുന്നു. മിസ്സ് മോളിയെ മുന്നിൽ കണ്ടപ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞുപോയി.

കിലും അഭിമാനിയായിരുന്ന അവൾ. തന്റെ ദുഃഖത്തിന്റെ കാരണം മിസ്സ് മോളിയുടെ അഭാവം മാത്രമാണെന്ന് അവരെ വിശ്വസിപ്പിക്കുവാൻ അവൾക്കു കഴിഞ്ഞു.

അതോടെ, അവളിൽ ഒരു പുതിയ വേദനകൂടി ഉടലെടുത്തു. താനു പറഞ്ഞപ്പോൾ മിസ്സ് മോളിയുടെ മുഖത്ത് നിത്യദുഃഖത്തിന്റെ നിർവ്വികാരതയ്ക്കിടയിലൂടെ സന്തോഷം വന്നെത്തിനോക്കുന്നതു് അവൾ കണ്ടതാണ്. അതിനിടയാക്കിയ തന്റെ കാപട്യത്തെ അവൾ വെറുത്തു. എന്നാലും, സുരേന്ദ്രൻ തനിക്കു സമ്മാനിച്ച ദുഃഖത്തെപ്പററി ഒരക്ഷരംപോലും പറയാൻ അവൾ ശക്തയായില്ല.

മിസ്സ് മോളിക്കു ചുററും കൂടിയ കുട്ടികൾ അവരോട് അവളെപ്പററിയും പലതും പറഞ്ഞു. അവളെയിക്കൊല്ലം കാണാൻകൂടി കിട്ടുന്നില്ലെന്നായിരുന്നു കുട്ടികളുടെ പരാതി. ചിരിച്ചുകൊണ്ട്, മിസ്സ് മോളി ഓരോരുത്തരോടായി വിശേഷങ്ങൾ പറഞ്ഞുകൊണ്ടിരുന്നു. അവളിസ്സമയമെല്ലാം നിശ്ശബ്ദയായി സുരേന്ദ്രൻ തന്നെപ്പററി എന്തെങ്കിലും പറയുന്നുണ്ടോ എന്ന് ശ്രദ്ധിക്കുകയായിരുന്നു. മിസ്സ് മോളിയിൽ ലയിച്ചുനിൽക്കുന്ന ആ ഭാവം കണ്ട അവൾ അകലെ നോക്കി നെടുവീർപ്പിടുകമാത്രം ചെയ്തു. തെ അവരുടെ വരവ പാർട്ടിയിലെങ്കിലും

ത്ത ആ കണ്ണീർ ശരിപ്പെട്ടുമെന്ന് അവൾ ആശിച്ചതാണ്. പക്ഷേ, അവളുടെ മിക്ക ആഗ്രഹങ്ങളെയുംപോലെ, അതും ജലരേഖയായി അവശേഷിച്ചു.

അങ്ങനെ, ദുഃഖഭൂമിയിലൂടെ അവൾ യാത്ര തുടർന്നുകൊണ്ടിരുന്നു. ഒരൊററ ഒയാസിസ്സുപോലുമില്ലായിരുന്നു അവളെ ആശ്വസിപ്പിക്കുവാൻ. മിസ്സ് മോളി ഫ്രാൻസിസിന്റെ കത്തുകൾ, സുരേന്ദ്രനെക്കുറിച്ച് പരാമർശങ്ങളില്ലാത്തവപോലും, അവനെ അങ്ങനെ ഓർമ്മിപ്പിക്കുന്നവയാണെന്ന് അവൾക്ക് തോന്നി. ഈ ഒരൊററ കാരണംകൊണ്ടുതന്നെ അവൾ കത്തുകളെഴുതുന്നതു് ചുരുക്കുകയും ചെയ്തു.

തനിക്കു ചുററും തികഞ്ഞ ശൂന്യത അവൾക്കനുഭവപ്പെട്ടു. തന്റെ ജീവിതമിങ്ങനെ പാഴിലാക്കിയതിൽ അപാരമായ ദുഃഖമുണ്ടായിരുന്നു, അവൾക്ക്. അവളൊരു ഭാഗ്യഹീനയാണെന്ന് എല്ലാവരും വിധിയെഴുതിക്കഴിഞ്ഞിരുന്നു. ശരിയാണ്. അവളുടെ ഭാവന തളരുകയായിരുന്നു. സുരേന്ദ്രന്റെ അകൽച്ചയുടെ കാരണങ്ങളെക്കുറിച്ചു ചിന്തിച്ച് തളർന്നുകൊണ്ടായിരുന്നു അവൾ ദിവസങ്ങൾ തള്ളിനീക്കിയിരുന്നത്. പക്ഷേ, അതു് കണ്ടുപിടിക്കാൻ ഇന്നുവരെ അവൾക്കു കഴിഞ്ഞിട്ടില്ലെന്നു മാത്രം.


PHONE: 949.

"C" BLUES SPORTS

*The oldest and reliable Home*

For all kinds of

Sports goods, Toys, Cups, Medals etc.

Stockist of Slazengers goods.

*Broadway, Ernakulam.*

# പ്രത്യാഗമനം

(എൻ. കെ. രമേശം, പൂർവ്വവിദ്യാർത്ഥി)

പത്തു കൊല്ലം മുമ്പു ഞാനിക്കലാലയം
വിട്ടുപോയ്; യെന്നിട്ടു മിന്നു ദീർഘകാലാതി-
വർത്തിയാ മേതോ പ്രചോദന ശക്തിയാ-
ലെത്തുന്നു വിദ്യാനികേതമേ, നിൻ മണി-
മുറ്റത്തു മത്കാവ്യ കല്പന പാകത്ത
മുഗ്ദ്ധ സ്മൃതികളെ, സ്വപ്നസുഖങ്ങളെ,-
സ്വപ്ന വിഹാരാനുഭൂതിശതങ്ങളെ—
ക്കൊത്തിപ്പെറുക്കിക്കൊറിക്കുവാനായ്.

മഞ്ഞുകാലത്തു രസാലജാലങ്ങൾ തൻ
മഞ്ജരി ചിന്നും സുഗന്ധം നുകർന്നിളം-
തെന്നലുന്മാദം പുലമ്പവേ, ഞങ്ങളിൽ
മഞ്ഞവെയിലും നിഴലും പുണരു മി-
മന്ദിര പ്രാങ്ഗണ വീഥിയിൽ, വാർമഴ-
വില്ലണി വിദ്യുല്ലതികകളും, മലർ-
വില്ലേന്തി മാരനും. ഞാനുമെൻ തോഴരും
ഷെല്ലിയും കീറ്റ്സും നടന്നിരുന്നു.

പാറപ്പുറത്തു നിരീകനാ, യേകനായ്-
ക്കേറിയിരിക്കുന്ന പഞ്ചാസ്യനേക്കാളു-
മേറെ പ്രഭാവവും ഗൗരവഭാവവു-
മേറും മുഖത്തോ, ടസംബ്ലി ഹാളിൽ,
പ്ലാറ്റു-
ഫാറത്തിലെ പ്രീമാർന്ന കാറിപ്പുഴ-
സ്സാറിന്റെ നിസ്തുലസാഹിത്യ നിർഝര-
ധാരയിൽ ഞങ്ങളിറങ്ങുംപോൾ മുങ്ങ-
മാറുണ്ട കോരിത്തരിപ്പാർന്നനാൾ.

കെട്ട ചൂരും വിഷവാതവും ധൂമവും
മുറ്റും തുപ്പിടും കെമിസ്ട്രിയിൽ,
തെളിയാത്ത
വെട്ടം തിരഞ്ഞുമായ് നിത്യം കണക്കിലും
(ഒട്ടിമിണങ്ങാത്ത ഞാനും ഗണിതവും
മുട്ടാത്ത രണ്ടു സമാന്തര രേഖകൾ!)
ഒട്ടാത മാധുര്യമൂറിനിന്നു-തങ്ങൾ
തൊട്ടതെന്തും തനിത്തങ്കമാക്കാൻ വിളി-
പ്പെട്ട കരങ്ങൾ വിളമ്പുകയാൽ.*

ഇന്നൊരാപ്പീസ്സിന്നകത്തൊരു മേശമേൽ-
ക്കുന്നു പോൽപ്പൊന്തും പെരും ഫയൽ
ക്കെട്ടിന്റെ
പിന്നിൽക്കനിഞ്ഞു മുനിഞ്ഞു മുഷിഞ്ഞിതി,-
ന്നിതെത്ര ദൂര യുഗങ്ങൾക്കു ശേഷവും
വന്നു പുലരാത്തൊരാ 'നല്ല നാളെ'യെ-
ത്തന്നെ ഭജിച്ചു നരച്ചു നരകിച്ചു-
ജന്മം തുലയ്ക്കു,മെൻ പ്രാണനെത്തൊട്ടു-
മിന്നലെയെക്കുറിച്ചോർത്തുപോയ് ഞാൻ.

* ശ്രീ ടി. ആർ. നാരായണന്റെ കെമിസ്ട്രി ക്ലാസ്സുകളെയും ശ്രീ ടി. എസ്സ്. വെങ്കട്ടരാമന്റെ മാത്തമാറ്റിക്സ് ക്ലാസ്സുകളെയും സ്മരിച്ച്.


For all kinds of Piece Goods

VISIT

RATNA MAHAL

ALWAYE

PROPS— *S. KUMARASWAMY REDDIAR*

Also at

ALLEPPEY, BOMBAY AND QUILON.

# ചെകുത്താൻപാറ

(പി. എ. അലക്സാണ്ടർ, പൂർവ്വവിദ്യാർത്ഥി)

കുതിരപ്പുഴയിൽ നീന്തിക്കയറിയ പുലർകാലമങ്ക ഈറനണിഞ്ഞു് കടന്നുവരുന്നതു് കണ്ടുകൊണ്ടാണു് ഞങ്ങൾ യാത്ര ആരംഭിച്ചതു്. കൊടൈക്കനാലിലെത്തണം. സാധാരണവേഗത്തിൽ എത്തിയാൽപോരാ; എത്രയും വേഗത്തിൽ എത്തണം. വാശിയെന്നു പറഞ്ഞാൽ വിട്ടുവീഴ്ചയില്ലാത്ത വാശിയാണു് ഞങ്ങൾക്കു്. നേരത്തെക്കൂട്ടി ഏർപ്പാടു ചെയ്തിരുന്ന ടാക്സിക്കാരനുമായി തെറ്റിപ്പിരിയേണ്ടിവന്നു. തന്റെ കാറാണു് ലോകത്തിലെ ഏറ്റവും വിലപ്പെട്ട വസ്തുവെന്നു് തെറ്റിദ്ധരിച്ചിരിക്കുന്ന ഡ്രൈവറും, ആരുടെ മുന്നിലും പരാജയപ്പെട്ടു പോകരുതെന്നു നിർബന്ധമുള്ള 5 വിദ്യാർത്ഥികളും തമ്മിൽ എങ്ങനെയാണു് സമരസപ്പെട്ടുപോകുക? ഞങ്ങൾ 5 പേരെന്നു പറയുമ്പോൾ ദുർബ്ബലരായ ഏതാനും കോളജ് കുമാരന്മാരാണെന്നു കരുതണ്ടാ. ഒരു ബാരിയാണിക്കു് തല മുണ്ഡനം ചെയ്തു് പൊതിച്ച നാളികേരംപോലെയാക്കാൻ അല്ലെങ്കിലും ആലോചിക്കേണ്ടിവന്നിട്ടില്ലാത്ത അതിക്രൂരനും സാഹസികനുമായ ഹരിയുംകൂടെയുണ്ടു്. മറ്റു മൂന്നുപേർ ജോസ്, ടിറ്റി, ബെന്നി എന്നിവരാണു്. വാശി പലപ്പോഴും നഷ്ടത്തിലാണല്ലോ ചെന്നെത്തുക. മറ്റൊരു കാറുകാരനെ അന്വേഷിച്ചു; ഒടുവിൽ കണ്ടെത്തി. കുതൂഹലചിത്തരായി ഞങ്ങൾ യാത്രയാരംഭിച്ചു.

ഞങ്ങളെയും വഹിച്ചുകൊണ്ടു് ആ അംബാസഡർ കാർ കേരളത്തിന്റെ വിരിമാറിലൂടെ മുൻപോട്ടു കുതിച്ചുപോയി. ഉച്ചക്കു് മൂന്നാറിലെത്തി. നല്ല തണുപ്പു്. പ്രപഞ്ചത്തിൽ എല്ലാ നാശനഷ്ടങ്ങൾ സംഭവിച്ചാലും ഊണുകഴിച്ചേ യാത്ര തുടരാവൂ എന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരായിരുന്നു എല്ലാവരും. ഊണുകഴിച്ചാൽ ഛർദ്ദിക്കുമെന്നുറപ്പുള്ള ജോസുപോലും മറ്റുള്ളവരുടെ അഭിപ്രായത്തോടു യോജിച്ചു. ഇവിടന്നുള്ള യാത്ര തികച്ചും ഉല്ലാസപ്രദമായിരുന്നു, കൊടൈക്കനാലിലേക്കു് ഇനിയും 17 മൈൽകൂടെ താണ്ടണം. എല്ലാ ആഗ്രഹസാഫല്യങ്ങൾക്കും മുൻപിൽ ഒട്ടേറെ പ്രതിബന്ധങ്ങൾ തരണം ചെയ്യേണ്ടിവരുമെന്നാണല്ലോ ചരിത്രം നമ്മെ പഠിപ്പിക്കുന്നതു്. ഞങ്ങളെയും പ്രതിബന്ധമെന്നു പറയുന്ന ചെകുത്താൻ വെറുതെ വിട്ടില്ല. മുന്നിലതാ ഒരു കൂറ്റൻ മല ഇടിഞ്ഞുവീണു കിടക്കുന്നു. കൊടൈക്കനാലിൽ എത്താൻ കൊതിപൂണ്ടു പായുന്ന ഞങ്ങളെയുങ്ങോ ഒരുമല മടക്കി അയയ്ക്കാൻപോകുന്നു! പാന്റും ചുരുട്ടിക്കേറ്റി എല്ലാവരുമിറങ്ങി. 'അല്പം ശ്രമദാനമാകട്ടെ' ഫോട്ടോ പിടിക്കാനും പത്രത്തിൽ പ്രസിദ്ധപ്പെടുത്താനും ആരുമില്ലെങ്കിലും എങ്ങനെ എങ്കിലും മറുകര പൂകണമല്ലോ? കാണാൻ ഭംഗിയുള്ളതെങ്കിലും ഈ പ്രദേശം ആരോഗ്യത്തിനു് അല്പം ദോഷം ചെയ്യുന്നതായിരുന്നു! മനുഷ്യരെപ്പറ്റി വലിയ മതിപ്പൊന്നുമില്ലാത്ത ആനയുടെ വർഗ്ഗത്തിൽ ഉൾപ്പെട്ട കവലച്ചട്ടമ്പികളും, റൗഡികളുടെ ഗുരുതരായ കാട്ടുപോത്തുകളും ഇവിടെ സായാഹ്നസവാരിയ്ക്കിറങ്ങാറുണ്ടത്രെ. ഇതു കേട്ടു ടിറ്റി കാറിനകത്തു കയറി ഒളിച്ചിരുന്നു. ഞങ്ങൾ നാലുപേരുംകൂടി അവനെ പുറത്തിറക്കിയ പാടോർത്താൽ ഇപ്പോഴും ചിരി വരുന്നുണ്ടു്. കൊടൈക്കനാലിന്റെ പ്രകൃതിഭംഗി ആസ്വദിക്കുന്നതിനുള്ള മാധുര്യത്തെക്കാൾ വിലപ്പെട്ടതാണു് ജീവനെന്നതുകൊണ്ടു് ഭയം ഉള്ളിലിരുന്നു് ഇടികൊട്ടാൻ തുടങ്ങി. ചിരിയും, രാജ്യകാര്യ വ[illegible]വും, കമന്റടിയും കുറേ സമയത്തേക്കു നിലച്ചു. അതാ അകലെ കുറേ കാട്ടുപോത്തുകളുടെ കൂട്ടം, ഞങ്ങളുടെ സാമ്രാജ്യത്തിലേക്കു് കടന്നുവന്ന നിസ്സാരരായ മനുഷ്യപ്രജകളെ തുറിച്ചുനോക്കുന്നു. ഉള്ള ജീവനും പറന്നുപോകുന്നതായിരുന്നു ആ കാഴ്ച. തമ്പുരാൻ ആയുസ്സ് കുറെക്കൂടി നീട്ടിത്തന്നതുകൊണ്ടാവാം ആനയും കാട്ടുപോത്തുമൊന്നും ഈയുള്ളവരെ ശല്യപ്പെടുത്തിയില്ല. മലതാണ്ടി ഞങ്ങൾ യാത്ര തുടർന്നു. രാത്രി 8 മണിക്കു് ഞ

ങ്ങൾ കൊഡൈക്കനാലിലെത്തി. അന്നു രാത്രി ഒരു ഹോട്ടലിൽ താമസിച്ചു.

പിറേറദിവസം രാവിലെ 10 മണിക്കു് ഞങ്ങൾ ജൈത്രയാത്ര ആരംഭിച്ചു. കൊഡൈക്കനാൽ! പ്രകൃതിരമണീയമായ ഒരു പ്രദേശം. പലപ്പോഴും ആശിച്ചിട്ടുണ്ടു്. ആ പ്രദേശം ഒന്നു ചുററിനടന്നു കാണാൻ. പക്ഷേ തരപ്പെട്ടതിപ്പോൾ മാത്രമാണു". വൃക്ഷങ്ങൾ റോഡിന്റെ ഇരുപാർശ്വങ്ങളിലായി നിരന്നുനില്ക്കുന്നു. പച്ചപ്പട്ടണിഞ്ഞു് അംബരചുംബികളായി നില്ക്കുന്ന കുന്നുകൾ അവയുടെ വശങ്ങളിലായി കസവുപാളികൾ ഇന്നിച്ചേർത്തതുപോലെ വളഞ്ഞുപുളഞ്ഞുപോകുന്ന റോഡുകൾ. മനുഷ്യപ്രയത്നത്തിന്റെ വിജയത്തിന്റെ മുൻപിൽ ഞാൻ നമ്രശിരസ്കനായി. പാറക്കെട്ടുകളും വലിയ കൊക്കകളും വെട്ടിനിരത്തി റോഡുകളാക്കി മാററിയിരിക്കുന്നു. മനുഷ്യൻ! അവനാൽ സാധിക്കാത്തതൊന്നുമില്ല. ഞാൻ കാറിലിരുന്നു പലതും ചിന്തിച്ചു.

ഞങ്ങളുടെ കാർ ഒരു വലിയ മലയുടെ സമീപത്തു ചെന്നുനിന്നു. കാറിൽനിന്നും ഇറങ്ങിക്കഴിഞ്ഞപ്പോൾ ബെന്നി ആ മലയെപ്പററി ഒരു ചെറിയ വിവരം ഞങ്ങൾക്കു തന്നു. മദ്രാസിലെ ഏററവും ഉയരംകൂടിയ ഒരു കുന്നാണതുപോലും! ഞങ്ങൾ കുന്നു കയറാൻ തന്നെ തീരുമാനിച്ചു.

മലകയററം ആരംഭിച്ചു. ഏതാണ്ടു് ഒരു ഇരുനൂറടി കയറിക്കാണും. അപ്പോഴേക്കും നന്നാ ക്ഷീണിച്ചുകഴിഞ്ഞു. വല്ലാത്ത ദാഹം. നല്ല വിശപ്പുണ്ടു്. എന്നിട്ടും സാഹസ ബുദ്ധികളായ ഞങ്ങൾ മുൻപോട്ടു നീങ്ങി.

സാമാന്യം നിരപ്പുള്ള ഒരു സ്ഥലത്തെത്തി. അത്ഭുതമെന്നു പറയട്ടെ. അവിടെ ഒരു ചെറിയ കുടിൽ കാണുന്നു. ദാഹിച്ചു വലഞ്ഞ ജോസിനു് ഒരു ചെറിയ തലകറക്കവും. കുടിലിനെ ലക്ഷ്യമാക്കി ഞങ്ങൾ നടന്നു.

"ഇങ്കെ ആരുമില്ലയാ?" ബെന്നി വിളിച്ചു ചോദിച്ചു.

വൃദ്ധനായ ഒരു മനുഷ്യൻ പുറത്തേക്കിറങ്ങിവന്നു. എഴുപതിനോടടുത്ത പ്രായം. ചുക്കിച്ചുളിഞ്ഞ ശരീരം. വളർന്നിറങ്ങിയ ശ്മശ്രുക്കൾ. ഭയം തോന്നുന്ന മുഖഭാവം.

"തണ്ണി കിടക്കുമാ" തലയിൽ തടവിക്കൊണ്ടു് ഹരി ചോദിച്ചു. "കിടക്കും" വൃദ്ധന്റെ മറുപടി. അറയിലിരുന്നു് വൃദ്ധൻ കൊണ്ടുവന്ന വെള്ളവും ചില കാട്ടുപഴങ്ങളും ഞങ്ങൾ ഭക്ഷിച്ചു് തൃപ്തരായി.

യാത്ര ആരംഭിക്കുന്നതിനു മുൻപു് ഞാനും ബെന്നിയും ആ വൃദ്ധനുമായി പലതും സംസാരിച്ചു. ഹൃദ്യമായ സംഭാഷണം. യാത്ര പറഞ്ഞിറങ്ങിയപ്പോൾ ഞങ്ങൾ അയാളെക്കൂടി ക്ഷണിച്ചു. യാതൊരു മടിയും കൂടാതെ അയാൾ ഞങ്ങളോടൊപ്പം നടന്നു.

കുറേ ദൂരം നടന്നു് ഞങ്ങൾ ഒരു പാറയുടെ അടുത്തെത്തി. വിശാലമായ ഒരു പടുകൂററൻ കരിമ്പാറ. പാറയുടെ ചുററും കുററിക്കാടുകൾ മാത്രമേ ഉള്ളൂ. നിരപ്പുള്ള ചെറിയ ചെറിയ പാറകൾ അവിടവിടെ ചിതറിക്കിടപ്പുണ്ടു്. "പാറയുടെ മുകളിൽ കയറിയിരുന്നു് അല്പം കാററു കൊള്ളണം" എനിക്കൊരു മോഹം. പാറയുടെ അടുത്തേക്കു് നടന്നു. വൃദ്ധൻ ഓടിവന്നു് എന്റെ കൈത്തണ്ടയിൽ പിടിച്ചു. "സാർ അവിടെ പോകരുതു്" വൃദ്ധൻ മലയാളം പറയുന്നതു കേട്ടു് ഞങ്ങൾ അത്ഭുതപ്പെട്ടു. അയാളുടെ വിലക്കു് ശ്രദ്ധിക്കാതെ ഞാൻ പാറ ലക്ഷ്യമാക്കി നടന്നു.

"അതിന്മേൽ കയറരുതു സാർ" വൃദ്ധൻ അഭ്യർത്ഥിച്ചു.

ഞങ്ങളുടെ ഇടവിടാതുള്ള നിർബന്ധം മൂലം വൃദ്ധൻ ആ പാറയുടെ ചരിത്രം ഞങ്ങളെ വിവരിച്ചു കേൾപ്പിച്ചു.

വർഷങ്ങൾക്കു മുൻപു് ഒട്ടേറെ ആളുകൾ കൊഡൈക്കനാൽ പ്രദേശത്തു് കുടിയേറിപ്പാർത്തിരുന്നു. അക്കൂട്ടത്തിലൊരാളാണു് 'ലക്ഷ്മണസ്വാമി' അയാൾക്കു് പട്ടണത്തിൽ ധാരാളം ഫാക്ടറികൾ ഉണ്ടായിരുന്നു. ഈ വിവരമറിഞ്ഞു് തന്റെ മകളുമൊത്തു് ഒരു മനുഷ്യൻ സ്വാമിയുടെ അടുത്തെത്തി. തനിക്കും മകൾക്കും ഒരു ജോലി നൽകണമെന്നയാളോടഭ്യർത്ഥിച്ചു.

അല്പസമയത്തിനുശേഷം സ്വാമി ആ മനുഷ്യന്റെ കൂടെയുള്ള മകളെ ഒന്നു സൂക്ഷിച്ചു നോക്കി. യൗവ്വനം തുളുമ്പുന്ന ശരീരം. ആകർഷകമായ നോട്ടം. സ്വാമി ഒന്നൂറിച്ചിരിച്ചു. ആ മനുഷ്യനും മകൾക്കും സ്വാമി ജോലി കൊടുത്തു. അച്ഛന് ഫാക്ടറിയിലും മകൾക്ക് വീട്ടിലുമാണ് ജോലി.

ദിവസങ്ങളും മാസങ്ങളും അതിവേഗത്തിൽ കടന്നുപോയി. അന്നൊരു ശനിയാഴ്ചയായിരുന്നു. സ്വാമിയുടെ വീട്ടിൽ ആരുമില്ല. എല്ലാവരും പുറത്തുപോയി.

സ്വാമി വത്സയെ തന്റെ മുറിയിലേക്ക് വിളിച്ചു. വത്സയെ കസേരയിൽ പിടിച്ചിരുത്തി ഒരു കെട്ട് നോട്ടെടുത്ത് അവളുടെ നേർക്ക് നീട്ടി.

"ഇതെന്തിനാ സാർ" 'വത്സേ ഇത് ഞാൻ നിനക്ക് തന്നതാണ്'' 'വേണ്ട സാർ' അവൾ എഴുന്നേറ്റോടാൻ ശ്രമിച്ചു. സ്വാമി അവളെ ബലമായി പിടിച്ചുനിറുത്തി.

അവൾ ആകെ അമ്പരന്നു. കൈ കുതറാൻ ശ്രമിച്ചുനോക്കി, പക്ഷെ ആ കൈകൾ മുറുകിക്കഴിഞ്ഞിരുന്നു. നിലവിളിക്കണമെന്നു തോന്നി. സാധിച്ചില്ല. അവസാനം ക്രൂരനായ മനുഷ്യന്റെ കൈകളിൽ അവൾ ആഞ്ഞു കടിച്ചു. അതിനു മുന്നിൽ അയാൾ കൈവിട്ടു. പിന്നെ അധികം ചിന്തിച്ചില്ല. വാതിൽപ്പടികൾ കടന്ന് അതിവേഗത്തിലവൾ ഓടി.

ക്രൂരനായ സ്വാമി അച്ഛനേയും മകളേയും ജോലിയിൽനിന്നും പുറത്താക്കി. നിരാശ്രയരായ അവർ അടുത്തുള്ള ഒരു കുന്നിൻ ചരിവിലേക്ക് താമസം മാറ്റി. ദിവസങ്ങളും മാസങ്ങളും കടന്നുപോയി.

സ്വാമിയുടെ ചെവിയിൽ ഒരു പുതിയ വാർത്ത എത്തി. അടുത്ത കാലത്ത് തന്റെ ഫാക്ടറിയിലെത്തിയ ഒരു ജോലിക്കാരനുമായി വത്സ പ്രേമബന്ധത്തിലാണുപോലും! മാത്രവുമല്ല നിലാവുള്ള രാത്രികളിൽ അവർ സമീപത്തുള്ള 'നാട്ടുകാണി' പാറയുടെ മുകളിൽവച്ച് കണ്ടുമുട്ടാറുണ്ടുപോലും.

രാത്രിയുടെ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് പലതും പറഞ്ഞു വത്സയും, ബാബുവും പൊട്ടിച്ചിരിക്കുന്നു. സ്വാമി പതുക്കെ പതുക്കെ കുന്നിന്റെ മുകളിലെത്തി. അയാളുടെ വലതു കയ്യിൽ ഒരു കൈത്തോക്കിരുന്ന് ഞെരിഞ്ഞമരുന്നു.

മന്ദം മന്ദം അയാൾ പാറയുടെ അരികിലെത്തി. അടക്കാനാവാത്ത അമർഷത്തോടെ അയാൾ അവരെ ഉറ്റുനോക്കി. ആ മുഖം കൂടുതൽ ഭീകരമായിരുന്നു.

ഠേ! ഠേ! രണ്ടു വെടി. പാറയുടെ മുകൾഭാഗത്ത് രണ്ടു ശവശരീരങ്ങൾ രക്തത്തിൽ മുങ്ങിക്കിടക്കുന്നു.

സംഭ്രമജനകമായ ഈ കഥ കേട്ട് ഞങ്ങൾ തരിച്ചിരുന്നുപോയി. അന്നു മുതൽ ഈ പാറപ്പുറത്ത് ആരും കയറാറില്ല. ചെകുത്താന്റെ ഇരിപ്പിടമാണ് ഈ പാറയെന്ന് നാട്ടുകാർ പറഞ്ഞു പരത്തി. ഇത്രയും പറഞ്ഞ വൃദ്ധന്റെ കണ്ണിൽ നിന്നും രണ്ടു തുള്ളി കണ്ണുനീർ അടർന്നുവീഴുന്നതു ഞാൻ കണ്ടു. പരസ്പരമൊന്നുമൊന്നും പറയാതെ ഞങ്ങൾ ആ കുന്നിൽനിന്നും ഇറങ്ങിപ്പോന്നു.

# പരാജിത

രവി കററിക്കാട്ട് (Old Student)

സായാഹ്നം.

വെയിൽ ആറി ഇടങ്ങിയിരിക്കുന്നു. മേഘ കീറുകളുടെ ഇടയിലൂടെ ഇരുട്ട് പരക്കുന്നു.

അപ്പ്സ്റ്റെയറിൽ, സിമിൻറു തിണ്ണയിൽ ചുമരും ചാരി ഇരുന്നു. കളി കഴിഞ്ഞ് മുടി ചീകി ഒതുക്കാൻപോലും കഴിഞ്ഞതില്ല.

ജനൽ പാളികളുടെ ഇടയിലൂടെ അകത്തേക്കു നോക്കി. ല്യൂസി സാരികളും പുസ്തകങ്ങളും മടക്കി പെട്ടിക്കകത്തുവെയ്ക്കുന്നു. അവൾ ഇന്നു പോകുകയാണ്. ഇനി മടങ്ങി വരില്ല.

ചുമരിനരികിൽ ചേർത്തിട്ടിരിക്കുന്ന ഒരു കട്ടിലും ഒരു മേശയും അര മണിക്കൂറിനകം ശൂന്യമായിത്തീരും.

വിദൂരതയിൽ ചായക്കൂട്ട നിർമ്മിക്കുന്ന ഇരുട്ടിലേക്ക് നോക്കി ഇരുന്നു. താഴെ നിരത്തിൽ നിയോൺ വിളക്ക് തെളിഞ്ഞു കഴിഞ്ഞു. റോഡിൻെറ ഇരുവശത്തും നിൽക്കുന്ന കാററാടി മരങ്ങളുടെ ഇടയിലൂടെ വൈകുന്നേരം നടക്കാനിറങ്ങുന്ന മനുഷ്യർ നടന്നകലുന്നതു നോക്കി നിന്നു.

"വിജയം..."

വിളികേട്ടപ്പോൾ തിരിഞ്ഞുനോക്കി. ല്യൂസി കൈകൾ കാട്ടി വിളിക്കുന്നു.

എഴുന്നേററു ചെന്നു. അകത്തു കടന്നില്ല. ജനൽക്കമ്പികളിൽ മുഖം അമർത്തി അകത്തേക്കു നോക്കിനിന്നു. പറയാൻ വാക്കുകളില്ല. തൊണ്ടയിൽ എന്തോ കുരുങ്ങുകയാണ്. മനസ്സിൽ ഉണങ്ങിയ മരങ്ങൾ കട പുഴങ്ങി വീഴുന്നു.

തുറന്നു വച്ച ബാഗിനരികെ ചമ്രം പടഞ്ഞിരുന്ന്, സാരികൾ കുത്തി അമർത്തി വയ്ക്കുന്ന ല്യൂസി എന്നു പേരുള്ള കൂട്ടുകാരി നഷ്ടപ്പെടുന്നു.

"വിജയം, എന്നെ ഒന്നു സഹായിക്ക്."

ഉത്തരം പറയാതെ വെറുതെ മുഖത്തേക്ക് നോക്കി നിന്നു. അധികം അങ്ങനെ നോക്കി നിൽക്കാൻ കഴിയില്ല.

"തല വേദനിക്കുന്നു; ല്യൂസി—കുറച്ചു കാററു കൊള്ളട്ടെ"

മനസ്സു പറഞ്ഞു: കള്ളം, പച്ച കള്ളം.

അവൾ നിർബ്ബന്ധിച്ചില്ല.

തിരിഞ്ഞു നടന്നു—

അവൾക്ക് തന്നെ കുറിച്ച് കൂടുതലായി അറിയാം. ഒന്നോ രണ്ടോ കൊല്ലത്തെ പരിചയമല്ല. അഞ്ചു വർഷം. ഒരേ ഹോസ്റ്റലിൽ, ഒരേ മുറിയിൽ താമസിച്ച് ഒരേ ക്ലാസ്സിൽ...ഒരുമിച്ചാണ് പോകുന്നതും തിരിച്ചു വരുന്നതും. ഹോസ്റ്റലിൽനിന്ന് നേരെ ഇറങ്ങുന്നതു ചെമ്മൺ നിറഞ്ഞ, വീതി കുറഞ്ഞ നിരത്തിലേക്കാണ്. നിരത്തു ചെന്നു ചേരുന്നത്, ടാറിട്ട റോഡിൽ. റോഡ് മുറിച്ച് നേരെ ചെല്ലുന്നത് കോളേജിലേക്കാണ്. വഴിയിൽ വാതോരാതെ അവൾ സംസാരിക്കും. എല്ലാം മൂളികേൾക്കാൻ മാത്രമേ തനിക്കു കഴിഞ്ഞുള്ളൂ. സ്വന്തമായ അഭിപ്രായങ്ങൾ ഇല്ലാത്തവളാണ് താൻ. ആത്മവിശ്വാസം തീരെ ഇല്ല.

ല്യൂസിമാത്രം തനിക്കാത്മവിശ്വാസം തരുന്നു. കഥകൾ പറഞ്ഞും ബോട്ടണി റെക്കാർഡ് വരയ്ക്കാൻ സഹായിച്ചും സമയം കളയുന്നു.

അവൾ നഷ്ടപ്പെടുന്നു.

ഇന്ന് ഈ ഹോസ്റ്റലിൽനിന്ന് രാത്രി എട്ടിനുള്ള കോട്ടയം ഫാസ്റ്റിന് ഒരു പെൺകുട്ടി പോകുന്നു—തൻെറ പ്രിയപ്പെട്ട റൂം മെയിററ് ല്യൂസി. താഴെ വിസിറ്റേഴ്സ് റൂമിൽ, അവളുടെ സഹോദരൻ കാത്തിരിക്കുന്നു. സന്ധ്യക്കു മുമ്പ് എത്തിയതാണയാൾ.

TENNIS (District Winners in Doubles & Singles)

*Sitting* Dr. A. K. Baby (President), Prof. C. T. Benjamin (Principal), George Mammen (Captain', Miss. Anna Thomas (Lecturer in Physical Education)

*Standing* Ramaswami, Mr. C. G. Varghese (Lecturer in Physical Education), P. J. Eapen

TENNIS CLUB (1967—'68)

*Sitting (L. to R.)* M/s. C. G. Varghese (Lecturer in Physical education), Dr. A. K. Baby (President), C. T. Benjamin (Principal), George mammen (Secretary), Ramaswamy

*Standing (1st row)* M/s. John Chandy, P. M. Yusuf, Babu Mathew George, Mathew Varghese, Sankara Narayanan, K. P. Sreekumar, Mathew P. Koshy, Thomas K. Abraham, Mohammed

*Standing (2nd row)* M/s. Mathew Kurian, Philip Oommen, Ninan Zachariah, B. Somnath, Prasad Punnoose, P. J. Eapen, Oommen Chacko

*Absentees* :—M/s T. J. Jacob, Sagar Thomas, Sam Varghese Ninan M. George and Koshy Kuruvilla.

TENNIS (DISTRICT WINNERS IN DOUBLES & SINGLES)



TENNIS CLUB 1967—68



HOCKEY TEAM



WOMEN'S HOCKEY TEAM 1967—68



## HOCKEY TEAM

*Sitting (L. to R)* Sri. T. C. Abraham M. Sc (President), T. L. Kuriakose, Prof. C. T. Benjamin M. A., M. R. E. (Principal), Ninan Zachariah (Captain), Sri. C. G. Verghese B. Sc. M. P. E. (Lecturer in Physical Education)

*Standing (1st row)* Chacko Isaac, Oomman Chacko, B. Somananth, George Verghese, B. T. Joy, Saidu V. A.

*Standing (2nd row)* Mohammad (games boy), James Thomas, Mathew P. Koshy, Iype Mathew, Anil Chandy Ittyerah, A. A. Poulose, Thampi Thomas

## WOMEN HOCKEY TEAM

*Sitting* M. C. Mariamma, Mr. C. G. Varghese (Lecturer in physical education), Prof. C. T. Benjamin (Principal), Molly Chacko (Captain), Anna Thomas (Lecturer in Physical education)

*Standing (1st row)* Mammad (games boy), Anila Chacko, Elizabeth Thomas, Susan Esow, Susan Mathew

*Standing (2nd row)* Suguna Varghese, Cicy Babu, Shyla Mathai, Annamma Chacko, Alice Koshy

വരുന്ന തിങ്കളാഴ്ച കൈകൾ നിറയെ കടലാസ്സു പൂക്കളും. പട്ടുവസ്ത്രങ്ങളും അണിഞ്ഞു് വിശുദ്ധയായി ആൾത്താരയ്ക്കു മുമ്പിൽ മണവാളനൊത്തു അവൾ മുട്ടുകുത്തുന്നുണ്ടാകും— അവൾ വിവാഹിതയാകുന്നു.

അവൾ വരാന്തയിൽ നടന്നു. എന്തിനാണീ അസ്വാസ്ഥ്യം. കൂട്ടുകാരി പിരിയുന്നതുകൊണ്ടോ? ആ ബന്ധം വളരെ ദൃഢമുള്ളതായിരുന്നു. മറക്കാൻ അത്ര എളുപ്പമല്ല. നീലചട്ടയുള്ള തന്റെ ഓട്ടോഗ്രാഫിൽ ആരോ എഴുതിയതു് ഓർമ്മ വന്നു: "സൗഹൃദയ ബന്ധങ്ങൾ......ജീവിതത്തിന്റെ നിഴലുകളാണു്"" തന്റെ ജീവിതവുമായി ലൂസി ഇണങ്ങി ചേർന്നിരിക്കുന്നു. അവളുടെ സംസാരം കേൾക്കാൻ വളരെ രസമാണു്. ഉച്ചയ്ക്കു് ഊണു കഴിഞ്ഞു് ലൂസി തന്നെ "ബയോളജി" ബ്ലോക്കിന്റെ മുകളിലേക്കു് വിളിച്ചു കൊണ്ടു പോകും.

കണ്ണാടി ജാലകങ്ങൾ തുറന്നിട്ടാൽ, ആകാശത്തിന്റെ നഗ്നമാറിൽ പോറലേല്പിച്ചുകൊണ്ടു് കറുത്ത കൽക്കുരിശു ശിരസ്സിൽ വഹിച്ചു നില്ക്കുന്ന സെമിനാരി തെളിഞ്ഞു കാണാം. അതിനപ്പുറം നീലക്കുന്നുകൾ. കുന്നിൻ ചെരുവുകളിൽ ഫാക്ടറികളുടെ ചിമ്മിനിയിൽകൂടി വരുന്ന കനത്ത പുക വന്നു മൂടും. മൂടി കെട്ടി നിൽക്കുന്ന ആ അന്തരീക്ഷത്തിലേയ്ക്കു് നോക്കിയിരിക്കും. കഥകളും ഭാവി പരിപാടികളും പറഞ്ഞു തീർക്കും. എന്തെല്ലാം പറഞ്ഞിരിക്കുന്നു?

അവൾ മനഃപൂർവ്വം കഴിഞ്ഞതെല്ലാം മറക്കാനായി അഭിനയിക്കുന്നു. മുഖാവരണം എനിക്കു വേണമെങ്കിൽ മാററാൻ കഴിയും— അപ്പോൾ കാണാം.

എം. എ. ക്കാരനായ, അമ്മായിയുടെ മകൻ സൈമണെ കുറിച്ചു് അവൾ പറഞ്ഞിട്ടുണ്ടു്. കവിതയും സാഹിത്യവുമായി നടന്ന അയാളുടെ ഫോട്ടോ പുസ്തകത്തിന്റെ ഉള്ളിലുണ്ടു്. അയാളെ മനഃപൂർവ്വം വെറുക്കാൻ ഇത്ര പെട്ടെന്നു് അവൾക്കെങ്ങനെ കഴിഞ്ഞു? ക്ലാസ്സിൽ "ഒഥല്ലോ"യിലെ ഡെസ്ററിമോണയോടു് അവളെ അയാൾ ഉപമിച്ചു കാണും—

അവൾ വീണ്ടും തിണ്ണയിൽ വന്നിരുന്നു. നിഴലും വെളിച്ചവും കെട്ടി പുണർന്നു കിടക്കുന്ന മുററത്തേക്കു് നോക്കിയിരുന്നു. കോമൺ റൂമിൽനിന്നു് ചിരിയും വർത്തമാനവും കേൾക്കാം.

ലൂസി പോകുന്നതിൽ ദുഃഖിക്കുന്നതു താൻ മാത്രമാണു്. ഇതിൽ ദുഃഖിക്കാൻ എന്തിരിക്കുന്നു? ഒരു സഹജീവി രക്ഷപെടുന്നതിലുള്ള അസൂയയാണോ? ഒന്നും തീർത്തു പറയാൻ വയ്യ. ഇവിടം വെറുത്തു. എല്ലാം വെറുക്കുന്നു. ഈ ജീവിതം വയ്യ.

—മനസ്സിൽ ശൂന്യത നിറഞ്ഞു നിൽക്കുന്നു.

തന്റെ ജീവിതത്തെ കുറിച്ചു് ചില കണക്കു കൂട്ടലുകൾ നടത്തിയിട്ടുണ്ടു്.

ഒരു ബോട്ടണി ബി. എസ്സ്‌സി-യുമായി പുറത്തു കടന്നാൽ ലഭിക്കാവുന്ന സൗഭാഗ്യങ്ങൾ ഞാൻ നിശ്ചയിച്ചു കഴിഞ്ഞിട്ടുണ്ടു്.

ഡസ്ററും ചോക്കുപൊടിയും പരീക്ഷാപേപ്പറുകളും. സ്വന്തം ശബ്ദത്തിന്റെ ചിലമ്പിച്ച പ്രതിദ്ധ്വനി. ഒരേ...മുഖങ്ങൾ... ഒരേ ശബ്ദങ്ങൾ... ആ ജീവിതം ആകർഷണമായി തോന്നിയിട്ടില്ല. അർത്ഥമില്ലാത്ത ചിന്തകൾ—

എഴുന്നേററു. അവൾ വാതിൽക്കൽ വന്നു ചോദിച്ചു.

"പുറപ്പെടാറായില്ലേ?"

സാരി മാറുന്നതിനിടയിൽ ലൂസി പറഞ്ഞു: "ഉം"..."

കണ്ണാടിയുടെ മുമ്പിൽ പ്രസരിപ്പോടെ അവൾ പൗഡറിടുന്നതും നോക്കി നിന്നു.

പാവമാണു്, വിവേകമുള്ളവളാണു്. രഹസ്യങ്ങൾ ഒന്നുംതന്നെ അവൾക്കു ഒളിച്ചു വെക്കാനില്ല. സ്വഭാവം പെൺകുട്ടിയുടെതു തന്നെ: പെട്ടെന്നു കരയും, പെട്ടെന്നു ചിരിക്കും.

സൂട്ട്കേസ്സ് ഇറുകി പിടിച്ചു് ലൂസി തോളിൽ പിടിച്ചു പറഞ്ഞു.

"വാ, നമുക്കു് വല്ലതും കഴിക്കാം"

ഡൈനിംഗ് ടേബിളിന്റെ മുമ്പിൽ ഇരുന്ന് ചായ കുടിച്ചപ്പോൾ മുഖത്തു നോക്കിയില്ല. ജനലിൽക്കൂടി പുറത്തേക്കു നോക്കി. ലൂസി, ഈ സ്നേഹം എന്നെ വേദനപ്പെടുത്തുന്നു. പരാജയപ്പെടുത്തുന്നു. സ്നേഹത്തിന്റെ പട്ടുനൂലിഴകൾ പൊട്ടിക്കാൻ എന്റെ ശക്തികൾ ചോർന്നുപോകുന്നു—

സ്നേഹത്തിന്റെ ഒരു കൊച്ചു ദ്വീപ് അലിഞ്ഞലിഞ്ഞ് ഇല്ലാതാകുന്നു—

ചുറ്റും തമാശകളും പൊട്ടിച്ചിരികളും ഉയരുന്നു. ലൂസിയെ കളിയാക്കുന്നതിനാണ് ഇപ്പോൾ മറ്റുള്ളവർക്കാനന്ദം.

തനിക്കോ?

എഴുന്നേറ്റു കൈകഴുകി, ചുമരിൽ ഇല്ലാത്ത ഒരു ബിന്ദുവിലേക്ക് നോക്കി നിന്നു. കഴുത്തിൽ മെല്ലെ ഒരു കൈപ്പത്തി അമർന്നു. വളകളുടെ കിലുക്കം.

തിരിഞ്ഞുനോക്കി.

"വാ ..സമയമായി"

കോണിപ്പടികൾ ഇറങ്ങി. ലൂസി എന്തൊക്കെയോ പറയുന്നു. ഒന്നിലും ശ്രദ്ധ പതിയുന്നില്ല. സ്വയം ആലോചിച്ചു: ഈ ദുഃഖം അനാവശ്യമാണ്.

ലൂസി, എല്ലാവരോടുമായി യാത്ര പറയുന്നു. തന്നോട് ഇനി ഒന്നും പറയുവാനില്ല. ഒരു മാസം മുമ്പ് തുടങ്ങിയതാണ്, ഈ യാത്ര പറച്ചിൽ.

—എല്ലാം വേദനയോടെ നോക്കിനിന്നു.

"വിജയം "

തൊട്ടു മുമ്പിൽ കലങ്ങിയ കണ്ണുകളോടെ ലൂസി നിൽക്കുന്നു. മുഖത്തു ഭാവവ്യത്യാസമുണ്ടോ? കരയുവാനുള്ള ഭാവമാണോ?

"വിജയം ..."

"ഉം ..."

"ഞാൻ ചെന്നിട്ട് കത്തയക്കാം—വിശേഷങ്ങൾ എല്ലാം എഴുതണം—"

"അറിയിക്കാം"

ഇനി എന്താണ് പറയേണ്ടത്. ഒരല്പം ചിരിക്കുവാൻ പാടുപെട്ടു.

"ഇനി യാത്രയില്ല—ഇറങ്ങട്ടെ"

ലൂസി സാരിത്തലപ്പുകൊണ്ട് കണ്ണു തുടയ്ക്കുന്നതു കണ്ടു. സഹിച്ചില്ല. മണൽ വിരിച്ച നടപ്പാതയിലൂടെ ലൂസി സഹോദരന്റെ പുറകെ തോളിൽ എയർബാഗും തൂക്കി നടന്നു നീങ്ങി. ഗെയിറ്റു കടന്നപ്പോൾ അവൾ ഒന്നു തിരിഞ്ഞു നോക്കി.

ഒരു നിമിഷം.

ഉറക്കെ നിലവിളിക്കണമെന്നു തോന്നി. കമഴ്ന്നടിച്ചു കട്ടിലിൽ വീണു. കരച്ചിൽ നിയന്ത്രിക്കാൻ ശ്രമിക്കുമ്പോൾ, അടുത്ത മുറികളിൽനിന്ന് പൊട്ടിച്ചിരികൾ മുഴങ്ങി കേട്ടു.

Rs 30/-

*With the Best Compliments of*

**Bombay Hardware And Stationery Stores**

ALWAYE

Also Dealers in,

Automobile Parts and Cycles

# PAI & COMPANY

ERNAKULAM

*THE BEST BOOK-SHOP*

*IN*

*THE SOUTH*

BRANCH: TRIVANDRUM

# THE TRUTH about THE LYE!

We produce

**CAUSTIC SODA**

As Lye, Solid And
Flakes

**100** TONNES A DAY

**And to tell the whole truth**

We also produce

SODIUM HYDROSULPHITE,
HYDROCHLORIC ACID
BLEACH LIQUOR

*Postscript* And now

**IRON FREE**

**SODIUM SULPHIDE**

*Sir, Caustically Yours,*

**The Travancore-Cochin Chemicals Ltd.**

Registered Office & Works—ELOOR
**UDYOGAMANDAL P. O., (Kerala State).**

# छोटी भिखारिन

*V. Gopinatha Pai   B. Sc. I Chemistry*

हाथ फेर कर आयी
एक छोटी लड़की ओर मेरी।
हाथ में था उसके अपना छोटा भाई
भिखारिन थी, तो भी बहुत प्यारी।

माँगने लगी वह भीख मुझसे
आँखों में थे अश्रुगण भरे।
कहने लगी वह आशा से
बाबू एक पैसा, जिससे भाई पेट भरे।

दो दिन गुजर गये कुछ खाये
उतने ही दिन बिताये बिना सोये।
दया दिखाओ, भैय्या, हम से
धन्य होंगे आप तन-मन-धन से।

दिल पर छाया दया का बादल
ठंडा होकर नयनों से पानी बरसाया।
दुःख से हो गया मैं पागल
देकर उन्हें सहारा, मनको अपने समझाया।

हे, भगवान ! तू दीनबन्धु, सुना मैं ने
मगर दुःखियों पर न दया दिखाता।
बड़े लोगों की सहाय होने
में अपनी होशियारी दिखाता।

# अनुवाद कला

*V. S. Vijaya Mohanan*

अनुवाद कला पर अपना विचार प्रकट करते हुए हिन्दी के प्रसिद्ध साहित्यकार श्री जैनेन्द्र कुमार। इसप्रकार लिखते हैं। "अनुवाद का मतलब है बात को एक से दूसरी भाषा में उतारकर कहना। आवश्यक है कि वह बात दूसरी भाषावाले के पास पहुँच जाए। बात का भाव सही-सही पहुँचे और बीच में कहीं वह अपना प्रभाव भी न खोये। जिस मात्रा में यह परिणाम आता हो, उसी मात्रा में अनुवाद सफल कहा जा सकता है।"

आजकल जबकि विभिन्न देशों की अनेकानेक भाषाओं के बीच गहरे संबन्ध की माँग होती जा रही है, अनुवाद कार्य की महत्ता बहुत अधिक बढ़ गयी है। लेकिन सृजनात्मक साहित्य के अन्तर्गत इसको भी एक महत्वपूर्ण स्थान प्रदान करना चाहिए कि नहीं, इस विषय पर मतभेद प्रकट किया गया है। अनुवादक केवल अनुकर्ता है, नकल करनेवाला है, अतः सृजनात्मक साहित्य जिस बौद्धिक व्यापार से उत्पन्न होता है उसकी अपेक्षा अनुवादक को नहीं है, इस मत को प्रकट करनेवाले लोग 'कार्डिनल', 'न्यूमान' और 'जानसन्' के इस परामर्श पर बल देते हैं कि आप रचना को सुधारने या मूलग्रन्थकार से आगे बढ़ने का प्रयास न करें, क्योंकि इसप्रकार आप केवल अनुवाद को ही सुधार सकते हैं, मूलरचना वैसी की वैसी रहेगी।

शब्दकोश का सहारा लेकर न समानार्थक शब्दों को ढूँढ निकालकर अनुवाद करना 'शब्दानुवाद की अपनी रीती है। एक हद तक उसकी ज़रूर महत्ता है। विविध विज्ञान, इतिहास, राजनीति, अर्थशास्त्र आदि से संबन्धित तथ्यात्मक साहित्य के अनुवाद में शब्दानुवाद की रीति यथेष्ट है। वहाँ आशय प्रायः मूर्त या स्पष्ट होते हैं। लेकिन काव्य, नाटक, उपन्यास तथा अन्य सृजनात्मक गद्यविधाओं के आशय अमूर्त या सूक्ष्म होते हैं। ऐसे भावात्मक साहित्य के अनुवाद में जब यह रीति पूर्णरूप से अभीष्ट व्यक्ति नहीं कर सकती है या जब इस रीति के सहारे अनुवादक मूल की आत्मा को अपनी भाषा में हू-ब-हू उतार नहीं सकता तब अनुवाद के ऐसे भी कुछ पहलुओं पर हमें विचार करना पडता है जिनसे अनुवाद कार्य की सृजनशीलता पूर्ण रूप से सिद्ध होती है।

सृजनात्मक प्रतिभा की सार्वकालिक, सार्वदेशिक या सर्वसम्मत परिभाषा प्रायः असंभाव है। जहाँ पूर्वी आचार्य प्रतिभा को 'अपूर्ववस्तुनिर्माणक्षमा' और नियतिकृत-नियम रहिता' मानते हैं वहाँ पश्चिमी सौंदर्यशास्त्री उसे 'परमात्मा के प्रश्वास' से लेकर 'नब्बे प्रतिशत केवल स्वेद या परिश्रम' तक मानते हैं। संवेदनशील व सृजनशील लेखक के हृदय में जीवन के निगूढ तत्व ऐसी कुछ अनुभूतियों को पैदा करते हैं

जिन्हें अभिव्यक्त किए विना वह रह नहीं सकता है। भावाभिव्यक्ति के प्रयास में कभी-कभी उसे ऐसा लगता है कि अपनी अनुभूतियों को पूर्णरूप से व्यक्त करने में भाषा के शब्द अपर्याप्त हैं। हमेशा अपूर्णता की एक भावना उसके अचेतन में दबी रहती है। मूल की रचना-प्रक्रिया में ही जब यह अपूर्णता रहती है तब उसके अनुवाद के बारे में कहना ही क्या? अनुवाद के प्रति कई लेखकों का अस्वस्थ दृष्टिकोण शायद इस बात का परिचायक है। जे. लुइस मे (J. Lewis May) के अनुसार अनुवाद नामक कोई वस्तु ही नहीं है। (There is no such thing as Translation) ग्रेन्ट शोवरमान (Grant Showerman) के अनुसार अनुवाद पाप है। (Translation is sin) एक इतालवी कहावत के अनुसार अनुवादक धोखेबाज़ होते हैं। (Translators are traitors.) आन्द्री थेरिव (Andre Therive) का कहना है कि अधिकांश छपे गए अनुवाद पाठकों पर यह प्रभाव डालते हैं कि विदेशी लोग सोच भी नहीं सकते, बोल भी नहीं सकते (Most published translations give the impression that foreigners can neither think nor speak.) लेकिन अचरज की बात है कि जिन सृजनशील लेखकों ने अनुवाद के बारे में अपना-अपना अस्वस्थ दृष्टिकोण व्यक्त किया है, उन्होंने स्वयं इस क्षेत्र में बहुत अधिक कार्य किया है।

इस कठिन काम को निभाने केलिए अनुवादक को चाहिए कि वह पहले मूल रचयिता की भावना + कल्पना + अभिव्यंजना से भली भाँति परिचित हो जाय। इस समय उसके मन में दूसरे के भावों की प्रतिक्रियास्वरूप जो भाव उत्पन्न होते हैं, उन्हीं भावों का उसको अनुवाद करना चाहिए। किसी दूसरे की कला पर वह अपने व्यक्तित्व की प्रतिछाया देखता है और अनुवाद करने की एक आन्तरिक प्रेरणा अपने आप उसके मन में जाग उठती है। एक ऐसे सृजनात्मक फोटोग्राफर के समान उसको काम करना चाहिए जो प्रकाशमय भागों और छाया को कुशलता से नियंत्रित कर व अपने संकेन्द्र का अन्तर्विस्तार निर्धारित कर दर्शकों पर उचित प्रभाव डाल सकता है। यह एक ऐसा कठिन कार्य है जो काफी अधिक मात्रा में सृजनात्मक कुशलता चाहता है। इसलिए सृजनात्मक साहित्य के अन्तर्गत अनुवाद को भी एक महत्वपूर्ण स्थान दिया जा सकता है।

शेक्सपियर के कई ग्रंथ हिन्दी में अनूदित हुए हैं। सफल अनुवाद के उदाहरणस्वरूप 'मैकबेथ' (Macbeth) की कुछ पंक्तियों के दो अनुवाद नीचे दिए जाते हैं।

Awake, Awake !
Ring the alarum bell, Murder and treason !
Banquo and Donalbain, Malcolm ! awake !
Shake off this downy sleep, Death's counter-feit,
And look on Death itself. Up, up and see
The great doom's image ! Malcolm ! Banquo !
As from your graves rise up and walk like sprites
To countenence this horror ! Ring the bell.

(Act 2, Sc 3)

लाला सीताराम का भाषानुवाद:

उठो उठो, घंटा बजा दो, खून हो गया। बैंको, डोनलबने मैलकम ! उठो, जागो। यह नींद तुम्हें मुरदा सा बनाए हुए हैं। आँख खोलो और मौत का सच्चा रूप देखो। उठो उठो देखो काल का स्वरूप यही है। मैलकम, बैंको, मानो अपनी अपनी कब्रों से उठो और इस भयानक दृश्य के देखने को तुम भी प्रेत बन जाओ घण्टा बजा दो।

(१६२३ में अनूदित, पृष्ठ सं. ३६)

डा. बच्चन का पद्यानुवाद:

खतरे का घण्टा दो ! हत्या औ गद्दारी !
बैंको, डोनलबेन ! मैलकम ! जागो, जागो !
सुख की निद्रा त्यागो, जो है मौत की नकल,
असल मौत को देखो ! देखो, उठो कयामत
की सूरत को। जागो, जागो ! मैलकम ! बैंको !
बिस्तर की कब्रों से निकलो औ प्रेतों की
भान्ति चलो यह काण्ड देखने ! घण्टा पीटो !

(१६५५—५६ में अनूदित, पृष्ठ सं. ४५)

## FOOT BALL TEAM

*Sitting Front (L. to R.)* Koshy Alexander, Mathew Verghese

*Sitting (Chair)* Sri. A. K. Abdul Kareem M. A. (President), Sri. C. G. Verghese B. Sc. M. P. E. (Lecturer in Physical Education), Prof C. T. Benjamin M. A., M. R. E. (Principal), T. L. Kuriakose (Captain), George Mathew

*Standing* T. J. Jacob, A. J. Mathai, Jacob C. Job, Antony Tharakan, Iype Mathew, Mathew Abraham, Mohammad Ali

## WOMEN VOLLEY BALL TEAM

(Winners of the District Inter-Collegiate Tournament)

*Floor (L. to R.)* Miss. Elizabeth M. John, Miss. K. C. Susamma

*Sitting* Mr. C. G. Varghese (Lecturer in Physical Education), Prof. C. T. Benjamin (Principal), Miss. Roshni John (Captain)

*Standing* Aleyamma John, Sumu Chacko, Balamani, Rachel Mathew

FOOT BALL TEAM



WOMEN'S VOLLEY BALL TEAM
(Winners of the District Inter Collegiate Tournament)





Officers and Cadets of the N. C. C.
with Maj. Ramanujam and
*Principal* C. T. Benjamin



BASKET BALL TEAM



On the Track

BASKET BALL TEAM

*Standing (L. to R.)* Kuruvilla A. C., Alexander M. P., George Mammen, Mathew Abraham, Jacob Job C. Sagar Thomas & Mohammed

*Sitting (1st row)* Sunny Mammen Abraham & Cherian Varghese (Captain)

*Sitting (2nd row)* Miss Anna Thomas B. A. D. P. E., Kunjibrahim N. M. Prof. C. T. Benjamin M. A. M. R. E. (Principal), Dr. A. M. Chacko M. Sc. Ph. D. (President), Mr. C. G. Varghese B. Sc. M. P. S. (Lecturer in Physical Education)

# जमात या वर्ग-व्यवहार (Group Beh-viour)

*N. Seetha Sr: P. D. C. I A*

जब एक व्यक्ति अकेला रहता है तब उसकी जो प्रकृति है उससे बहुत भिन्न और एक प्रकृति वह एक दल या समूह में चलकर दिखाता है। अर्थात् वह समूहों में चलकर जो कुछ दिखाता है उसकेलिए वह पूर्णरूप से उत्तरदायी नहीं कहा जा सकता। अपने व्यवहारों के संबन्ध में उस समय उसे कुछ भी ज्ञात नहीं है। इसके सभी व्यवहारों के पीछे और एक शक्ति काम करती है।

एक उदाहरण लीजिये कल्पना कीजिये कि किसी गाँव में लोग एक चोर के भय से पीडित रहे हैं। पुलीस और गाँववाले दोनों की भरसक खोज करने पर भी उसको पकडने में विफलता ही हाथ लगी। ऐसी कि यति में एक दिन वह चोर लोगों की फँदे में आ पडा और पकडा गया तो उस जीवन की क्या स्थिति होगी इसका अनुमान हम कर सकते हैं।

ठीक इसी प्रकार का व्यवहार ही हम स्कूलों और कोलेजों में विद्यार्थियों के बीच देख सकते हैं। जब कोई छात्र पहली बार कोलेज में अध्ययन करने केलिए आता है तो वह अकेला है, अन्य विद्यार्थियों से वह परिचित नहीं है। इसलिये वह क्लास में शोरगुल या हलचल नहीं मचाता। लेकिन एक दो दिन के बाद क्लास के सभी विद्यार्थी अपने को एक ही दल के मानने लगते हैं। वे एक साथ सुनने लगते हैं सोचने लगते हैं और करने लगते हैं। और हम देख सकते है जब विद्यार्थी एक साथ रहते हैं तब उनका व्यवहार एक प्रकार का होता है और अलग अलग रहने पर और एक प्रकार का। उदाहरण केलिये जब क्लास में एक नया अध्यापक आते हैं तो सभी विद्यार्थी उनका स्वागत करने केलिये उत्सुक रहते हैं। लेकिन उस अध्यापक के आते ही जब वे हाजर लेने लगते हैं तो एक कोने से एक 'म्याऊँ' शब्द निकलता है, दूसरे कोने से और एक शब्द निकलता है और तीसरे कोने से और भी विचित्र प्रकार का एक शब्द। इसके अलावा इन सभी अनोखे शब्दों के पीछे उनके स्वागत के रूप में सारे विद्यार्थियों का हँसना चिल्लाना भी होगा। सचमुच उस नये अध्यापक की हँसी उडाने का तनिक भी विचार उनमें पहले नहीं था।

इसी अवसर पर एक महीने के पहले घटित सरकार की ओर की विद्यार्थियों की हलचल (students agitation) की याद मुझे आती है। उस आंदोलन के समय एक दिन एक कोलेज के सारे विद्यार्थी पढाई छोडकर कोलेज के फाटक पर इकट्ठे हुये और चुपचाप सडक की ओर दृष्टि डालते खडे रहे। उनमें किसी भी प्रकार के अत्याचार करने की चिन्ता नहीं थी। उस समय पुलीस के एक गाडी सडक पर से गुजरी...कुछ भी नहीं हुआ। कुछ

देर के बाद और एक गाडी भी गुजरी। एकदम छात्रों में से किसी ने पुलीस की ओर एक पत्थर फेंका। तो दूसरी ने दूसरी ओर तीसरे...चौ थे...। इतने में पत्थरों की वर्षा हुई। तो क्या हुआ...एक ही क्षण पुलीस गाडी से उतरे और लाती मारने लगे। सारे विद्यार्थी अपनी पूरी शक्ति लगाकर इधर उधर दौड पडे।

गाडी में भी इस प्रकार का व्यवहार कण्डेक्टर (conductor) को सहना पडता है। गाडी में चढ़ने केलिये सारे विद्यार्थी जल्दबाजी करते हैं। उस समय यदि कण्डेक्टर कहे कि विद्यार्थिनियों के चढ़ने के बाद ही चढा करो या इसमें जगह नहीं है अगली गाडी में आओ तो कोई कह उठता हमने रुपया पहले देकर रिसर्व किया है और कोई कहता यह गाडी तो उसके बाप का नहीं है और एक व्यंग्य रूप से कहता 'अरे, उस बेचारे, कण्डेक्टरजी को वहां चुपचाप पडे रहने दो' आदी आदी कहकर वे किसी न किसी तरह अन्दर घुसने का प्रयास करते हैं और गाडी चलने लगती है तो बाकी लोग प्रवेश द्वार पर लटकते रहते हैं।

ऊपर के उदाहरणों से हम देख सकते हैं कि इकट्ठे होने पर विद्यार्थी दूसरों की हँसी उड़ाने उन्हें नीचा दिखाने अत्याचार और आन्दोलन करने — सभी केलिए प्रेरित होते हैं। उसमें वे एक प्रकार के आनन्द या वीरत्व का अनुभव करते हैं। इस प्रकार आजकल विद्यार्थियों के बीच में अनुशासन हीनता और अशांति बढ गयी है। इससे सदा समस्यायें ही समस्यायें जन्म लेती है। ये समस्यायें प्रिन्सिपाल और अध्यापकों के सिर दर्द के कारण बन जाती है।

ऐसे वर्ग व्यवहारों में कैसे सुधार ला सकता है? विद्यार्थियों की अवस्था उस पौधे के समान है जिसे प्रारंभ में किस ओर मोडना है मोड सकते हैं। किन्तु बडे हो जाने पर सम्पूर्ण शक्ति का व्यय कर देने पर भी उसमें कोई परिवर्तन नहीं ला सकते। एक विद्वान का कहना है 'Child is the father of the man' इसी तथ्य के अनुसार विद्यार्थी जीवन में ही मनुष्य के स्वभाव को मोडना है। उनमें नये नये विचार और गुणों को भराना है इस प्रकार उन्हें चरित्रवान बनाना है। हमारी शिक्षा पद्धति और स्कूल या कोलेज के वातावरण भी उसकेलिए अनुयोज्य हो। इसके अलावा विद्यार्थीजीवन में वे सदा अनुकरणशील रहते हैं। विशेषकर अध्यापकों महात्माओं और बडों के अनुकरण करने में वे सदा व्यग्र रहते हैं। इसलिए बडे बडे महात्माओं के भाषण सुनने का अवसर उन्हें मिल जाय तो उनका एक बडा प्रभाव विद्यार्थियों पर अवश्य पडेगा।

अंत में, घर से और विद्यालय से छात्रों को स्नेहपूर्ण, दयापूर्ण और सच्चा व्यवहार प्राप्त हो क्योंकि अनुकंपा सहानुभूति की रस्सी में हर एक हृदय आसानी से पिरोया जाता है। ऐसा दृष्टिकोण उन्हें चरित्रवान और नये नये गुणों से युक्त बनाते हैं। इसप्रकार जब वे स्वयं संस्कृत बनते हैं तब वर्ग व्यवहार में भी उसका अच्छा प्रभाव देख सकते हैं।

# यादें

कहानी

*S. Vasudevan Nampoori, Class I Physics*

समय प्रभात हो गया। तारा बिस्तर से उठी। उसको उन्मेष कुछ भी नहीं था। एक प्रकार की अनिर्वचनीय व्यथा उसके हृदय से संतोष को दूर खींच रही थी। तारा का शोभायमान वदन आज बहुत वेदनापूर्ण दीख पड़ा। तारा का सुन्दर मुख आज राहुग्रस्तेन्दु के समान बहुत प्रकाश हीन बन गया।

मेज़ पर अखबार पड़ा था। तारा ने उसको ले लिया। अचानक ही वह स्तंभित रह गयी। ओ...यह...यह कौन... यह लोलिता है न? उसकी यादें तीन चार वर्ष पीछे दौड़ गयीं। तारा का चेहरा अस्तमय भास्कर के समान लाल बन गया। वह चित्र तारा के हृदय की अगाधता तक डूब गया। एक बार भी उस चित्र की ओर देखना, वह नहीं चाहती थी। फिर भी एक प्रकार की अदृश्य शक्ति तारा को उस चित्र की ओर बार बार देखने की उत्तेजना दे रही थी। तारा ने एक बार भी उस चित्र की ओर देखा। लोलिता का चित्र बड़ी गंभीरता से अखबार में खींचा गया था। उसका मुख अगाध सागर के समान शांतमय था। उसकी दो प्रकाशमान आँखें तारा की ओर देख रही थीं मानों वे तारा के दर्शन केलिए बड़े उत्सुक हो। चित्र के नीचे यों लिखा था "लोलिता.... उसकी मृत्यु होकर आज एक वर्ष की पूर्ति होती है...संतत माता..."। तारा कुछ समय तक उसकी ओर ही देखती रही। वहन कुछ बोल या कर सकी। "टक, टक टक'... अश्रुबिन्दुओं की धारा उसे स्वप्न से जगाया।

'लोलिता'....एक दीर्घनिश्वास तारा के हृदय की अगाधता से बाहर आया। तारा के मन है लोलिता के प्रति जो जो स्मृतियाँ थीं वे सब एक सिनेमा भांती आने और जाने लगीं। "मैं जहाँ भी हूँ, हमेशा तुम्हारी याद मुझे शक्ति देगी। जब मैं मरूँगा तब तुम्हारी गोद में सिर लगाकर मरूँगा तारा को अपने भैया नरेन्द्र की ध्वनी कानों में गूँज उठना मालूम पड़ी। (ओ मेरे हतभाग्य भैया तुम्हारी आशा सफल न हुई) "जब तक मैं जीवित रहूँगी, तब तक तुम्हारी याद में ही रहूँगी वही आवाज़ लोलिता की थी।

"बचपन से ही नरेन्द्र और लोलिता बड़े मित्र थे। लोलिता मेरी पड़ोसिन थी बचपन से ही उनके बीच में घनिष्ट मित्रता थी। वे एक दूसरे से अलग नहीं रहना चाहते थे। एक साथ वे खेले, एक साथ ही रोए और एक साथ ही हँसे।

बाल्य का बालचापल्य यौवनावस्था में प्रेम के रूप में बदल गया। दोनों एक

दूसरे के प्रति बड़े श्रद्धालु बन गये। दोनों एक डाक्टर और लोलिता एक अध्यापिका बन गयी। मैं भी उसी कालेज में पढ रही थी जहाँ लोलिता पढाई किया करती थी

एक दिन लोलिता ने मुझसे पूछा "तेरा नरेन्द्र अब क्या कर रहा होगा"? मैंने झट ही उत्तर दिया" तुम्हारी याद में ही रहा होगा"। लोलित मुस्कुरायी। मैं ने उसकी हँसी उड़ायी।

एक बार में घर बैठकर किसी किताब पढ रही थी। अचानक ही समीप के कमरे से मैं ने नरेन्द्र और लोलिता की मृदुल, लेकिन अव्यक्त शब्द सुना। उनके बातचीत से मुझे इतना मिल गया कि अपना भाई नरेन्द्र प्राक्टीस (Practice) करने केलिए कलकत्ता आनेवाला है। समाचार के पूर्णरूप मिलने केलिए मैंने दरवाज़ा खोला। ...... लेकिन झट ही मैं ने दरवाज़ा बंद किया कमरे के अन्दर से मैं ने अपने भैया नरेन्द्र की आवाज़ सुनी। "आह कौन है...... आइए आइए लोलिता। तुम कब यहाँ आयी। घर में सब केछ कुशल है न ? मैंने मनः में हँसा। कितना अच्छा भैया।

दूसरे दिन ही नरेन्द्र कलकत्ता जाने केलिए तैयार हो गया। मैं भी लोलिता के साथ रेलवेस्टेशन तक गयी। हम दोनों को नरेन्द्र को कलकत्ता भेजना कुछ भी पसंद नहीं था। फिर भी हमको उसे भेजना पड़ता था। "लोलिता" गाडी के खाना होते ही नरेन्द्र ने लोलिता को बुलाया और कहा "मैं जहाँ भी हूँ, तुम्हारी याद मुझे शक्ति देगी। जब मैं मरूँगा, तब तुम्हारी गोद में सिर लगाकर ही मरूँगा"। लोलिता की अच्छा भी वही थी केवल वही थी। उसने कहा "जब तक मैं जीवित रहूँगी, तब तक मैं तुम्हारी याद में ही रहूँगी"।

दो वर्ष बीत गये। नरेन्द्र कलकत्ता के एक प्रमुख डाक्टर बन गये। लोलिता के जीवन में भी कुछ परिवर्तन बन गये। वे घर के बहुत दूर के एक कालेज की अध्यापिका बन गयीं। मैं भी अपनी अध्यापिका के साथ गयी और वहाँ रहकर पढ़ने लगी।

अंत में, उनके विवाहनिश्चय किया गया नरेन्द्र और लोलिता बड़े खुश हुए। दोनों आनेवाले दिनों की चिंता में समय बिताने लगे। लेकिन नरेन्द्र को कलकत्ता में अधिक काम करना था। अतः उसने लोलिता को यों लिखा। "हमारी शादी के समाचार सुनाने में मैं बहुत खुश हूँ। लेकिन मुझे यहाँ बहुत काम करना है। इसलिए मैं केवल विवाह के अगले दिन ही घर आ सकता हूँ। मुझे माफ कीजिए।

लोलिता ने भी नरेन्द्र के समान एक निश्चय किया। उसने माँ को लिखा। "नरेन्द्र ने निश्चय किया है कि वह केवल विवाह के अगले दिन ही घर आ सकता है। अतः मैं ने भी यह निश्चय किया है कि मैं भी केवल विवाह के अगले दिन ही घर आ सकती हूँ। नरेन्द्र का निश्चय मेरा भी निश्चय है। मुझे माफ कीजिए"।

आखिर हम देनों कालेज से घर आ पहुँची। हमारा विश्वास था कि घर के

सब लोग हमारी प्रतीक्षा में होंगे। लेकिन घर में कोई नहीं था। एक विवाह का आर्भाट और आनंद मै वहाँ देख न सकी।

लोलिता के देखते ही माँ फूटफूटकर रोने लगी। "कल शादी है न ? मैं ने पूछा। इसे सुनते ही माँ ने अंदर गयी और एक कागज़ का टुकडा ले लिया। वह एक तार था। उसमें यों लिखा था डाक्टर नरेन्द्र एक खतरे में पडकर मर गये"। तार नगर के प्रमुख होस्पिट्टल से था। लोलिता की सांत्वना देने केलिए मैं ने पीछे देखा। लेकिन लोलिता वहाँ नहीं थी।

दूसरे दिन मैं ने सुना कि लोलिता को बुखार आ पडा है। सवेरे ही मैं वहाँ गयी। लोलिता ने मुझ से कहा "मैं जीवित रहना नहीं चाहती हूँ। मैं उसके साथ ही रहना चाहती हूँ। मैं कुछ न बोल सका। मैं अपने घर वापस आयी

दूसरे दिन मैं ने लोलिता के घर में एक भीड़ देखी। किसीने मुझसे कहा कि लोलिता की मृत्यु हो गयी है। मुझे मालूम था कि लोलिता को बचाने की शक्ति किसी के हाथ में नहीं है। अतः मैं ने न रोय न हँसा"।

आज उसकी मृत्यु होकर एक वर्ष की पूर्ति होती है। मैं ने एक बार भी उस चित्र की ओर देखा। क्या वह हँसती है या रोती है। ओ मेरी भाभी (वास्तव में वह मेरी भाभी न बन गयी थी) आपके लिए आपकी शिष्या तारा की दो गरम आँसू की बूँदे।

एक शीतल हवा मेरे आलिंगन करते हुए दौड गयी। शायद वह लोलिता की आत्मा होगी।

Licence No. 331 dated 15th October 1935.

Statement about ownership and other Particulars about newspaper
(THE UNION CHRISTIAN COLLEGE MAGAZINE)
to be published in the first issue every year after last day of February.

FORM IV
(See Rule (8)

| | |
|---|---|
| 1. Place of publication | Union Christian College, Alwaye, Kerala State |
| 2. Periodicity of publication | Once in a year—in March—April |
| 3. Printer's Name | Shri C. T. Benjamin |
| Nationality | Indian |
| Address | Union Christian College |
| 4. Publisher's Name | Shri C T. Benjamin |
| Nationality | Indian |
| Address | Union Christian College |
| 5. Editor's Name | Shri G. D. Gabriel |
| Nationality | Indian |
| Address | Union Christian College |
| 6. Names and addresses of individuals who own the newspaper and partners or shareholders holding more than one per cent of the total capital. | Shri C. T. Benjamin<br>Shri T. B. Thomas<br>Dr. V. K. Alexander |

I, C. T. Benjamin, hereby declare that the particulars given above are true to the best of my knowledge and belief.

Date 1-4-1968.

*(Sd.)*
C. T. Benjamin.

Printed and Published by C. T. BENJAMIN, M. A. at the C. M. S. Press, Kottayam.

Licence No. 331 dated 15th October 1935.

Statement about ownership and other Particulars about newspaper
(THE UNION CHRISTIAN COLLEGE MAGAZINE)
to be published in the first issue every year after last day of February.

FORM IV
(See Rule (8)

| | | |
|---|---|---|
| 1. | Place of publication | Union Christian College, Alwaye, Kerala State |
| 2. | Periodicity of publication | Once in a year—in March—April |
| 3. | Printer's Name | Shri C. T. Benjamin |
| | Nationality | Indian |
| | Address | Union Christian College |
| 4. | Publisher's Name | Shri C T. Benjamin |
| | Nationality | Indian |
| | Address | Union Christian College |
| 5. | Editor's Name | Shri G. D. Gabriel |
| | Nationality | Indian |
| | Address | Union Christian College |
| 6. | Names and addresses of individuals who own the newspaper and partners or shareholders holding more than one per cent of the total capital. | Shri C. T. Benjamin<br>Shri T. B. Thomas<br>Dr. V. K. Alexander |

I, C. T. Benjamin, hereby declare that the particulars given above are true to the best of my knowledge and belief.

Date 1-4-1968.

*(Sd.)*
C. T. Benjamin.

Printed and Published by C. T. BENJAMIN, M. A. at the C. M. S. Press, Kottayam.

*in the service of*

## Agriculture

**FACTAMFOS**

(Ammonium Phosphate 16:20)

**ULTRAFOS**

(Finely ground
mineral phosphate)

**AMMONIUM SULPHATE**

**SUPERPHOSPHATE**

**NPK FERTILISER MIXTURES**

•

*in the service of*

## Industry

**ANHYDROUS AMMONIA**

**SULPHURIC ACID**

**SULPHUR DIOXIDE**

**AMMONIUM CHLORIDE**

**FACT**

*First in the Field!*

**THE FERTILISERS AND CHEMICALS TRAVANCORE LIMITED**

Regd. Office: Eloor, Udyogamandal P. O. Kerala State

CRITERION-FT-59